VOL NO: 07 I ISSUE 30
www.nerpatham.com
mail@nerpatham.com
2023 JULY 29 I ₹10

# നേർപഥം

വാരിക

# ഭക്ഷ്യസുരക്ഷ; ഇസ്‌ലാമിക നിർദേശങ്ങൾ



വികസിത രാജ്യങ്ങളിലെ ജനങ്ങളുടെ പൊണ്ണത്തടി കുറയ്ക്കാനുപയോഗിക്കുന്ന പണവും വിലനിലവാരം പിടിച്ചുനിർത്താനായി കടലിൽതള്ളുന്ന ഭക്ഷ്യവസ്തുക്കളുമുണ്ടെങ്കിൽ ലോകത്തിന്റെ പട്ടിണി മാറ്റാമെന്ന തിരിച്ചറിവ് മനഃസാക്ഷിയുള്ളവരെ ഞെട്ടിപ്പിക്കുന്നതാണ്. മനുഷ്യരുടെ ആർത്തിയും അതിക്രമവും ഭക്ഷ്യവിതരണത്തിലെ അസന്തുലിതാവസ്ഥയുമാണ് പട്ടിണിയുടെ മൂലകാരണം. ഭക്ഷണം കിട്ടാതെ ദിനംപ്രതി ആളുകൾ മരിച്ചുകൊണ്ടിരിക്കുന്ന ആഫ്രിക്ക മാത്രം മതിയാവും ഇതിന്റെ ഗൗരവത്തെ ബോധ്യപ്പെടുത്താൻ!

## കറാമത്ത് വിവാദം: സമസ്തയിൽ സംഭവിക്കുന്നത്...?

|| ലേഖ്റാം പെഷാവരിയും മുബാഹലയും

|| ‘ഞാനൊരു നന്ദിയുള്ള അടിമയാകേണ്ടേ?’

|| ഏകീകൃത സിവിൽ കോഡ്; നേതാക്കൾ പക്വതയോടെ പ്രതികരിക്കണം




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

# 0340
# നേർപഥം
വാരിക

2023 ജൂലൈ 29
1444 മുഹ്‌റം 11
പുസ്തകം 07 / ലക്കം 30






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10



## ഭക്ഷ്യസുരക്ഷ: ഇസ്‌ലാമിക നിർദേശങ്ങൾ
ഡോ. ടി. കെ യൂസുഫ്

മുഖമൊഴി
സ്വന്തത്തോട് അക്രമം ചെയ്യുന്നവർ! 05

ക്വുർആൻ ദർശനം
23 സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
ലേഖ്റാം പെഷാവരിയും മുബാഹലയും
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ 06

വിമർശനം
26 കറാമത്ത് വിവാദം: സമസ്തയിൽ സംഭവിക്കുന്നത്...?
അബ്ദുൽ മാലിക് സലഫി

ആരോഗ്യപഥം
വിരശല്യം കുട്ടികളിൽ
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി 17

നിയമപഥം
32 അന്വേഷണ ഏജൻസികൾ
അബൂആദം അയ്മൻ

ലേഖനം
‘ഞാനൊരു നന്ദിയുള്ള അടിമയാകേണ്ടേ?’
ഉസ്മാൻ പാലക്കാഴി 18

നമുക്കുചുറ്റും
34 ഏകീകൃത സിവിൽ കോഡ്; നേതാക്കൾ പക്വതയോടെ പ്രതികരിക്കണം
ടി.കെ അശ്റഫ്

# പ്ലസ് വൺ പ്രവേശനം; അനിശ്ചിതത്വം നീക്കാൻ സർക്കാർ ഇടപെടാത്തത് ഗുരുതര വീഴ്ച: വിസ്ഡം സ്റ്റുഡൻസ്

തിരൂർക്കാട്: പ്ലസ് വൺ പ്രവേശന വിഷയത്തിൽ നിലനിൽക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിൽ ശാശ്വത പരിഹാരം കാണാതെ താൽക്കാലിക ആശ്വാസം മാത്രം പരിഗണിച്ച് സർക്കാർ സ്വീകരിക്കുന്ന സമീപനങ്ങൾ ഗുരുതര വീഴ്ചയാണെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ തിരൂർക്കാട്ട് സംഘടിപ്പിച്ച സംസ്ഥാന പ്രതിനിധിസമ്മേളനം അഭിപ്രായപ്പെട്ടു. സംസ്ഥാനത്ത് തുടർപഠന മേഖല കൂടുതൽ ശാസ്ത്രീയവും ആഗോള നിലവാരത്തിലുമാകണമെന്ന മുറവിളി ഉയരുമ്പോൾതന്നെയാണ് ഹയർ സെക്കന്ററി പ്രവേശനം പ്രതിസന്ധിയിലായിരിക്കുന്നത്. സെപ്റ്റംബർ 8,9,10 തീയതികളിൽ കോഴിക്കോട്ട് വെച്ച് നടക്കാനിരിക്കുന്ന 27ാമത് പ്രൊഫഷണൽ സ്റ്റുഡൻസ്ഗ്ലോബൽ കോൺഫറൻസിന്റെ (പ്രൊഫ്കോൺ) മുന്നോടിയായാണ് സമ്മേളനം സംഘടിപ്പിച്ചത്.

തുടർ പഠനത്തിനായി വലിയ അളവിൽ വിദേശത്തേക്കുള്ള ചേക്കേറ്റം നടക്കുന്ന ഈ ഘട്ടത്തിലും സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രതികൂലമായ പഠനാന്തരീക്ഷം സംസ്ഥാനത്തിന്റെ മനുഷ്യവിഭവ ചോർച്ചക്ക് ആക്കംകൂട്ടും. ഉയർന്ന മാർക്ക് നേടിയവർക്ക് പോലും പ്രവേശനം നിഷേധിക്കപ്പെടുന്ന സാഹചര്യം അടിയന്തിരമായി കണക്കിലെടുത്ത് ശാശ്വത പരിഹാരമാർഗം കണ്ട് മുന്നോട്ട് പോകണമെന്നും സമ്മേളനം കൂട്ടിച്ചേർത്തു.

മഞ്ഞളാംകുഴി അലി എം.എൽ.എ ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡൻസ് ജനറൽ സെക്രട്ടറി ടി. മുഹമ്മദ് ഷമീൽ അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ.അഷ്റഫ് മുഖ്യപ്രഭാഷണം നടത്തി. അഷ്റഫ് എകരൂൽ, ജമാൽ ചെറുവാടി, സ്വാദിഖ് മദീനി, കെ. നൂറുദ്ദീൻ സ്വലാഹി, ശഫീക്ക് മോങ്ങം തുടങ്ങിയവർ വിഷയാവതരണം നടത്തി. വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന ഭാരവാഹികളായ മുജാഹിദ് അൽഹികമി പറവണ്ണ, ഡോ. സി.പി. അബ്ദുല്ല ബാസിൽ, മുഹമ്മദ് ഷാമിൽ എടവണ്ണപ്പാറ, ഖാലിദ് വെള്ളില, സ്വഫ്‌വാൻ ബറാമി അൽഹികമി, ഡോ.ഷഹബാസ് കെ. അബ്ബാസ്, അസ്ഹർ അബ്ദുർറസാഖ് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ടി. മുഹമ്മദ് ഷമീൽ അധ്യക്ഷത വഹിച്ചു. സകരിയ്യ മദീനി ആമുഖഭാഷണം നടത്തി. കുവൈത്ത് കേരള ഇസ്‌ലാഹി സെന്റർ വൈസ് പ്രസിഡന്റ് സി.പി.അബ്ദുൽ അസീസ് മുഖ്യാതിഥിയായി.

# ഏകസിവിൽ കോഡ്; ഭരണഘടനാ മൂല്യങ്ങൾ തകർക്കും: വിസ്ഡം വിമൻസ്

കോഴിക്കോട്: ഏക സിവിൽ കോഡ് ഇന്ത്യയുടെ ഭരണഘടനാ മൂല്യങ്ങൾ തകർക്കുമെന്ന് വിസ്ഡം ഇസ്‌ലാമിക് വിമൻസ് ഓർഗനൈസേഷൻ സംഘടിപ്പിച്ച ജില്ലാ വനിതാ ശിൽപശാല അഭിപ്രായപ്പെട്ടു. രാജ്യത്തെ ജനങ്ങളെ വിഭജിക്കലാണ് ഏക സിവിൽ കോഡ് പ്രഖ്യാപനത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ചെയ്യുന്നത്. പൊതുതെരഞ്ഞെടുപ്പ് ലക്ഷ്യമാക്കി, സമൂഹത്തിൽ വിഭജനവും ആശങ്കയും സൃഷ്ടിച്ച് വോട്ട്നേടുക എന്ന ഗൂഢലക്ഷ്യം തകർക്കാൻ മതനിരപേക്ഷ സമൂഹം ഒന്നിച്ച് പോരാടണം. മുസ്‌ലിം വ്യക്തിനിയമങ്ങൾ ദൈവികമാണ്. അതിനാൽതന്നെ അതിന്മേൽ കൈ കടത്താനുള്ള നീക്കം അംഗീകരിക്കാനാവില്ല. ഇസ്‌ലാമിക ശരീഅത്ത് കാലാനുസൃതവും സ്ത്രീത്വത്തെ മാനിക്കുന്നതുമാണെ ന്നിരിക്കെ മുസ്‌ലിം സ്ത്രീകളുടെ പേരു പറഞ്ഞ് വിവാദങ്ങളുണ്ടാക്കാനുള്ള ശ്രമങ്ങൾ വിലപ്പോകില്ലെന്നും ശിൽപശാല ചൂണ്ടിക്കാട്ടി.

കോഴിക്കോട് എംഎസ്എസ് ഓഡിറ്റോറിയത്തിൽ നടന്ന ശിൽപശാല വിസ്ഡം വിമൻസ് സംസ്ഥാന പ്രസിഡന്റ് സഹ്റ സുല്ലമിയ്യ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എ.വി ഫാഹിസ അധ്യക്ഷത വഹിച്ചു. സി.പി സലീം, സ്വാദിഖ് മദീനി, സുഹ്റ ടീച്ചർ പ്രബന്ധം അവതരിപ്പിച്ചു. വിസ്ഡം ഓർഗനൈസേഷൻ ജില്ലാ പ്രസിഡന്റ് വി.ടി ബഷീർ, യൂത്ത് വിംഗ് ജില്ലാ സെക്രട്ടറി എ.എം ജംഷീർ, സ്റ്റുഡന്റ്സ് വിംഗ് ജില്ലാ സെക്രട്ടറി സുഹൈൽ കല്ലായി, ഹഫ്സ എന്നിവർ ആശംസകൾ അർപ്പിച്ചു. പി. സി ജംഷീർ സമാപന പ്രസംഗം നടത്തി. വിസ്ഡം വിമൻസ് ജില്ലാ സെക്രട്ടറി നസീബ സിതാര സ്വാഗതവും ഹസീറ ബാനു നന്ദിയും പറഞ്ഞു.

# സ്വന്തത്തോട് അക്രമം ചെയ്യുന്നവർ!

മനുഷ്യൻ ചെയ്യുന്ന ഏതൊരു നീചകൃത്യത്തിന്റെയും അവകാശി അവൻ തന്നെയാണ്. തിന്മകൾക്ക് സാമൂഹികവും വൈയക്തികവുമായ സ്വഭാവങ്ങൾ ഉണ്ടായിരിക്കാമെങ്കിലും ഏതൊരു തിന്മയും ആത്യന്തികമായി വ്യക്തിയെയാണ് ബാധിക്കുന്നത്. ആരിൽനിന്ന് തിന്മ ഉത്ഭവിക്കുകയും ആരുടെ പ്രവൃത്തികൾ തിന്മയ്ക്കിടയാക്കുകയും ചെയ്യുന്നുവോ അവൻ തന്നോടുതന്നെ ദ്രോഹം പ്രവർത്തിക്കുകയാണ് ചെയ്യുന്നത് എന്ന് ക്വുർആൻ പറയുന്നു.

സ്രഷ്ടാവിനെ ധിക്കരിക്കുകയും സൃഷ്ടികളെ ദ്രോഹിക്കുകയും ചെയ്യൽ ഇസ്‌ലാം വിലക്കുന്നു. അങ്ങനെ ചെയ്യുന്നവൻ തന്റെ സ്രഷ്ടാവിനെ വിസ്മരിക്കുകയും അതുവഴി തന്നോടുതന്നെ അനീതി കാട്ടുകയുമാണ് ചെയ്യുന്നത്. ഇതിനെയാണ് ക്വുർആൻ 'സ്വന്തത്തോടുള്ള ദ്രോഹ'മെന്ന് വിശേഷിപ്പിക്കുന്നത്.

"വല്ലവനും നേർമാർഗം സ്വീകരിക്കുന്ന പക്ഷം തന്റെ സ്വന്തം ഗുണത്തിനായി തന്നെയാണ് അവൻ നേർമാർഗം സ്വീകരിക്കുന്നത്. വല്ലവനും വഴിപിഴച്ച് പോകുന്ന പക്ഷം തനിക്ക് ദോഷത്തിനായി തന്നെയാണ് അവൻ വഴിപിഴച്ചു പോകുന്നത്. പാപഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ചുമക്കുകയില്ല..." (ക്വുർആൻ 17:15).

തെറ്റ് ചെയ്യുന്നവൻ താമസിയാതെതന്നെ അത് തിരിച്ചറിയുകയും സ്രഷ്ടാവിനെക്കുറിച്ച് ബോധവാനാവുകയും ചെയ്തുകൊണ്ട് പശ്ചാത്തപിച്ച് സന്മാർഗ സരണിയിലേക്ക് തിരിയേണ്ടതുണ്ട്.

"ആരെങ്കിലും വല്ല തിൻമയും ചെയ്യുകയോ, സ്വന്തത്തോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്തിട്ട് അല്ലാഹുവോട് പാപമോചനം തേടുന്ന പക്ഷം ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായി അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. വല്ലവനും പാപം സമ്പാദിച്ച് വെക്കുന്ന പക്ഷം അവന്റെ തന്നെ ദോഷത്തിനായിട്ടാണ് അവനത് സമ്പാദിച്ച് വെക്കുന്നത്. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകു ന്നു"(ക്വുർആൻ 4:110,111).

തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന നാഥൻ ഇഷ്ടപ്പെടാത്ത ഒരു കാര്യമാണല്ലോ തന്നിൽനിന്നും ഉണ്ടായിരിക്കുന്നത് എന്ന് ചിന്തിക്കുന്ന മനുഷ്യൻ ചെയ്യുന്ന പശ്ചാത്താപമാണ് അർഥവത്താവുക. സാമൂഹ്യാന്തസ്സ് വീണ്ടെടുക്കുന്നതിനുള്ള ബാഹ്യസ്വഭാവമുള്ള കുമ്പസാരങ്ങളും ഏറ്റുപറച്ചിലുകളും മനുഷ്യന്റെ ജീവിത വിമലീകരണത്തിന് ഫലപ്രദമായിരിക്കുകയില്ല. പശ്ചാത്താപത്തിന്റെ മർമം ദൈവസ്മരണയും തന്നെ ചോദ്യം ചെയ്യുവാനും വിധിക്കാനും അർഹതയും അവകാശവുമുള്ള സ്രഷ്ടാവിന്ന് വിരുദ്ധമായതാണല്ലോ തന്റെ നീചവൃത്തി എന്ന പാപബോധവുമാണ്.

മനുഷ്യനെ സൃഷ്ടിക്കുകയും നന്മതിന്മകളെക്കുറിച്ചുള്ള പാഠങ്ങൾ പഠിപ്പിക്കുകയും ചെയ്ത, പ്രപഞ്ചം, പ്രകൃതി, കാലം, സ്ഥലം എന്നിവയുടെയെല്ലാം അധിപതിയുമായ മഹാശക്തിയെക്കുറിച്ച് ചിന്തിക്കാത്ത തരത്തിലുള്ള ഒരു മാനസാന്തരം നിഷ്ഫലമാണ്.

തെറ്റിനെക്കുറിച്ചുള്ള ബോധ്യവും പാപമോചനത്തിന്റെ ആവശ്യകതയും മനസ്സിലാക്കി ആത്മാർഥമായ പരിവർത്തനത്തിന് മനുഷ്യൻ സന്നദ്ധനാകുമ്പോൾ സ്രഷ്ടാവിന്റെ അനുഗ്രഹത്തിന് അവൻ അർഹത നേടുന്നു. നിഷേധാത്മക മനോഭാവവും തിന്മകളിൽ നിരന്തരം വ്യാപൃതനാകാനുള്ള താൽപര്യവും ആധിപത്യം ചെലുത്തുമ്പോൾ പുനരാലോചനകൾക്ക് അവസരമുണ്ടാകുന്നില്ല. അത്തരം ഘട്ടങ്ങളിൽ നീണ്ടുനീണ്ടുപോകുന്ന നീചവൃത്തികളുടെ പാതയിലൂടെ മനുഷ്യൻ നീങ്ങുന്നു.

മറ്റൊരു അടിസ്ഥാനപരമായകാര്യം, പാപങ്ങൾ പൊറുക്കുവാനും മനുഷ്യന് പാപമോചനം നൽകുവാനും സ്രഷ്ടാവിന്നല്ലാതെ അധികാരവും അവകാശവുമില്ലെന്ന ബോധം ഉണ്ടായിരിക്കണമെന്നതാണ്. ഇത്തരം ഒരു അധികാരവും അവകാശവും മറ്റാർക്കെങ്കിലും വകവെച്ച് കൊടുക്കുന്നിടത്ത് ജീവിത വിമലീകരണത്തിനാവശ്യമായ പശ്ചാത്താപം സാധ്യമല്ല. പ്രപഞ്ചത്തിന്റെ യും തന്റെയും സൃഷ്ടികർത്താവായവൻ മനുഷ്യർക്ക് നൽകുന്ന ഔദാര്യവും അനുഗ്രഹവും മറ്റു കേന്ദ്രങ്ങളിൽനിന്ന് പ്രതീക്ഷിക്കുകയെന്നത് അവിവേകവും അക്രമവുമാണ്.

ലേഖനം




# ലേഖ്റാം പെഷാവരിയും മുബാഹലയും

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

‘സിയാഹുൽ ഹഖ്’ എന്ന പുസ്തകത്തിലെ വിശദീകരണം ഇങ്ങനെയാണ്: “മതപരമായ ഒരു പ്രവചനത്തെ ഭയന്നുകൊണ്ട് ഒരാൾ പാമ്പിനെയും മറ്റും കാണുന്നുവെന്ന് പറഞ്ഞ്, സമാധാനം നഷ്ടപ്പെട്ട് ഭ്രാന്തനെപ്പോലെ നഗരത്തിൽനിന്ന് നഗരത്തിലേക്ക് ചേക്കേറിയെങ്കിൽ അയാൾ മനസാ ആ മതത്തെ അംഗീകരിച്ചുവെന്നാണ് മനസ്സിലാക്കേണ്ടത്. ഇതാണ് സത്യത്തിലേക്കുള്ള തിരിച്ചുവരവ് എന്നതിന്റെ വിവക്ഷ. ക്രിസ്ത്യാനികൾ നിർബന്ധിച്ചിട്ടുപോലും എനിക്കെതിരിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാൻ അദ്ദേഹം തയ്യാറായില്ലെന്നതും ഇതിന് തെളിവാണ്” (പേജ് 17).

അതൊന്നു കൂടി വിശദീകരിക്കുകയാണ് ‘ഹ. അഹ്മദ്’ എന്ന പുസ്തകത്തിൽ എൻ അബ്ദുറഹീം: “ഇസ്‌ലാമിനെതിരെ നിരന്തരം പ്രചാരവേല നടത്തിയിരുന്ന ഒരു പാതിരിമുഖ്യൻ അപ്രകാരം മൗനമവലംബിച്ചതിൽനിന്നു മനസ്സിലാകുന്നത്, അയാളുടെ ഹൃദയത്തിൽ ഇസ്‌ലാമിന്റെ സത്യം ശക്തിമത്തായ സ്വാധീനം ചെലുത്തിയിരുന്നു എന്നാണ്. രഹസ്യത്തിൽ അയാൾ ക്വുർആൻ പാരായണം ചെയ്യുകയും ഇസ്‌ലാമികരീതിയിൽ പ്രാർഥിക്കുകയും ചെയ്തിരുന്നു എന്ന് ആഥമുമായി വളരെ അടുത്തു ബന്ധപ്പെട്ടിരുന്നവരിൽനിന്ന് വെളിപ്പെടുമാറായിട്ടുണ്ട്” (പേജ് 293).

ഇത്രത്തോളം പറയാൻ പക്ഷേ, അവരുടെ പ്രവാചകന് പോലും ധൈര്യമുണ്ടായിരുന്നില്ല!

പാതിരി അബ്ദുല്ല ആഥം രചിച്ച ‘റാസ്ത് ബയാനി ദർ ശകസ്തെ ഖാദിയാനി’ എന്ന കൃതിയിൽ പറയുന്നു: “മിർസാ സാഹിബ് ഖാദിയാനി എന്റെയും മറ്റുചിലരുടെയും മരണത്തെപ്പറ്റി പ്രവചനം നടത്തിയിരുന്നു. അതിന്റെ പരിണതി എന്തായെന്ന് എല്ലാവർക്കുമറിയാം. ആഥം മനസാ ഇസ്‌ലാം മതം അംഗീകരിച്ചിരിക്കുന്നുവെന്നും അതുകൊണ്ടാണ് മരണത്തിൽനിന്ന് രക്ഷപ്പെട്ടതെന്നുമാണ് ഇപ്പോൾ പറഞ്ഞു നടക്കുന്നത്. ആർക്കും എന്തും പറയാം. ആരും തടയില്ല. പക്ഷേ, ഞാനന്നും ഇന്നും ബാഹ്യമായും ആന്തരികമായും ക്രിസ്ത്യാനിതന്നെയാണ്. ദൈവത്തിന് നന്ദി.”

“എന്റെ ക്രിസ്ത്യൻ സഹോദരന്മാരോടൊത്ത് അമൃതസറിൽ ചെന്നപ്പോൾ ഞാൻ മരിച്ചുപോയെന്നും സമ്മേളനത്തിന് വരില്ലെന്നും ചിലർ പറഞ്ഞു നടക്കുന്നതായി അറിയാൻ കഴിഞ്ഞു. ഞാൻ റെയിൽവേ പ്ലാറ്റ്ഫോമിൽ ഇറങ്ങിയപ്പോൾ ‘റബ്ബർ മനുഷ്യനെ’ ഉണ്ടാക്കാൻ സമർഥരായ ഇംഗ്ലീഷുകാർ ആഥമിന്റെ രൂപമുണ്ടാക്കി കൊണ്ടുവന്നതാണെന്നുവരെ ചിലർ പറഞ്ഞു. എന്ത് പറയാനാണിതിനൊക്കെ? 68 വയസ്സായ ഞാനിന്ന് ആരോഗ്യവാനാണ്; അതോടൊപ്പം സംതൃപ്തനും സന്തുഷ്ടനുമാണ്. എന്റെ മരണം പ്രവചിച്ച മിർസയാകട്ടെ കള്ളവാദിയും അഭിശപ്തനുമാണെന്ന് തെളിഞ്ഞു”(പേജ് 58).

**സാദൃശ്യ സിദ്ധാന്തം**

മിർസയുടെ പ്രവചനപ്രകാരം അബ്ദുല്ല ആഥം കാലാവധിക്കകം മരിച്ചില്ലെന്ന് സമ്മതിച്ചുകൊണ്ട് മറ്റു ചില ന്യായങ്ങൾ നിരത്തുന്നത് കാണുക. പരസ്യങ്ങളുടെ സമാഹാരത്തിൽ നിന്ന്:

“അല്ലാഹു ആദ്യമായി പിടികൂടിയത് അമൃതസർ ഓണററി മിഷനറി ഫാദർ റൈറ്റിനെയാണ്. ഉയർന്ന പദവിയും സ്ഥാനവും ഉണ്ടായിരുന്ന അയാൾ യുവത്വത്തിൽതന്നെ ആകസ്മികമായി

മരിച്ചു. മാർടിൻ ക്ലാർക്കും പ്രഭൃതികളും കഠിനദുഃഖത്താൽ കണ്ണീരിലാണ്ടു. പാതിരി ഹാവൽ മാരകരോഗം ബാധിച്ചു തലനാരിഴക്കാണ് മരണത്തിൽനിന്ന് രക്ഷപ്പെട്ടത്. പാതിരി അബ്ദുല്ല രോഗബാധിതനായി ഹാവിയയിൽ പതിച്ചു. രക്ഷപ്പെട്ടോ മരിച്ചോ എന്നറിയില്ല. ലാഹോറിൽവച്ച് പാതിരി ഫോർമാനും പരലോകം പൂകി. ചുരുക്കത്തിൽ ക്രിസ്ത്യാനികൾ നിന്ദിതരായി കഴിയുന്നു" (വാല്യം 2, പേജ് 32).

തന്റെ പ്രവചനമനുസരിച്ച് ആഥം മരിച്ചില്ലെങ്കിലെന്താ, കുറെ പാതിരിമാർ മരിക്കുകയും ചിലർ മരിച്ചതിന് തുല്യം ജീവിച്ചിരിക്കുകയും ചെയ്യുന്നില്ലേ എന്നാണ് ഈ വ്യാജ പ്രവാചകന്റെ ചോദ്യം!

## ഇരുട്ടും വെളിച്ചവും ഒന്നിപ്പിക്കുന്നു

തന്റെ പ്രവചനം പുലർന്നു എന്ന് പറയാനും അദ്ദേഹത്തിന് ലജ്ജ തോന്നുന്നില്ല! 'അൻവാറുൽ ഇസ്‌ലാമി'ൽ തന്നെ നമുക്ക് ഇത് വായിക്കാം:

"ഹാവിയ എന്ന നരകത്തിൽ പതിക്കും എന്ന പ്രവചനത്തിൽ പറയപ്പെട്ടകാര്യം സ്വകരങ്ങളാൽ തന്നെ ആഥം പൂർത്തീകരിച്ചിരിക്കുന്നു. ദുഃഖവും നിരാശയും പരിഭ്രമവും അദ്ദേഹത്തെ വിട്ടുമാറാതെ പിടികൂടി. ഭയാധിക്യത്താൽ ഹൃദയം പതിതമായി. യഥാർഥത്തിൽ ഇതാണ് ഹാവിയ. മരണം അതിന്റെ പാരമ്യതയാണ്. മരണത്തെപ്പറ്റി ഇൽഹാമിൽ പറയുന്നുമില്ല. ഇതൊരു നരകശിക്ഷ തന്നെയായിരുന്നു. ആഥം അത് ശരിക്കും അനുഭവിക്കുകതന്നെ ചെയ്തു. സത്യത്തോടുള്ള പ്രതിബദ്ധത മൂലം, മരണമെന്ന് വ്യാഖ്യാനിച്ച ഏറ്റവും വലിയ ഹാവിയക്ക് അൽപം അവധി നൽകിയതാണ്.

സത്യാന്വേഷികളേ, ആഥം നരകത്തിൽ പതിക്കുമെന്ന പ്രവചനം അക്ഷരാർഥത്തിൽതന്നെ പുലർന്നിരിക്കുന്നു. അതോടെ ഇസ്‌ലാം വിജയിച്ചു, ക്രിസ്ത്യാനികൾ നിന്ദിതരായി. മിസ്റ്റർ അബ്ദുല്ലാ ആഥം തന്റെ ചെയ്തികളിലൂടെ വ്രണിതഹൃദയം പുറത്ത് കാണിക്കാതെ, നാടെമ്പാടും ഓടിനടക്കാതെ, തന്റെ സ്ഥാനത്ത് ദൃഢചിത്തനായി സാധാരണപോലെ സന്തുഷ്ടനായി ആ ദിവസങ്ങൾ കഴിച്ചിരുന്നെങ്കിൽ നിങ്ങൾക്ക് പറയാമായിരുന്നു; 'ആഥം നരകത്തിൽ പതിച്ചിട്ടില്ല' എന്ന്. ജീവിതത്തിലൊരിക്കലും അനുഭവിച്ചിട്ടില്ലാത്തവിധം ദുഃഖത്തിന്റെ അഗ്നിപർവതം അദ്ദേഹത്തിന്റെ ഹൃദയത്തിൽ പൊട്ടിത്തെറിച്ചു; ചൂടുലാവ പുറത്തേക്ക് വമിച്ചുകൊണ്ടിരുന്നു. ആ ദിനങ്ങളിൽ നരകത്തിൽ കിടന്നു പുളയുകയായിരുന്നു അയാൾ. എന്റെ പ്രവചനം ഒരാവർത്തി വായിച്ചുനോക്കൂ. ആഥമിന്റെ അവസ്ഥയെപ്പറ്റി ചിന്തിക്കൂ. അയാൾ നരകത്തിന്റെ അടിത്തട്ടിൽ ഉഴലുകയായിരുന്നുവെന്ന് നിങ്ങൾക്ക് മനസ്സിലാകും. അഗ്നിയുടെ ശിക്ഷ പോലും ഇത്ര കഠിനതരമാവുകയില്ല" (പേജ് 5-7).

**പതിനഞ്ച് മാസങ്ങളോളം നരകാഗ്നിയിൽ നീറി, കാലം തീർക്കലായിരുന്നു പ്രവചന സാക്ഷാത്കാരമെങ്കിൽ, അയാൾ മരിക്കാൻ വേണ്ടി പ്രാർഥിക്കുകയും പാമ്പിനെയും മലക്കുകളെയും അയക്കുകയും മാരണം ചെയ്യുകയും ചെയ്തതെന്തിനായിരുന്നു? കാലാവധിയുടെ അവസാന ദിവസം സൂര്യാസ്തമയത്തിന് മുമ്പേ ആഥം മരിക്കുമെന്ന് ഉറപ്പു കൊടുത്തതുകൊണ്ടല്ലേ കുറേ അനുയായികൾ ക്രിസ്തുമതം സ്വീകരിക്കാനിടയായത്. മിർസാ ഖാദിയാനി അതേകൃതിയിൽ അക്കാര്യം ഖേദപൂർവം അനുസ്മരിക്കുന്നുണ്ട്. (പേജ് 20) ആഥം വേപഥുപൂണ്ട് നാടുചുറ്റി ഓടി നടന്നുവെന്നത് ഹാവിയയിൽ പതിച്ചതിന്റെ തെളിവാണത്രെ! സത്യത്തിലേക്ക് തിരിച്ചുവന്നതിനും തെളിവ് ആഥമിന്റെ നെട്ടോട്ടം തന്നെ! ഇരുട്ടും വെളിച്ചവും സമന്വയിപ്പിക്കാൻ ശ്രമിക്കുകയാണ് ഖാദിയാനി പ്രവാചകൻ. സത്യത്തിലേക്ക് വരികയെന്നാൽ നരകത്തിൽ പതിക്കുക എന്നാണ് മിർസായുടെ അർഥകല്പന.**

പതിനഞ്ച് മാസങ്ങളോളം നരകാഗ്നിയിൽ നീറി, കാലം തീർക്കലായിരുന്നു പ്രവചന സാക്ഷാത്കാരമെങ്കിൽ, അയാൾ മരിക്കാൻ വേണ്ടി പ്രാർഥിക്കുകയും പാമ്പിനെയും മലക്കുകളെയും അയക്കുകയും മാരണം ചെയ്യുകയും ചെയ്തതെന്തിനായിരുന്നു? കാലാവധിയുടെ അവസാന ദിവസം സൂര്യാസ്തമയത്തിന് മുമ്പേ ആഥം മരിക്കുമെന്ന് ഉറപ്പുകൊടുത്തതുകൊണ്ടല്ലേ കുറേ അനുയായികൾ ക്രിസ്തുമതം സ്വീകരിക്കാനിടയായത്. മിർസാ ഖാദിയാനി അതേകൃതിയിൽ അക്കാര്യം ഖേദപൂർവം അനുസ്മരിക്കുന്നുണ്ട്. (പേജ് 20)

ആഥം വേപഥുപൂണ്ട് നാടുചുറ്റി ഓടി നടന്നുവെന്നത് ഹാവിയയിൽ പതിച്ചതിന്റെ തെളിവാണത്രെ! സത്യത്തിലേക്ക് തിരിച്ചുവന്നതിനും തെളിവ് ആഥമിന്റെ നെട്ടോട്ടം തന്നെ! ഇരുട്ടും വെളിച്ചവും സമന്വയിപ്പിക്കാൻ ശ്രമിക്കുകയാണ് ഖാദിയാനി പ്രവാചകൻ. സത്യത്തിലേക്ക് വരികയെന്നാൽ നരകത്തിൽ പതിക്കുക എന്നാണ് മിർസായുടെ അർഥകല്പന.

'സത്യത്തിലേക്ക് തിരിച്ചുവന്ന് ഇസ്‌ലാമിനെതിരെ ഒരക്ഷരം ഉരിയാടാതെ, രഹസ്യമായി നമസ്കരിച്ചും ദുആ ചെയ്തും കഴിഞ്ഞിരുന്ന' കാലത്തും ആഥം നരകത്തിൽ കിടന്ന് പിടയുകയായിരുന്നു.' 'സത്യത്തിലേക്ക് തിരിച്ചുവന്നതുകൊണ്ട് എല്ലാ ആപത്തും ഒഴിവായി; മരണം മാറിനിന്നു.' പരസ്പര വിരുദ്ധമായ ഈ പ്രസ്താവനകൾക്ക് എന്തു മറുപടിയാണ് അനുയായികൾക്ക് പറയാനുള്ളത്?

**അൻജാമെ ആഥം (ആഥമിന്റെ പരിണതി)**

പതിനഞ്ചു മാസത്തെ നരക ശിക്ഷ കഴിഞ്ഞ് ആഥം പൂർണ ആരോഗ്യത്തോടെ പുറത്തുവന്നു. പിന്നെയും ഒരു വർഷവും ഒമ്പത് മാസവും കഴിഞ്ഞശേഷം 1896 ജൂലൈ 27ന് അദ്ദേഹം മരിച്ചു. ഖാദിയാനീ പ്രവാചകൻ ചാടിയെണീറ്റു. അതുവരെ പിച്ചും പേയും പറഞ്ഞുകൊണ്ടിരുന്ന ഖാദിയാനി ഉദീരണം ചെയ്തു:

'1896 ജൂലൈ 27ന് പാതിരി അബ്ദുല്ലാ ആഥം ഫിറോസ്പൂരിൽ മരണപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ എന്റെ പഴയ പ്രവചനങ്ങളെ പൊതുജനസമക്ഷം ഒന്നുകൂടി ഓർമിപ്പിക്കുന്നത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു. ആഥം സത്യം ചെയ്യാനും തന്റെ വാദത്തിൽനിന്ന് പിന്തിരിയാനും സന്നദ്ധനാവുന്നില്ലെങ്കിൽ ബാക്കിയുള്ള ആയുസ്സിൽ വലിയൊരു ഭാഗം അദ്ദേഹത്തിന് ജീവിച്ചിരിക്കാൻ സാധ്യമാവില്ല. തന്റെ വാദത്തിൽത്തന്നെ നിലകൊള്ളുകയെന്നത് അദ്ദേഹത്തിന്റെ നിർഭയത്വത്തിന്റെ ലക്ഷണമായതുകൊണ്ട് വേഗംതന്നെ ഈ ലോകം വെടിയുമെന്ന ഇൽഹാം അനുസരിച്ചാണ് മരണം സംഭവിച്ചത്.''

ആഥമിന്റെ മരണശേഷം എഴുതിയ 'അൻജാമെ ആഥം' എന്ന കൃതി തുടങ്ങുന്നത് ഈ വാചകത്തോടെയാണ്. തുടർന്ന് 282 പേജുകളിലായി അറബി, പേർഷ്യൻ, ഉർദു ഭാഷകളിൽ പാതിരി ആഥവുമായുള്ള സംവാദങ്ങളും പ്രവചനവും സാക്ഷാത്കാരവും ഒക്കെ എഴുതിയിട്ടുണ്ട്. ആഥം മരിക്കുന്നതിനു മുമ്പ് ഈ പറഞ്ഞ പ്രവചനം ഒരിടത്തും രേഖപ്പെടുത്തിയതായി കാണിച്ചുതരാൻ ഖാദിയാനികൾക്ക് സാധ്യമല്ല.

11 വർഷങ്ങൾക്ക് ശേഷം എഴുതിയ 'ഹഖീഖത്തുൽ വഹ്‌യി'ൽ മിർസ എഴുതി: "ലേഖ്‌റാമും അഹ്‌മദ്‌ബേഗും മരിച്ചതുപോലെ ആഥമും മരിച്ചുവെന്നതിൽ എതിരാളികൾക്കും സംശയമില്ല. പക്ഷേ, അവധിക്കുള്ളിൽ മരിച്ചില്ല എന്നാണ് കുരുടന്മാർ പറയുന്നത്. കൊള്ളരുതാത്ത സമൂഹമേ, അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം ഒരാൾ മരിച്ചാൽ പിന്നെ കാലാവധിക്കുള്ളിലോ പുറത്തോ എന്ന വിവാദത്തിനർഥമെന്ത്? നിങ്ങളൊന്ന് കണിച്ചുതരൂ ആഥമെവിടെ? ഏത് പട്ടണത്തിലാണവൻ ജീവിച്ചിരിക്കുന്നത്?'' (പേജ് 155).

സ്വന്തം അനുയായികളെക്കുറിച്ചുള്ള അമിതമായ ആത്മവിശ്വാസം എന്നല്ലാതെ എന്ത് പറയാൻ!

**പണ്ഡിറ്റ് ലേഖ്‌റാം പെഷാവരി**

മിർസാ ഗുലാം അഹ്‌മദ് ഖാദിയാനി 'ബറാഹീനെ അഹ്‌മദിയ്യ' പ്രസിദ്ധീകരിച്ചപ്പോൾ അതിന് മറുപടിയായി 'തക്ദീബെ ബറാഹീനെ അഹ്‌മദിയ്യ' രചിച്ച ആര്യസമാജനേതാവായിരുന്നു പണ്ഡിറ്റ് ലേഖ്‌റാം. അദ്ദേഹത്തെക്കുറിച്ചുള്ള പ്രവചനം തദ്കിറയിൽ വായിക്കാം:

"1893 ഫെബ്രുവരി 20. ഈ വിനീതൻ ഏഴ് വർഷം മുമ്പ് (1886 ഫെബ്രുവരി 20ന്) പ്രസിദ്ധീകരിച്ച പരസ്യത്തിൽ ഇന്ദ്രമൻ മുറാദാബാദിയോടും ലേഖ്‌റാം പെഷാവരിയോടും അവരുടെ വിധിയെ സംബന്ധിച്ച് അല്ലാഹു ഭീഷണമായ ചില കാര്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടെന്നും ആ വചനങ്ങൾ പരസ്യപ്പെടുത്താൻ വിരോധമുണ്ടെങ്കിൽ രണ്ടാഴ്ചകം രേഖാമൂലം അറിയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എതിർപ്പ് പ്രകടിപ്പിച്ച ഇന്ദ്രമൻ അൽപകാലത്തിനകം മരിച്ചു. ലേഖ്‌റാമാകട്ടെ ധൈര്യപൂർവം, ഏത് പ്രവചനം വേണമെങ്കിലും പ്രസിദ്ധീകരിക്കാൻ സമ്മതിച്ചുകൊണ്ട് പോസ്റ്റുകാർഡ് അയച്ചു'' (പേജ് 186).

**മുബാഹലാ വെല്ലുവിളി**

മിർസാ ഖാദിയാനി സുറുമയെ ചെശ്മയെ ആര്യ എന്ന ഗ്രന്ഥത്തിൽ ആര്യസമാജം നേതാക്കളെ മുബാഹലക്ക് വെല്ലുവിളിച്ചു: "വേദം സത്യമാണെന്നും ഖുർആനിക അധ്യാപനങ്ങൾ അസത്യമാണെന്നും നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ വരൂ, നമുക്കതിനെ ആസ്പദമാക്കി മുബാഹല നടത്താം. നിശ്ചിത തീയതിക്ക് നമുക്ക് ഒരിടത്ത് സമ്മേളിക്കാം. മൂന്നു തവണ സത്യം ചെയ്തുകൊണ്ട് മുബാഹല പ്രാർഥന നടത്താം. പിന്നീട് ദൈവിക തീരുമാനത്തിന് ഒരുവർഷം കാത്തിരിക്കാം. കാലാവധിക്കുള്ളിൽ ഈ ലേഖകനോ എതിർകക്ഷിക്കോ ഒരു ശിക്ഷയും നാശവും ഇറങ്ങിയിട്ടില്ലെങ്കിൽ ഈ വിനീതൻ 500 രൂപ പിഴ നൽകുന്നതാണ്. അത് അഡ്വാൻസായി ഗവ. ട്രഷറിയിൽ നിക്ഷേപിക്കാൻ തയ്യാറാണ്'' (പേജ് 213).

മിർസ ഖാദിയാനി ഹഖീഖതുൽ വഹ്‌യിൽ ഉദ്ധരിച്ചപ്പോഴാണ് ലേഖ്‌റാമിന്റെ മറുപടി നാം കാണുന്നത്. 1888ൽ 'ഖബ്തെ അഹ്‌മദിയ്യ'യിൽ മുബാഹലാ പ്രാർഥന കുറിച്ചുവെച്ചു:

"അല്ലയോ പരമേശ്വരാ, ഞങ്ങൾ ഇരുകക്ഷികളിൽ വ്യക്തമായ

**എട്ടുവർഷം കഴിഞ്ഞു 1897 മാർച്ച് 8ന് ലേഖറാം വധിക്കപ്പെട്ടപ്പോൾ അത് മുബാഹലയുടെ ഫലമാണെന്ന് മിർസ പ്രസ്താവിച്ചു. പിന്നീട് എഴുതിയ 'ചശ്മയെ മഅ്‌രിഫത്തി'ൽ, നേരത്തെ താൻ ഉദ്ധരിച്ചത് മറന്നുകൊണ്ട് 'എന്റെ വിശ്വാസത്തിൽ ഞാൻ സത്യപക്ഷത്തല്ലെങ്കിൽ പരമേശ്വരാ, സത്യവാൻ ജീവിച്ചിരിക്കെ കള്ളവാദിയെ മരിപ്പിക്കേണമേ' എന്ന് മുബാഹലാ പ്രാർഥന തിരുത്തിയെഴുതി ഖാദിയാനി പ്രവാചകൻ! 500 രൂപ പിഴ കൊടുക്കും എന്ന് പറഞ്ഞിരുന്നെങ്കിലും അദ്ദേഹം തന്ത്രപൂർവം ഒഴിഞ്ഞുമാറി.**

മരിച്ചാൽ പിന്നെ ലേഖ്റാമിനെങ്ങനെ ഇസ്‌ലാം സ്വീകരിക്കാനാവും? പ്രവചനവാക്യത്തിൽ പറഞ്ഞ പോലെ അസാധാരണമായ ശിക്ഷ ലഭിച്ചുകൊണ്ടാണ് പ്രവചനം പുലരേണ്ടത്. അതിനുശേഷം സത്യം മനസ്സിലാക്കി ലേഖ്റാം ഇസ്‌ലാം സ്വീകരിക്കുകയും വേണം. സംഭവിച്ചതോ? ലേഖ്റാം വധിക്കപ്പെട്ടു. അനുയായി വൃന്ദത്തിൽ പുതുതായി ചേർന്ന ഒരാൾ ലേഖ്റാമിനെ കുത്തിക്കൊല്ലുകയായിരുന്നു. പ്രവചനത്തിൽ പറഞ്ഞപ്രകാരം ദൈവികസ്പർശമുള്ള അസ്വാഭാവി കവും അസാധാരണവുമായ ശിക്ഷയായിരുന്നില്ല അത്; സർവസാധാരണമായ കൊലപാതകം. അതോടെ ഖാദിയാനി പ്രവചനം പൊളിഞ്ഞു.

തീരുമാനം വെളിപ്പെടുത്തുക. കള്ളവാദി ഒരിക്കലും സത്യവാനെപ്പോലെ നിന്റെ പക്കൽ മാന്യത നേടുകയില്ലല്ലോ'' (പേജ് 319).

രണ്ടു വിഭാഗവും അംഗീകരിച്ച കാലാവധി ഒരു വർഷമായിരുന്നു. 1889ൽ അതവസാനിച്ചു. എട്ടുവർഷം കഴിഞ്ഞു 1897 മാർച്ച് 8ന് ലേഖറാം വധിക്കപ്പെട്ടപ്പോൾ അത് മുബാഹലയുടെ ഫലമാണെന്ന് മിർസ പ്രസ്താവിച്ചു. പിന്നീട് എഴുതിയ 'ചശ്മയെ മഅ്രിഫത്തി'ൽ, നേരത്തെ താൻ ഉദ്ധരിച്ചത് മറന്നുകൊണ്ട് 'എന്റെ വിശ്വാസത്തിൽ ഞാൻ സത്യപക്ഷത്തല്ലെങ്കിൽ പരമേശ്വരാ, സത്യവാൻ ജീവിച്ചിരിക്കെ കള്ളവാദിയെ മരിപ്പിക്കേണമേ' എന്ന് മുബാഹലാ പ്രാർഥന തിരുത്തിയെഴുതി ഖാദിയാനി പ്രവാചകൻ!

500 രൂപ പിഴ കൊടുക്കും എന്ന് പറഞ്ഞിരുന്നെങ്കിലും അദ്ദേഹം തന്ത്രപൂർവം ഒഴിഞ്ഞുമാറി.

**ചത്ത പശുക്കുട്ടി**

തുടർന്ന് അദ്ദേഹത്തെക്കുറിച്ച് പ്രവചനം നടത്തുകയായിരുന്നു മിർസ: "ലേഖ്റാമിനെക്കുറിച്ച് തിരക്കിയപ്പോൾ അല്ലാഹു ഇൽഹാം അവതരിപ്പിച്ചു: ഇവൻ വെറുമൊരു ചത്ത പശുക്കുട്ടി. ഉള്ളിൽനിന്ന് ഒരു വികൃത ശബ്ദം പുറപ്പെടുന്നു. ഇവന്റെ ദുർഭാഷണത്തിനും കുരുത്തക്കേടിനും പകരം കടുത്തശിക്ഷയും ദുഃഖവും അവന്ന് നിശ്ചയിച്ചിരിക്കുന്നു. തീർച്ചയായും അവൻ അത് ലഭിക്കുക തന്നെ ചെയ്യും'' (പേജ് 186).

"ഇന്ന് (20.2.1893) തിങ്കളാഴ്ച ഈ ശിക്ഷയുടെ സമയമറിയാനായി ശ്രദ്ധചെലുത്തിയപ്പോൾ അല്ലാഹു പറഞ്ഞു: ഇന്നു മുതൽ ആറുവർഷത്തിനകം, അവന്റെ ദുർഭാഷണങ്ങൾക്കും നബിതിരുമേനിയെ അപമാനിച്ചതിനും പകരമായി കഠിനമായ ശിക്ഷയ്ക്ക് വിധേയനാകും''(പേജ് 187).

"ഇപ്പോൾ ഞാൻ ഈ പ്രവചനം പ്രസിദ്ധീകരിച്ചുകൊണ്ട് എല്ലാ മുസ്‌ലിംകളെയും ആര്യസമാജക്കാരെയും ക്രിസ്ത്യാനികളെയും മറ്റു വിഭാഗക്കാരെയും അറിയിക്കുന്നതെന്തെന്നാൽ, ആറു വർഷത്തിനകം അസാധാരണമായ പ്രയാസങ്ങളും അസ്വാഭാവികവും എന്നാൽ ദൈവികസ്പർശവുമുള്ളതുമായ ശിക്ഷ ഇയാൾക്ക് ലഭിക്കുന്നില്ലെങ്കിൽ ഞാൻ അല്ലാഹുവിനാൽ നിയുക്തനല്ലെന്നും എന്റെ വചനങ്ങൾ ദൈവികമല്ലെന്നും മനസ്സിലാക്കുക.... ഏത് ശിക്ഷയും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. കഴുത്തിൽ കയറിട്ട് തൂക്കിക്കൊല്ലുക. പ്രവചനം പുലരാതിരിക്കുന്നതിനെക്കാൾ വലിയ മാനഹാനി മനുഷ്യന് മറ്റെന്താണുള്ളത്?''

പ്രവചനം പുലർന്നാൽ എന്ത് ചെയ്യണമെന്നും മിർസാ ഖാദിയാനി തന്നെ വ്യക്തമാക്കിയിരുന്നു; 'ശഹനയേ ഹഖ്ഖി'ലും 'ഇസ്തിഫ്താ'യിലും. 'തന്റെ നീണ്ട കുടുമവെട്ടി, പൂണൂൽ വലിച്ചറുത്ത്, പരിശുദ്ധ ജമാഅത്തിൽ ചേരുക, ലാഇലാഹ ഇല്ലല്ലാഹ് എന്നതിലെ തൗഹീദ് ഉൾക്കൊണ്ട് മുഹമ്മദ് റസൂലുല്ലായെ പരിപൂർണമായി പിൻപറ്റുക, ശിർക്കും ബിദ്അത്തും ഒഴിവാക്കി 'സിറാതെ മുസ്തഖീമി'ന്റെ രാജവീഥിയിലേക്ക് പ്രവേശിക്കുക'' (പേജ് 37).

മിർസയും ലേഖ്റാമും ചേർന്ന് എഴുതിത്തയ്യാറാക്കിയ ഉടമ്പടിയിലും ഇക്കാര്യം വ്യക്തമാക്കിയിരുന്നു. മിർസായുടെതന്നെ വാക്കുകളിൽ ഇങ്ങനെ വായിക്കാം: "ലേഖ്റാമിനെപ്പറ്റി പ്രവചിക്കുന്നത് സത്യമായി പുലരാത്തപക്ഷം ഹിന്ദുമതം സത്യമാണെന്ന് തെളിയും. അതോടെ പ്രവചിച്ചയാൾ ആര്യമതം സ്വീകരിക്കുകയും മുന്നൂറു രൂപ ലേഖ്റാമിന് നൽകുകയും വേണം. പ്രവചനം സത്യമായി പുലർന്നാൽ അത് ഇസ്‌ലാം സത്യമതമാണെന്നതിന്റെ തെളിവായി മനസ്സിലാക്കി പണ്ഡിറ്റ് ലേഖ്റാം ഇസ്‌ലാം സ്വീകരിക്കണം. അങ്ങനെ പ്രവചനപ്രകാരം 1897 മാർച്ച് 6ന് ലേഖ്റാമിന്റെ ജീവിതം അവസാനിച്ചു'' (പേജ് 9).

പ്രവചനം പുലരുന്നത് ലേഖ്റാമിന്റെ മരണത്തോടെയായിരിക്കില്ല എന്നാണല്ലോ ഇത് വ്യക്തമാക്കുന്നത്. മരിച്ചാൽ പിന്നെ അയാൾക്കെങ്ങനെ ഇസ്‌ലാം സ്വീകരിക്കാനാവും? പ്രവചനവാക്യത്തിൽ പറഞ്ഞപോലെ അസാധാരണമായ ശിക്ഷ ലഭിച്ചുകൊണ്ടാണ് പ്രവചനം പുലരേണ്ടത്. അതിനുശേഷം സത്യം മനസ്സിലാക്കി ലേഖ്റാം ഇസ്‌ലാം സ്വീകരിക്കുകയും വേണം. സംഭവിച്ചതോ? ലേഖ്റാം വധിക്കപ്പെട്ടു. അനുയായിവൃന്ദത്തിൽ പുതുതായി ചേർന്ന ഒരാൾ ലേഖ്റാമിനെ കുത്തിക്കൊല്ലുകയായിരുന്നു. പ്രവചനത്തിൽ പറഞ്ഞപ്രകാരം ദൈവികസ്പർശമുള്ള അസ്വാഭാവികവും അസാധാരണവുമായ ശിക്ഷയായിരുന്നില്ല അത്; സർവസാധാരണമായ കൊലപാതകം. അതോടെ ഖാദിയാനി പ്രവചനം പൊളിഞ്ഞു.

(തുടരും)

# ഭക്ഷ്യസുരക്ഷ; ഇസ്‌ലാമിക നിർദേശങ്ങൾ

ഡോ. ടി. കെ യൂസുഫ്
: 9349798262

**വികസിത രാജ്യങ്ങളിലെ ജനങ്ങളുടെ പൊണ്ണത്തടി കുറയ്ക്കാനുപയോഗിക്കുന്ന പണവും വിലനിലവാരം പിടിച്ചുനിർത്താനായി കടലിൽതള്ളുന്ന ഭക്ഷ്യവസ്തുക്കളുമുണ്ടെങ്കിൽ ലോകത്തിന്റെ പട്ടിണി മാറ്റാമെന്ന തിരിച്ചറിവ് മനഃസാക്ഷിയുള്ളവരെ ഞെട്ടിപ്പിക്കുന്നതാണ്. മനുഷ്യരുടെ ആർത്തിയും അതിക്രമവും ഭക്ഷ്യവിതരണത്തിലെ അസന്തുലിതാവസ്ഥയുമാണ് പട്ടിണിയുടെ മൂലകാരണം. ഭക്ഷണം കിട്ടാതെ ദിനംപ്രതി ആളുകൾ മരിച്ചുകൊണ്ടിരിക്കുന്ന ആഫ്രിക്ക മാത്രം മതിയാവും ഇതിന്റെ ഗൗരവത്തെ ബോധ്യപ്പെടുത്താൻ!**

ജനപ്പെരുപ്പം പട്ടിണിയിലേക്ക് നയിക്കും എന്ന നിലവിളിയാണ് കഴിഞ്ഞ നൂറ്റാണ്ടിൽ ഏറ്റവും കൂടുതൽ ഉയർന്നുകേട്ടിരുന്നത്. അതുകൊണ്ട്തന്നെ പല രാജ്യങ്ങളും ജനസംഖ്യാനിയന്ത്രണത്തിന് തീവ്ര ബോധവത്ക്കരണം നടത്തിയിരുന്നു. എന്നാൽ കാർഷിക രംഗത്തെ സാങ്കേതിക വിദ്യകൾ വിളവ് സമൃദ്ധമാക്കുകയും ഭക്ഷ്യവിഭവങ്ങൾ ഗണ്യമായി വർധിപ്പിക്കുകയും ചെയ്തത് കാരണം വിപണിയിലെ വിലനിലവാരം കാത്തുസൂക്ഷിക്കാൻ ഭക്ഷ്യവസ്തുക്കൾ നശിപ്പിക്കുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്. ജനപ്പെരുപ്പം തടഞ്ഞിട്ടില്ലെങ്കിൽ എഴുപതുകളിൽ ലക്ഷക്കണക്കിന് പട്ടിണിമരണങ്ങൾ ഉണ്ടാകുമെന്ന് കഴിഞ്ഞ നൂറ്റാണ്ടിൽ ചിലർ പ്രവചിച്ചിരുന്നു. പക്ഷേ, അത് സംഭവിച്ചില്ല എന്ന് മാത്രമല്ല, ലോകത്ത് എല്ലായിടത്തും ഭക്ഷ്യോത്പാദനം ഇരട്ടിയാകുകയാണുണ്ടായത്. കൃഷിഭൂമിയുടെ നാശം കാരണം പട്ടിണി വരാൻ സാധ്യയുണ്ടെന്ന ആധുനിക ശാസ്ത്രജ്ഞരുടെ പ്രവചനവും ഇപ്പോൾ നിരർഥകമായിരിക്കുകയാണ്.

ഭക്ഷ്യസുരക്ഷയെ കുറിച്ച് ഒട്ടും ആശങ്കപ്പെടേണ്ടതില്ല എന്നാണ് ക്വുർആൻ ധാരാളം വചനങ്ങളിലൂടെ വ്യക്തമാക്കുന്നത്.

"അതിൽ (ഭൂമിയിൽ)-അതിന്റെ ഉപരിഭാഗത്ത്-ഉറച്ചുനിൽക്കുന്ന പർവതങ്ങൾ അവൻ സ്ഥാപിക്കുകയും അതിൽ അഭിവൃദ്ധിയുണ്ടാക്കുകയും അതിലെ ആഹാരങ്ങൾ അവിടെ വ്യവസ്ഥപ്പെടുത്തി വെക്കുകയും ചെയ്തിരിക്കുന്നു. നാലു ദിവസ(ഘട്ട)ങ്ങളിലായിട്ടാണ് (അവനത് ചെയ്തത്.) ആവശ്യപ്പെടുന്നവർക്ക് വേണ്ടി ശരിയായ അനുപാതത്തിൽ" (ക്വുർആൻ 41:10).



ഭൂമിയിലെ ഓരോ പ്രദേശത്തുള്ളവർക്കുമുള്ള അന്നം അവിടെത്തന്നെ സംവിധാനിച്ചിരിക്കുന്നു എന്നാണ് മേൽവചനം സൂചിപ്പിക്കുന്നത്. എല്ലാ ജനവിഭാഗങ്ങൾക്കും വിശപ്പകറ്റാനുള്ള ഭക്ഷണം ഭൂമി ഉത്പാദിപ്പിക്കുന്നുണ്ടെന്നും മനുഷ്യരുടെ ആർത്തിയും അതിക്രമവും വിതരണത്തിലെ താളപ്പിഴയുമാണ് പട്ടിണിയുണ്ടാക്കുന്നതെന്നുമാണ് ഹരിത വിപ്ലവത്തിന് ചുക്കാൻ പിടിക്കുകയും നോബൽ സമ്മാനമടക്കം ഒട്ടനവധി ബഹുതികൾ കരസ്ഥമാക്കുകയും ചെയത നോർമാൻ ഏണസ്റ്റ് ബോർലോഗ് (Norman Ernest Borlaug) എന്ന കൃഷിശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. അമേരിക്കയും യൂറോപ്പും ടൺ കണക്കിന് ഭക്ഷ്യവസ്തുക്കൾ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് വേണ്ടി കടലിൽ തട്ടുമ്പോൾ ആഫ്രിക്കയിൽ പട്ടിണി പേക്കോലങ്ങൾ മരിച്ചുവീഴുന്നത് ഈ ഭക്ഷ്യവിതരണത്തിലെ ഉച്ചനീചത്വംകൊണ്ടാണ്.

പട്ടിണി മരണങ്ങൾക്ക് കാരണം ജനപ്പെരുപ്പമോ ഭൂമിയുടെ ഉത്പാദനക്ഷമതയുടെ കുറവോ അല്ല. മറിച്ച്, വിതരണത്തിലെ അസന്തുലിതാവസ്ഥയാണ്. അമേരിക്കയിൽ മാത്രം ആളുകൾ തടി കുറക്കാനും ശരീരത്തിലെ കൊഴിപ്പ് അലിയിപ്പിക്കാനുമുള്ള മരുന്നുകൾക്കും വേണ്ടി വർഷത്തിൽ അഞ്ഞൂറ് കോടിയിലേറെ ഡോളർ ചെലവഴിക്കുന്നുണ്ടത്രെ! ഈ ഭീമമായ തുക ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ പട്ടിണി മാറ്റാൻ തികച്ചും പര്യാപ്തമായതാണ്. പൊണ്ണത്തടി കുറക്കാൻ പണം ചെലവഴിക്കുന്ന കാര്യത്തിൽ മറ്റു വികസിത രാജ്യങ്ങളിലെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ല.

**എല്ലാ ജനവിഭാഗങ്ങൾക്കും വിശപ്പകറ്റാനുള്ള ഭക്ഷണം ഭൂമി ഉത്പാദിപ്പിക്കുന്നുണ്ടെന്നും മനുഷ്യരുടെ ആർത്തിയും അതിക്രമവും വിതരണത്തിലെ താളപ്പിഴയുമാണ് പട്ടിണിയുണ്ടാക്കുന്നതെന്നുമാണ് ഹരിത വിപ്ലവത്തിന് ചുക്കാൻ പിടിക്കുകയും നോബൽ സമ്മാനമടക്കം ഒട്ടനവധി ബഹുതികൾ കരസ്ഥമാക്കുകയും ചെയത നോർമാൻ ഏണസ്റ്റ് ബോർലോഗ്** (Norman Ernest Borlaug) **എന്ന കൃഷി ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. അമേരിക്കയും യൂറോപ്പും ടൺ കണക്കിന് ഭക്ഷ്യവസ്തുക്കൾ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് വേണ്ടി കടലിൽ തട്ടുമ്പോൾ ആഫ്രിക്കയിൽ പട്ടിണി പേക്കോലങ്ങൾ മരിച്ചുവീഴുന്നത് ഈ ഭക്ഷ്യവിതരണത്തിലെ ഉച്ചനീചത്വംകൊണ്ടാണ്.**

> **വിശുദ്ധ ക്വുർആനും നബിവചനങ്ങളും പരിശോധിക്കുകയാണെങ്കിൽ ഭക്ഷ്യസുരക്ഷക്ക് വേണ്ട ധാരാളം നിർദേശങ്ങൾ നൽകിയതായി കാണാം. തന്റെ ആവശ്യം കഴിച്ച് ബാക്കിയുള്ളത് മറ്റുള്ളവർക്ക് നൽകണം എന്ന പ്രവാചക വചനം പ്രകൃതി വിഭവങ്ങൾ കുത്തകയാക്കുന്നതിനെ തടയുകയാണ് ചെയ്യുന്നത്. ഇസ്‌ലാം കൃഷിക്ക് വളരെയധികം പ്രാധാന്യം നൽകിയതായി കാണാം. വെള്ളം, പുല്ല്, അഗ്നി എന്നിവയിൽ എല്ലാവരും പങ്കാളികളാണ് എന്ന ഹദീസും ശ്രദ്ധേയമാണ്.**

വിശുദ്ധ ക്വുർആനും നബിവചനങ്ങളും പരിശോധിക്കുകയാണെങ്കിൽ ഭക്ഷ്യസുരക്ഷക്ക് വേണ്ട ധാരാളം നിർദേശങ്ങൾ നൽകിയതായി കാണാം. തന്റെ ആവശ്യം കഴിച്ച് ബാക്കിയുള്ളത് മറ്റുള്ളവർക്ക് നൽകണം എന്ന പ്രവാചക വചനം പ്രകൃതി വിഭവങ്ങൾ കുത്തകയാക്കുന്നതിനെ തടയുകയാണ് ചെയ്യുന്നത്. ഇസ്‌ലാം കൃഷിക്ക് വളരെയധികം പ്രാധാന്യം നൽകിയതായി കാണാം. വെള്ളം, പുല്ല്, അഗ്നി എന്നിവയിൽ എല്ലാവരും പങ്കാളികളാണ് എന്ന ഹദീസും ശ്രദ്ധേയമാണ്. ഇത്തരത്തിലുള്ള പ്രകൃതിവിഭവങ്ങൾ എല്ലാവർക്കും ലഭ്യമാകുമ്പോഴാണ് കൃഷിയിലൂടെ അവരുടെ വരുമാനം വർധിക്കുന്നത്.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭക്ഷണം തന്നെയാണ്. കാരണം അതില്ലാതെ ജീവൻ നിലനിർത്താൻ സാധ്യമല്ല. ഒരു രാജ്യം അവിടുത്തെ പൗരന്മാർക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുക എന്നതാണ് ഭഷ്യസുരക്ഷ എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ആഗോളതലത്തിൽ ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാന ആശയം, എല്ലാ സമയത്തും എല്ലാ ആളുകൾക്കും അവരുടെ സജീവവും ആരോഗ്യകരവുമായ ജീവിതത്തിന് അടിസ്ഥാന ഭക്ഷണം ലഭ്യമാവുക എന്നതാണ്. അതായത്, എല്ലാ ജനങ്ങളും എല്ലായ്പ്പോഴും സജീവവും ആരോഗ്യപൂർണവുമായ ജീവിതം നയിക്കുന്നതിനായി ഭക്ഷണാഭിരുചിയും ആഹാരാവശ്യങ്ങളും നിറവേറ്റത്തക്ക രീതിയിൽ മതിയായതും സുരക്ഷിതവും പോഷക സമ്പുഷ്ടവുമായ ഭക്ഷണത്തിന്റെ ഭൗതിക, സാമൂഹിക, സാമ്പത്തിക പ്രാപ്യതയുണ്ടെങ്കിൽ ഭക്ഷ്യസുരക്ഷ നിലനിൽക്കുന്നുവെന്ന് പറയാം. ലഭ്യത, പ്രാപ്യത, ഉപയുക്തത, സ്ഥിരത എന്നിവയാണ് ഭക്ഷ്യസുരക്ഷയുടെ നാല് സ്തംഭങ്ങൾ. ഭക്ഷ്യസുരക്ഷ എന്ന ആശയത്തിൽ പോഷകാഹാരം എന്നത് സമന്വയിച്ചിരിക്കുന്നു. 'വിശപ്പുരഹിതസമൂഹം' എന്ന ലക്ഷ്യം നേടുന്നതിനായി വിശപ്പ് അവസാനിപ്പിക്കൽ, ഭക്ഷ്യസുരക്ഷയും മെച്ചപ്പെട്ട പോഷകാഹാരവും, സുസ്ഥിരകൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവയെ ഐക്യരാഷ്ട്ര സഭ സുസ്ഥിരവകസന ലക്ഷ്യങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു കുടുംബത്തിനും പട്ടിണിയും വിശപ്പും ഭീഷണി സൃഷ്ടിക്കാത്ത സ്ഥിതിയാണ് ഭക്ഷ്യസുരക്ഷകൊണ്ട് വിവക്ഷിക്കപ്പെടുന്നത് എന്നു വ്യക്തം. വ്യക്തികളുടെ സാമ്പത്തിക പരാധീനത അവരുടെ ഭക്ഷ്യലഭ്യതക്ക് പ്രയാസം സൃഷ്ടിക്കരുത്. പാവപ്പെട്ടവർക്ക് സൗജന്യ നിരക്കിൽ ഭക്ഷണം ലഭ്യമാകണം. ഇതിന്റെ അടിസ്ഥാനത്തിലാണ് 2013ൽ യുപിഎ സർക്കാർ ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കിയത്. രാജ്യത്തെ ജനസംഖ്യയിൽ 70 ശതമാനത്തിന് ഭക്ഷ്യസുരക്ഷാപദ്ധതിയുടെ മുൻഗണനാ പട്ടികയിൽ പെടുത്തി കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം ഉറപ്പാക്കുന്നതിനാണ് ഈ നിയമം കൊണ്ടുവന്നത്. എന്നാൽ മുൻഗണനാ ഗണത്തിൽ ഉൾപ്പെടുന്നതിന് നിശ്ചയിച്ച ചില മാനദണ്ഡങ്ങൾ കേരളത്തിനു തിരിച്ചടിയായി. സംസ്ഥാനത്ത് അർഹതപ്പെട്ട പലർക്കും ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള റേഷൻ നിഷേധിക്കപ്പെട്ടു. വീടിന്റെ വലിപ്പം 1,000 സ്ക്വയർ ഫീറ്റുള്ളവരും ഒരു കാർ (പഴയതായാലും വിലകുറഞ്ഞതായാലും) ഉള്ളവരും നിയമപ്രകാരം മുൻഗണനാ പട്ടികക്ക് പുറത്താണ്. ഇതുകാരണം സൗജന്യ നിരക്കി



ലുള്ള ഭക്ഷ്യധാന്യത്തിന് അർഹരായ നിരവധി കുടുംബങ്ങൾക്ക് അത് ലഭിക്കാത്ത സ്ഥിതി വന്നു.

ആവശ്യത്തിന് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നതോടൊപ്പം അവ തികച്ചും സുരക്ഷിതമാണെന്ന് ഉറപ്പ് വരുത്തുകയും വേണം. അരിക്കെന്നപോലെ പച്ചക്കറികൾക്കും കേരളീയർ ആശ്രയിക്കുന്നത് അയൽ സംസ്ഥാനങ്ങളെയാണ്. സമീപ കാലത്ത് നടന്ന പല പഠനങ്ങളും കാണിക്കുന്നത് അയൽ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പച്ചക്കറികളിൽ കൂടിയ അളവിൽ മാരകമായ കീടനാശിനി അവശിഷ്ടമുണ്ടെന്നാണ്. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് ഇതിന്റെ പരിണതി. കേരളീയർക്കാവശ്യമായ ഭക്ഷണം, ചുരുങ്ങിയത് പച്ചക്കറിയെങ്കിലും ജൈവകൃഷി രീതിയിലൂടെ ഇവിടെ തന്നെ ഉത്പാദിപ്പിക്കുകയാണ് ഇതിനു പരിഹാരം. ആവശ്യത്തിന് മഴയും സൂര്യപ്രകാശവും ജൈവ വൈവിധ്യവുമുള്ള കേരളത്തിൽ ഇതത്ര പ്രയാസമുള്ള കാര്യമല്ല.

ഉത്പന്നത്തിന്റെ ഗുണത്തിലൂടെ മാർക്കറ്റ് പിടിച്ചടക്കുന്ന പഴയ കാല രീതിയിൽ നിന്ന് മാറി, ഉത്പാദന വർധനവിനും ഉത്പന്നങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിനും എന്ത് അധാർമിക മാർഗങ്ങളും സ്വീകരിക്കുന്ന സ്ഥിതിവിശേഷമാണ് വിപണനം ലക്ഷ്യമാക്കിയുള്ള കാർഷികോത്പാദന മേഖലയിൽ കണ്ടുവരുന്നത്.

ലോക ഭക്ഷ്യ സംഘടനയും ഐക്യരാഷ്ട്ര സംഘടനയും ചേർന്ന് പ്രസിദ്ധീകരിച്ച 2016ലെ കണക്കനുസരിച്ച് ലോകത്താകമാനം ഭക്ഷ്യദൗർലഭ്യം അനുഭവപ്പെടുന്ന ജനതയുടെ എണ്ണം 815 ദശലക്ഷമായി വർധിച്ചിട്ടുണ്ട്. അതിൽ 520 ദശലക്ഷംപേർ ഏഷ്യൻ രാജ്യങ്ങളിലാണ് താമസിക്കുന്നത്. 2011-12ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 264.9 ദശലക്ഷം പേർ ദരിദ്രരാണ്. കൂടാതെ, ഇന്ത്യയിൽ ഭൂരിഭാഗം ജനങ്ങളുടെയും ഭക്ഷണത്തിൽ കലോറി



യുടെയും പ്രോട്ടീന്റെയും അളവ് ഗ്രാമപ്രദേശങ്ങളിൽ സാധാരണനിരക്കിനെക്കാൾ കുറവാണ്. ഭക്ഷ്യ കാർഷിക സംഘടനയുടെ സ്റ്റേറ്റ് ഓഫ് ഫുഡ് ഇൻ സെക്യൂരിറ്റി (2015) അനുസരിച്ച് ലോകത്തെ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന ജനതയിൽ (194.6 മില്യൺ) രണ്ടാംസ്ഥാനം ഇന്ത്യയ്ക്കാണ്. ഇത് ലോക ജനസംഖ്യയിൽ പോഷകാഹാരക്കുറവ് നേരിടുന്നവരുടെ 15.2 ശതമാനം വരും.

ഇന്ത്യൻ ഭരണഘടനയിൽ ഭക്ഷണത്തിനുള്ള അവകാശം സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകളൊന്നുമില്ലെങ്കിലും ഭരണഘടനയുടെ 21ാം അനുച്ഛേദം അനുശാസിക്കുന്ന അന്തസ്സോടെ ജീവിക്കാനുള്ള അവകാശത്തിൽ ഭക്ഷണത്തിനും മറ്റ് അടിസ്ഥാന ആവശ്യങ്ങൾക്കുമുള്ള അവകാശം ഉൾപ്പെടുന്നമെന്ന് വ്യാഖ്യാനിക്കപ്പെടുന്നു.

ഓരോ രാജ്യവും അവരുടെ പൗരന്മാരുടെ അന്നത്തിനുള്ള മാർഗം കണ്ടെത്തേണ്ടതുണ്ട്. പ്രാദേശികമായി ഈ ആവശ്യം നിറവേറ്റാൻ പറ്റാതെ വരുമ്പോൾ ദേശീയമായോ അന്തർദേശീയമായോ ഇതിന് ഒരു പരിഹാര മാർഗം കാണേണ്ടിവരും. ഭൂമിയിൽ എല്ലായിടത്തും എല്ലാ ഭക്ഷ്യവിഭവങ്ങളും ഉത്പാദിപ്പിക്കാത്തതുകൊണ്ട് ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിൽ ഇറക്കുമതിയും കയറ്റുമതിയും കൂടാതെ ഒരു പ്രദേശത്തിനോ രാജ്യത്തിനോ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ കഴിയുകയില്ല. ഭൂമിയുടെ മൊത്തം വിഭവങ്ങൾ പരസ്പരം കൈമാറുകയാണെങ്കിൽ ഭക്ഷ്യസുരക്ഷ എല്ലാ

**ആവശ്യത്തിന് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നതോടൊപ്പം അവ തികച്ചും സുരക്ഷിതമാണെന്ന് ഉറപ്പ് വരുത്തുകയും വേണം. അരിക്കെന്നപോലെ പച്ചക്കറികൾക്കും കേരളീയർ ആശ്രയിക്കുന്നത് അയൽ സംസ്ഥാനങ്ങളെയാണ്. സമീപ കാലത്ത് നടന്ന പല പഠനങ്ങളും കാണിക്കുന്നത് അയൽ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പച്ചക്കറികളിൽ കൂടിയ അളവിൽ മാരകമായ കീടനാശിനി അവശിഷ്ടമുണ്ടെന്നാണ്. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് ഇതിന്റെ പരിണതി.**

രാഷ്ട്രങ്ങൾക്കും സാക്ഷാത്ക്കരിക്കാനാകും.

ഭൂമിയുടെ കരഭാഗത്തിന്റെ പകുതിയിലധികവും കൃഷിയോഗ്യമല്ല. കൃഷിക്ക് അനുയോജ്യമായ മണ്ണിൽ അമ്പത് ശതമാനത്തിൽ താഴെ മാത്രമെ ഇന്ന് കൃഷി ചെയ്യപ്പെടുന്നുള്ളൂ. കൃഷിക്ക് ഉപയുക്തമായ മുഴുവൻ വിളനിലങ്ങളും ഉപയോഗപ്പെടുത്തപ്പെടുകയാണെങ്കിൽ ലോകത്തുനിന്നും പട്ടിണി നിർമാർജനം ചെയ്യാനാകും എന്നതിൽ സംശയമില്ല. ഇന്ന് ഏറ്റവും കൂടുതൽ പട്ടിണി കാണപ്പെടുന്നത് ആഫ്രിക്കൻ ഭൂഖണ്ഡത്തിലാണല്ലോ. എന്നാൽ അവിടുത്തെ ഫലഭൂയിഷ്ഠമായ മണ്ണിന്റെ പതിനാറ് ശതമാനം മാത്രമാണ് കൃഷിക്കുവേണ്ടി വിനിയോഗിക്കപ്പെടുന്നത്.

പോഷകാഹാരത്തിന്റെ പട്ടിക പരിശോധിക്കുകയാണെങ്കിൽ ഇരുനൂറ് മില്യൺ ടൺ പ്രോട്ടീനാണ് ലോകജനതക്ക് ഒരു വർഷത്തിൽ ആവശ്യമാകുന്നത്. അത് മുഴുവൻ ഉത്പാദിപ്പിക്കാനും ഈ ഭൂഗോളം ധാരാളം മതിയാകും. മറ്റു ഭക്ഷ്യഘടകങ്ങളുടെ കാര്യവും ഇപ്രകാരം തന്നെയാണ്. തന്നെയുമല്ല, ഇന്നത്തെ ജനസംഖ്യയുടെ എത്രയോ ഇരട്ടി ജനങ്ങളെ തീറ്റിപ്പോറ്റാനും ഈ ഭൂമി ഉത്പാദിപ്പിക്കുന്ന ഭക്ഷ്യവിഭവങ്ങൾ തന്നെ ധാരാളം മതിയാകും.

ഭൂവിഭവങ്ങൾ ശാസ്ത്രീയമായി വിതരണം ചെയ്യപ്പെടാത്തതുകൊണ്ട് ലോകത്തിൽ ഒരിടത്ത് പട്ടിണിയും മറ്റിടങ്ങളിൽ ധൂർത്തുമാണ് ഇന്ന് കാണപ്പെടുന്നത്. ഭൂവിസ്തൃതിയുടെ നല്ലൊരു ഭാഗവും കൈമുതലുള്ള അറബ് രാജ്യങ്ങൾ പോലും കൃഷിയുടെ കാര്യത്തിൽ താരതമ്യേന പിന്നാക്കമാണ് എന്നത് ഒരു വിരോധാഭാസമാണ്. കൃഷിയിൽ വിമുഖത കാണിക്കുന്നതു കാരണം അറബ് രാജ്യങ്ങളിലൊന്നും തന്നെ അവർക്ക് വേണ്ട ഭക്ഷ്യ വിഭവങ്ങൾ പൂർണമായും ഉത്പാദിപ്പിക്കപ്പെടുന്നില്ല. ആവശ്യമായ ഭക്ഷണത്തിന്റെ പകുതിയിലധികവും അവർ ഇറക്കുമതി ചെയ്യുകയാണ്. ഒരു പക്ഷേ, ഭക്ഷ്യ ഇറക്കുമതിയിൽ ഏറെ മുന്നിട്ടുനിൽക്കുന്നതും അറബ് രാജ്യങ്ങൾ തന്നെയാണ്. അറബ് നാടുകൾ കൃഷിയുടെ വിഷയത്തിൽ ഇസ്‌ലാമിക നിർദേശങ്ങൾ യഥാവിധി പാലിച്ചിരുന്നുവെങ്കിൽ അവരുടെ ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമായിരുന്നു. ഭക്ഷ്യ പ്രതിസന്ധി ഒരു ഒറ്റപ്പെട്ട പ്രശ്നമല്ല; അത് രാജ്യത്തിന്റെ സാമ്പത്തിക, സാമൂഹിക, സുരക്ഷാ പ്രശ്നങ്ങളെയെല്ലാം ചൂഴ്ന്നു നിൽക്കുന്നതാണ്.


**ഭൂവിഭവങ്ങൾ ശാസ്ത്രീയമായി വിതരണം ചെയ്യപ്പെടാത്തതുകൊണ്ട് ലോകത്തിൽ ഒരിടത്ത് പട്ടിണിയും മറ്റിടങ്ങളിൽ ധൂർത്തുമാണ് ഇന്ന് കാണപ്പെടുന്നത്. ഭൂവിസ്തൃതിയുടെ നല്ലൊരു ഭാഗവും കൈമുതലുള്ള അറബ് രാജ്യങ്ങൾ പോലും കൃഷിയുടെ കാര്യത്തിൽ താരതമ്യേന പിന്നാക്കമാണ് എന്നത് ഒരു വിരോധാഭാസമാണ്. കൃഷിയിൽ വിമുഖത കാണിക്കുന്നതു കാരണം അറബ് രാജ്യങ്ങളിലൊന്നും തന്നെ അവർക്ക് വേണ്ട ഭക്ഷ്യ വിഭവങ്ങൾ പൂർണമായും ഉത്പാദിപ്പിക്കപ്പെടുന്നില്ല. ആവശ്യമായ ഭക്ഷണത്തിന്റെ പകുതിയിലധികവും അവർ ഇറക്കുമതി ചെയ്യുകയാണ്.**


ഇസ്‌ലാമിന്റെ നിയമപ്രമാണങ്ങളായ ക്വുർആനും സുന്നത്തും കാർഷിക രംഗത്ത് ഫലപ്രദമായ ധാരാളം നിർദേശങ്ങൾ നൽകുന്നുണ്ട്. വായിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അവതരിച്ച വേദത്തിലെ ധാരാളം സൂക്തങ്ങൾ ശാസ്ത്ര പുരോഗതിക്ക് അങ്ങേയറ്റം പ്രോത്സാഹനം നൽകുന്നതാണ്.

കൃഷി നാഗരികതയുടെ അടിത്തറയാണെങ്കിലും എല്ലായിടത്തും എല്ലാ ഭക്ഷ്യവസ്തുക്കളും കൃഷിചെയ്യപ്പെടുന്ന രൂപത്തിലല്ല. ഭൂമിയുടെ ഘടന സംവിധാനിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് തന്നെ വിഭവങ്ങൾ കൈമാറ്റം ചെയ്യപ്പെടേണ്ടത് വളരെ അനിവാര്യമാണ്. കാർഷിക വിഭവങ്ങളുടെ കച്ചവടസംഘങ്ങൾ ഇസ്‌ലാമിക പ്രചാരണ രംഗത്ത് വിലപ്പെട്ട സംഭവാനകൾ അർപ്പിച്ചിട്ടുണ്ട്.

കൃഷിയുമായി ബന്ധപ്പെട്ട് ധാരാളം സൂക്തങ്ങൾ ക്വുർആനിൽ നമുക്ക് കാണാൻ സാധിക്കും.

''അവനാണ് ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞുതന്നവൻ. എന്നിട്ട് അത് മുഖേന



നാം എല്ലാ വസ്തുക്കളുടെയും മുളകൾ പുറത്ത് കൊണ്ടുവരികയും, അനന്തരം അതിൽനിന്ന് പച്ച പിടിച്ചചെടികൾ വളർത്തിക്കൊണ്ട് വരികയും ചെയ്തു. ആ ചെടികളിൽ നിന്ന് നാം തിങ്ങിനിറഞ്ഞ ധാന്യം പുറത്ത് വരുത്തുന്നു. ഈന്തപ്പനയിൽനിന്ന് അഥവാ അതിന്റെ കൂമ്പോളയിൽനിന്ന് തൂങ്ങിനിൽക്കുന്ന കുലകൾ പുറത്ത് വരുന്നു. (അപ്രകാരം തന്നെ) മുന്തിരിത്തോട്ടങ്ങളും പരസ്പരം തുല്യതതോന്നുന്നതും എന്നാൽ ഒരുപോലെയല്ലാത്തതുമായ ഒലീവും മാതളവും (നാം ഉൽപാദിപ്പിച്ചു). അവയുടെ കായ്കൾ കായ്ച്ച് വരുന്നതും മൂപ്പെത്തുന്നതും നിങ്ങൾ നോക്കൂ. വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിലെല്ലാം ദൃഷ്ടാന്തങ്ങളുണ്ട്'' (ഖുർആൻ 6:99).

നബി(സ) പറഞ്ഞു: ''ഒരു വിശ്വാസി ഒരു വൃക്ഷമോ ചെടിയോ നടുന്നു. എന്നിട്ട് അതിൽനിന്ന് ഒരു പക്ഷിയോ മൃഗമോ മനുഷ്യമോ ഭക്ഷിച്ചാലും അവന് അത് ഒരു ദാനമാണ്'' (അഹ്മദ്).

കൃഷിയോഗ്യമല്ലാത്ത ഭൂമി ആരെങ്കിലും അധ്വാനിച്ച് കൃഷിക്ക് ഉപയുക്തമാക്കുകയാണെങ്കിൽ അത് അവന് അർഹതപ്പെട്ടതാണ് എന്ന് പഠിപ്പിക്കുന്ന പ്രവാചക വചനങ്ങളുണ്ട്. തരിശുഭൂമിയെ ഫലഭൂയിഷ്ഠമാക്കാൻ ഊർജം ചെലവഴിക്കാനാണ് പ്രസ്തുത വചനങ്ങൾ പ്രോത്സാഹനം നൽകുന്നത്.

ഇസ്ലാമിലെ സകാത്ത് സംവിധാനം ഭക്ഷ്യസുരക്ഷക്കും സാമ്പത്തിക പുരോഗതിക്കും തികച്ചും പര്യാപ്തമാണ്. സകാത്ത് പാവപ്പെട്ടവർക്കും ദരിദ്രർക്കും നേരിട്ട് ലഭിക്കുന്നതിലൂടെ ദാരിദ്ര്യനിർമാർജനം സാധ്യമാകും. ഇസ്ലാമിക നാടുകളെ സംബന്ധിച്ചിടത്തോളം സകാത്ത് സ്ഥിരവും നിർബന്ധവുമായ ഒരു വരുമാനമായതുകൊണ്ട് സാമ്പത്തിക പ്രതിസന്ധികളിൽ എപ്പോഴും അതിനെ ആശ്രയിക്കാൻ കഴിയും. ദാരിദ്ര്യ നിർമാർജനത്തിന് ഭരണകൂടങ്ങൾ



**ഇസ്ലാമിലെ സകാത്ത് സംവിധാനം ഭക്ഷ്യസുരക്ഷക്കും സാമ്പത്തിക പുരോഗതിക്കും തികച്ചും പര്യാപ്തമാണ്. സകാത്ത് പാവപ്പെട്ടവർക്കും ദരിദ്രർക്കും നേരിട്ട് ലഭിക്കുന്നതിലൂടെ ദാരിദ്ര്യനിർമാർജനം സാധ്യമാകും. ഇസ്ലാമിക നാടുകളെ സംബന്ധിച്ചിടത്തോളം സകാത്ത് സ്ഥിരവും നിർബന്ധവുമായ ഒരു വരുമാനമായതുകൊണ്ട് സാമ്പത്തിക പ്രതിസന്ധികളിൽ എപ്പോഴും അതിനെ ആശ്രയിക്കാൻ കഴിയും. ദാരിദ്ര്യ നിർമാർജനത്തിന് ഭരണകൂടങ്ങൾ മാറ്റിവെക്കുന്ന തുക പലപ്പോഴും മതിയാകാറില്ല. ജനങ്ങളുടെ സകാത്ത് മുതൽ കൂടി അതിനോട് ചേർക്കുകയാണെങ്കിൽ ഭീമമായ തുക ഈ രംഗത്ത് വകയിരുത്താനാകും.**

മാറ്റിവെക്കുന്ന തുക പലപ്പോഴും മതിയാകാറില്ല. ജനങ്ങളുടെ സകാത്ത് മുതൽ കൂടി അതിനോട് ചേർക്കുകയാണെങ്കിൽ ഭീമമായ തുക ഈ രംഗത്ത് വകയിരുത്താനാകും. നിർബന്ധ ബാധ്യതയായ സകാത്തിന് പുറമെ ഐച്ഛികമായ ദാനധർമങ്ങളെയും ഇസ്ലാം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇത്തരം നിർദേശങ്ങൾ കൃത്യമായി നടപ്പിലാക്കിയതുകൊണ്ടാണ് അബ്ബാസിയ ഭരണകാലത്ത് സകാത്ത് വാങ്ങാൻ പോലും ആളില്ലാത്ത വിധം ഭക്ഷ്യ സുരക്ഷയും സാമ്പത്തിക വളർച്ചയും സാധ്യമായത്. മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിയാനും അവരെ സഹായിക്കാനുമുള്ള സന്നദ്ധതയും ഇതിന് വഴിവെച്ചിട്ടുണ്ട്.

സാമ്പത്തിക രംഗത്തെ കുത്തകയാണ് പലപ്പോഴും പട്ടിണിക്ക് കാരണമായിത്തീരുന്നത്. എന്നാൽ ഭക്ഷ്യവസ്തുക്കൾ കുത്തകയാക്കുന്നതിനെ ഇസ്ലാം കണിശമായി വിരോധിക്കുന്നുണ്ട്.

നബി(സ) പറഞ്ഞു: ''കുത്തകയാക്കുന്നവൻ ശപിക്കപ്പെട്ടവനാണ്''(ഹാകിം).

ഭക്ഷ്യധാന്യങ്ങൾ വിൽക്കുന്നവൻ വില വർധിക്കാൻ വേണ്ടി ഭക്ഷ്യവസ്തുക്കൾ വിപണിയിലിറക്കാതെ പൂഴ്ത്തിവെക്കുന്നതാ

ണ് കൂത്തകയുടെ വിവക്ഷയായി പണ്ഡിതന്മാർ നിർവചിച്ചിട്ടുളളത്. കുത്തക തടയപ്പെടുന്നതോടുകൂടി ഭക്ഷ്യവസ്തുക്കൾ വിപണിയിൽ വർധിക്കുകയും വില കുറയുകയും ഏവർക്കും വാങ്ങാനാകുന്ന രൂപത്തിലാകുകയും സാമ്പത്തിക പ്രതിസന്ധി പരിഹരിക്കപ്പെടുകയും ചെയ്യും.

അധ്വാനത്തിന് ഇസ്‌ലാം നൽകിയ പ്രാധാന്യം ഭക്ഷ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ്. ക്വുർആൻ പറയുന്നു:

''അവനാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വിധേയമാക്കിത്തന്നവൻ. അതിനാൽ അതിന്റെ ചുമലുകളിലൂടെ നിങ്ങൾ നടക്കുകയും അവന്റെ ഉപജീവനത്തിൽ നിന്ന് ഭക്ഷിക്കുകയും ചെയ്തുകൊള്ളുക. അവങ്കലേക്ക് തന്നെയാണ് ഉയിർത്തെഴുന്നേൽപ്'' (67:15).

''അങ്ങനെ നമസ്കാരം നിർവഹിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചുകൊള്ളുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് തേടിക്കൊള്ളുകയും ചെയ്യുക്'' (62:10).

പ്രകൃതി വിഭവങ്ങളെ മനുഷ്യന് അല്ലാഹു കീഴ്‌പ്പെടുത്തി കൊടുത്തിട്ടുണ്ടെന്നും അവ ഉപയോഗപ്പെടുത്തുകയെന്നത് മനുഷ്യന്റെ കർത്തവ്യമാണെന്നുമാണ് ഈ വചനങ്ങൾ വ്യക്തമാക്കുന്നത്.

കൃഷി, വ്യവസായം, വ്യാപാരം തുടങ്ങി സാമ്പത്തിക വളർച്ചക്ക് സാഹായകമായ എല്ലാ അധ്വാനങ്ങളും ഇസ്‌ലാമിക ദൃഷ്ടിയിൽ പുണ്യകർമങ്ങളാണ്.

''നിങ്ങളുടെ കൂട്ടത്തിൽ ഭൂമിയിൽ സഞ്ചരിച്ച് അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊണ്ടിരിക്കുന്ന വേറെ ചിലരും അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്ന മറ്റു ചിലരും ഉണ്ടാകും എന്ന് അല്ലാഹുവിന്നറിയാം'' (73:20).

തൊഴിലെടുക്കുന്ന വിശ്വാസിയെ അല്ലാഹു ഇഷ്ടപ്പെടുന്നു എന്ന് പ്രവാചകൻ(സ്വ) പറഞ്ഞതായി കാണാം. ശൂന്യമായ മനസ്സ്

**സാമ്പത്തിക രംഗത്തെ കുത്തകയാണ് പലപ്പോഴും പട്ടിണിക്ക് കാരണമായിത്തീരുന്നത്. എന്നാൽ ഭക്ഷ്യവസ്തുക്കൾ കുത്തകയാക്കുന്നതിനെ ഇസ്‌ലാം കണിശമായി വിരോധിക്കുന്നുണ്ട്. നബി(സ്വ) പറഞ്ഞു: ''കുത്തകയാക്കുന്നവൻ ശപിക്കപ്പെട്ടവനാണ്''(ഹാകിം). ഭക്ഷ്യധാന്യങ്ങൾ വിൽക്കുന്നവൻ വില വർധിക്കാൻ വേണ്ടി ഭക്ഷ്യവസ്തുക്കൾ വിപണിയിലിറക്കാതെ പൂഴ്ത്തിവെക്കുന്നതാണ് കൂത്തകയുടെ വിവക്ഷയായി പണ്ഡിതന്മാർ നിർവചിച്ചിട്ടുളളത്. കുത്തക തടയപ്പെടുന്നതോടുകൂടി ഭക്ഷ്യവസ്തുക്കൾ വിപണിയിൽ വർധിക്കുകയും വില കുറയുകയും ഏവർക്കും വാങ്ങാനാകുന്ന രൂപത്തിലാകുകയും സാമ്പത്തിക പ്രതിസന്ധി പരിഹരിക്കപ്പെടുകയും ചെയ്യും. കൃഷി ചെയ്യുന്നതും അധ്വാനിക്കിന്നതും ദൈവിക പ്രീതി ലഭിക്കുന്ന ഒരു പുണ്യകർമമാണ് എന്ന് തിരിച്ചറിഞ്ഞ് എല്ലാവരും പണിയെടുക്കാൻ തയ്യാറാകുകയാണെങ്കിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാകും.**



പൈശാചിക പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുന്നതിനാൽ ഇസ്‌ലാം നിഷ്ക്രിയത്വത്തെ നിരുത്സാഹപ്പെടുത്തുകയാണ് ചെയ്യുന്നത്. അധ്വാനിച്ച് ഭക്ഷണം കഴിക്കുന്നതാണ് ഏറ്റവും ഉത്തമമായ ഭക്ഷണമെന്ന് തിരുവചനങ്ങളിൽ കാണാം.

നബി(സ്വ) പറഞ്ഞു: ''സ്വന്തം കരങ്ങൾകൊണ്ട് അദ്ധ്വാനിച്ച് ലഭിക്കുന്ന ഭക്ഷണത്തെക്കാൾ അല്ലാഹുവിന് ഏറെ ഇഷ്ടപ്പെട്ട ഒരു ആഹാരവും നിങ്ങളിലാരും കഴിച്ചിട്ടില്ല'' (അഹ്മദ്).

ജീവതമാർഗം കണ്ടെത്തുന്നതിനുള്ള തൊഴിലുകളിൽ ഉച്ചനീചത്വം ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഏത് തൊഴിലിനും അതിന്റെതായ സ്ഥാനവും മഹത്ത്വവുമുണ്ട്. ജോലി എന്ത് തന്നെയാണെങ്കിലും അത് ദൈവ മാർഗത്തിൽ തന്നെയാണ്.

നബി(സ്വ) പറഞ്ഞു: ''ആരെങ്കിലും തന്റെ ചെറിയ കുഞ്ഞുങ്ങൾക്ക് വേണ്ടി പരിശ്രമിക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ മാർഗത്തിലാണ്. ആരെങ്കിലും തന്റെ പ്രായമായ മാതാപിതാക്കൾക്ക് വേണ്ടി പരിശ്രമിക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ മാർഗത്തിലാണ്. ആരെങ്കിലും തനിക്കുവേണ്ടി പരിശ്രമിക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ മാർഗത്തിലാണ്. ആരെങ്കിലും തന്റെ കുടുംബത്തിന് വേണ്ടി പരിശ്രമിക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ മാർഗത്തിലാണ്. ആരെങ്കിലും പെരുമക്കും പൊങ്ങച്ചത്തിനും പരിശ്രമിക്കുകയാണെങ്കിൽ അത് പിശാചിന്റെ മാർഗത്തിലാണ്'' (ത്വബ്റാനി). കൃഷി ചെയ്യുന്നതും അധ്വാനിക്കിന്നതും ദൈവിക പ്രീതി ലഭിക്കുന്ന ഒരു പുണ്യകർമമാണ് എന്ന് തിരിച്ചറിഞ്ഞ് എല്ലാവരും പണിയെടുക്കാൻ തയ്യാറാകുകയാണെങ്കിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാകും.



# വിരശല്യം കുട്ടികളിൽ

ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

മിക്ക കുട്ടികളിലും വളരെ സാധാരണമായി കണ്ടുവരുന്ന ഒരു ആരോഗ്യ പ്രശ്നമാണ് വിരശല്യം എന്നത്. കുട്ടികളിലാണ് പ്രകടമായ ലക്ഷണങ്ങൾ ഉണ്ടാവാറുള്ളതെങ്കിലും മുതിർന്നവരിലും വിര കണ്ടുവരാറുണ്ട്.

**കാരണങ്ങൾ**

കൃമിശല്യം അല്ലെങ്കിൽ വിരശല്യം എന്ന് നാം പറയാറുള്ള ഈ ആരോഗ്യ പ്രശ്നം വ്യത്യസ്ത തരം വിരകൾ കാരണമാണ് ഉണ്ടാകുന്നത്. Pin worm എന്ന വിരയാണ് വളരെ സാധാരണയായി കുട്ടികളിലും മുതിർന്നവരിലും കണ്ടുവരാറുള്ളത്. ഇത് കൂടാതെ tape worm, hook worm, round worm തുടങ്ങിയവയും കുടലിനെ ബാധിക്കാറുള്ള വിരകളാണ്

വിരകളുടെ സ്വഭാവമനുസരിച്ച് അവ ശരീരത്തിൽ പ്രവേശിക്കുന്ന രീതിയിലും ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളിലും വ്യത്യാസങ്ങളുണ്ട്.

വൃത്തിഹീനമായ ആഹാര പാനീയങ്ങൾ വഴിയോ, ശരിയായി കൈകൾ കഴുകാതെ ഭക്ഷണം കഴിക്കുന്നത് വഴിയോ വായിലൂടെ ശരീരത്തിൽ പ്രവേശിക്കുന്ന വിരകളും, ടോയ്‌ലെറ്റിൽനിന്നും മറ്റു പ്രതലങ്ങളിൽനിന്നും ശരീരത്തിലേക്ക് പ്രവേശിക്കുന്ന വിരകളുമാണ് വളരെ സാധാരണമായി കണ്ടുവരാറുള്ളത്. ഇതിന് പുറമെ ചർമത്തിൽ പോറൽ ഉണ്ടാക്കി അതിലൂടെ ശരീരത്തിലേക്ക് പ്രവേശിക്കുന്ന വിരകളും ഉണ്ട്.

**ലക്ഷണങ്ങൾ**

വ്യത്യസ്തയിനം വിരകൾ വ്യത്യസ്ത രീതിയിലുള്ള ലക്ഷണങ്ങൾ കാണിക്കാറുണ്ട്. നമ്മുടെ ശരീരത്തിൽ ജീവിക്കുകയും നമുക്കാവശ്യമായ പോഷകങ്ങൾ ഭക്ഷണമായി സ്വീകരിക്കുകയും ചെയ്തു ജീവിക്കുന്ന ജീവികളാണ് ഇവ എന്നതുകൊണ്ട് തന്നെ കുട്ടികളിൽ ഇത് കാര്യമായ പോഷകക്കുറവിനും വളർച്ചക്കുറവിനും കാരണമാകാറുണ്ട്.

വയറുവേദന, വയറിളക്കം, വയറു വീർക്കൽ, മലദ്വാരത്തിൽ ചൊറിച്ചിൽ അനുഭവപ്പെടുക, വിശപ്പില്ലായ്മ, രക്തക്കുറവ് തുടങ്ങിയവയാണ് പൊതുവായി കണ്ടുവരാറുള്ള മറ്റു ലക്ഷണങ്ങൾ. കുടലിനെയല്ലാതെ മറ്റു അവയവങ്ങളെ ബാധിക്കുകയും ഗൗരവമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന വിരകളെയും അപൂർവമായി കണ്ടുവരാറുണ്ട്.

**പ്രതിവിധികൾ**

ഭക്ഷണം കഴിക്കുന്നതിന് മുമ്പ് വൃത്തിയായി കൈ കഴുകുക, നഖം മുറിക്കുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക, ഭക്ഷണ പാനീയങ്ങൾ അടച്ചുവെക്കുക, നന്നായി വേവിച്ച ആഹാരവും തിളപ്പിച്ചാറിയ വെള്ളവും മാത്രം കഴിക്കുക. വീട്ടിൽ വിരശല്യമുള്ള ഒരാളുണ്ടെങ്കിൽ അത് പൂർണമായി മാറുന്നതുവരെ അവരുടെ വസ്ത്രം പ്രത്യേകം കഴുകുകയും അവർ ഉപയോഗിക്കുന്ന ടോയ്‌ലെറ്റ് മറ്റുള്ളവർ ഉപയോഗിക്കാതിരിക്കുകയും ചെയ്യൽ നല്ലതാണ്.

വിരശല്യം മാറാനുള്ള മരുന്ന് കഴിക്കുമ്പോൾ സാധാരണയായി വിരകൾ വിസർജിച്ച് പോകാറാണ് പതിവ്. അതിനാൽ മറ്റുള്ളവരിലേക്ക് അവ പകരാൻ സാധ്യത ഏറെയാണ്. ഇത് തടയാനുള്ള മാർഗം ഒരു വീട്ടിൽ എല്ലാവരും ഒരുമിച്ച് മരുന്ന് കഴിക്കലാണ്.

ലേഖനം



# 'ഞാനൊരു നന്ദിയുള്ള അടിമയാകേണ്ടേ?'

**ഉസ്മാൻ പാലക്കാഴി**

: 9656 292 244

"അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയും തന്നെ" (ക്വുർആൻ 16:18).

സർവലോക രക്ഷിതാവ് മാനവസമൂഹത്തിന് ചെയ്തുതന്ന അനുഗ്രഹങ്ങളെ ഇഹലോകത്തെ ഏതെങ്കിലും ഒരു അളവുകോൽ ഉപയോഗിച്ച് അളക്കുവാൻ സാധ്യമല്ല. പരമകാരുണികനായ രക്ഷിതാവ് മനുഷ്യർക്ക് ചെയ്തുകൊടുക്കുന്ന അനുഗ്രഹങ്ങൾ ആപേക്ഷികമാണ്. ഒരാൾക്ക് ലഭിച്ച അറിവ്, സമ്പത്ത്, ആരോഗ്യം, ആയുസ്സ് തുടങ്ങി ഓരോ അനുഗ്രവും മറ്റൊരാളെ സംബന്ധിച്ചിടത്തോളം അയാൾക്ക് കുറഞ്ഞോ കൂടിയോ ഇരിക്കും. എന്നാൽ ഇസ്‌ലാം എന്ന ഏറ്റവും ഉന്നതമായ, പവിത്രമായ അനുഗ്രഹം അത് മാത്രം അല്ലാഹു മാനവകുലത്തിന് പൂർത്തിയാക്കിക്കൊടുക്കുകയുണ്ടായി. അല്ലാഹു പറയുന്നു:

"ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും

**"അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുകയെന്നത് അവന്റെ അടിമയുടെ നാവുകൊണ്ട് അല്ലാഹുവിനെ പ്രകീർത്തിക്കുകയും ലഭിച്ച അനുഗ്രഹങ്ങൾ നന്ദിപൂർവം എടുത്ത് പറയുകയും ചെയ്യലാണ്. അവന്റെ ഹൃദയംകൊണ്ട് നന്ദികാണിക്കുക എന്നത് അവൻ അതിന് സാക്ഷിയാവുകയും അതായത് അനുഭവിക്കുകയും അതിയായ ഇഷ്ടം പ്രകടിപ്പിക്കുകയും ചെയ്യുക എന്നതാണ്. അവന്റെ അവയവംകൊണ്ട് നന്ദികാണിക്കുക എന്നത് അവൻ (സത്യത്തിൽ) ഉറച്ച് നിൽക്കുകയും (അല്ലാഹുവിനെ) അനുസരിക്കുകയും ചെയ്യുക എന്നതാണ്'' (ഇബ്നുൽ ക്വയ്യിം, മദാഹിബുസ്സാബിക്വീൻ).**




ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു"(ക്വുർആൻ 5:3).

ആ മഹോന്നതമായ ആദർശത്തെ അറിയാനും അനുഭവിക്കാനും സാധിച്ചവരാണല്ലോ വിശ്വാസികൾ. ആ വിശ്വാസിക്ക് തന്റെ നാഥനിൽനിന്നും ലഭിച്ച മഹത്തായ ഈ അനുഗ്രഹത്തിന് എന്താണ് പകരംവയ്ക്കാനുള്ളത്?

വിശുദ്ധ ക്വുർആൻ, തങ്ങൾക്ക് ലഭിച്ച അനുഗ്രങ്ങൾക്ക് നന്ദിചെയ്യണമെന്ന് നിരവധി സ്ഥലങ്ങളിൽ മനുഷ്യരോട് ആഹ്വാനം ചെയ്യുന്നത് കാണാൻ സാധിക്കും. ചില കാര്യങ്ങൾ പറഞ്ഞതിനു ശേഷം 'നിങ്ങൾ നന്ദിയുള്ളവരായേക്കാം,' അതല്ലെങ്കിൽ നിങ്ങൾ 'നന്ദിയുള്ളവരാകുന്നതിനുവേണ്ടി' എന്നിങ്ങനെയുള്ള പ്രയോഗങ്ങളും നമുക്ക് ക്വുർആനിൽ കാണാം. നാഥൻ ചെയ്ത അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാനുള്ള കൽപനകളും നിർദേശങ്ങളും വിശുദ്ധ ക്വുർആനിലും പ്രവാചകവചനങ്ങളിലും നിറഞ്ഞുകിടക്കുകയാണ്.

എന്താണ് നന്ദിചെയ്യുക എന്ന് പറഞ്ഞാൽ? എങ്ങനെയാണ് നന്ദി കാണിക്കേണ്ടത്? മുൻഗാമികളായ പണ്ഡിതൻമാർ 'ശുക്റ്' എന്നതിന് വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. അവയിൽ വളരെ പ്രസക്തമായ ഒരു വ്യഖ്യാനം കാണുക:

"അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുകയെന്നത് അവന്റെ അടിമയുടെ നാവുകൊണ്ട് അല്ലാഹുവിനെ പ്രകീർത്തിക്കുകയും ലഭിച്ച അനുഗ്രഹങ്ങൾ നന്ദിപൂർവം എടുത്ത് പറയുകയും ചെയ്യലാണ്. അവന്റെ ഹൃദയംകൊണ്ട് നന്ദികാണിക്കുക എന്നത് അവൻ അതിന് സാക്ഷിയാവുകയും അതായത് അനുഭവിക്കുകയും അതിയായ ഇഷ്ടം പ്രകടിപ്പിക്കുകയും ചെയ്യുക എന്നതാണ്. അവന്റെ അവയവംകൊണ്ട് നന്ദികാണിക്കുക എന്നത് അവൻ (സത്യത്തിൽ) ഉറച്ച് നിൽക്കുകയും (അല്ലാഹുവിനെ) അനുസരിക്കുകയും ചെയ്യുക എന്നതാണ്" (ഇബ്നുൽ ക്വയ്യിം, മദാഹിബുസ്സാബിക്വീൻ).

അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുമ്പോൾ അവനെ സ്തുതിക്കുകയും 'എനിക്ക് നാഥൻ ഇന്നയിന്ന അനുഗ്രഹങ്ങൾ നൽകി' എന്ന് എടുത്ത് പറയുകയും ചെയ്യണം. അതാണ് ഒരാൾ നാവിലൂടെ ചെയ്യുന്ന ശുക്റ്. ഞാനിന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എനിക്കെന്റെ റബ്ബ് ചെയ്തു തന്ന അനുഗ്രഹമാണല്ലോ എന്ന് ഓർത്ത് റബ്ബിനോട് അടങ്ങാത്ത സ്നേഹം വെച്ചുപുലർത്തുകയെന്നതാണ് ഹൃദയംകൊണ്ട് നന്ദികാണിക്കൽ.

റബ്ബ് പറഞ്ഞതിൽനിന്ന് ഒരിഞ്ചുപോലും പിന്നോട്ട് പോകാതെ ഏത് പ്രതിസന്ധിഘട്ടത്തിലും ഉറച്ചു നിൽക്കുക, അല്ലാഹു വിരോധിച്ചത് ചെയ്യാതിരിക്കുകയും അവൻ കൽപിച്ചത് എത്ര ക്ലേശമനുഭവിച്ചാലും പ്രവർത്തിക്കുകയും നിലനിർത്തുകയും ചെയ്യുക, കിട്ടിയ അനുഗ്രങ്ങൾ അല്ലാഹുവിന് ഇഷ്ടമുള്ള കാര്യങ്ങളിൽ മാത്രം വിനിയോഗിക്കുകയും ചെയ്യുക എന്നതെല്ലാം അവയവങ്ങളിലൂടെയുള്ള നന്ദി പ്രകടിപ്പിക്കലാണ്.

നമുക്ക് അല്ലാഹുവിന്റെ അടുക്കൽനിന്ന് അനുഗ്രഹങ്ങൾ ലഭിച്ചിരിക്കുന്നു എന്ന ബോധമാണ് മനുഷ്യരിൽ ആദ്യമായി ഉണ്ടാവേണ്ടത്. അത് എന്റെ നാഥനിൽനിന്ന് മാത്രമാണെന്ന ബോധം ഉണ്ടാകുമ്പോഴാണ് താഴ്മയും വിനയവും സ്നേഹവും കാണിക്കുവാനും പരസ്പരം

അംഗീകരിക്കാനും സഹകരിക്കുവാനും മനസ്സിലാക്കുവാനും മനുഷ്യന് സാധിക്കുന്നത്. ആ ബോധം നഷ്ടപ്പെടുകയും എല്ലാം തന്റെ അധ്വാനഫലമാണെന്ന മിഥ്യാധാരണ ഉണ്ടാകുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ അഹങ്കാരിയും അത്യാഗ്രഹിയും പാപിയും അക്രമിയുമായി മാറുന്നത്.

നബി(സ്വ)യുടെ കാലത്ത് ശക്തമായ മഴകിട്ടിയപ്പോൾ ആ മഴയെ സംബന്ധിച്ച് ജനങ്ങൾ രണ്ട് നിലക്ക് സംസാരിച്ചു. അന്നേരം അല്ലാഹുവിന്റെ റസൂലിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: "ജനങ്ങളിൽ നന്ദികാണിക്കുന്നവരും നിഷേധികളുമുണ്ട്. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് അവർ (ഈമാനുള്ളവർ) പറഞ്ഞു. എന്നാൽ അവരിൽ ചിലർ മഴ ഇന്ന യിന്ന കാരണങ്ങളാൽ കിട്ടിയതാണെന്ന് പറയുന്നു."

ഇതിൽ ആദ്യത്തെ അഭിപ്രായം നന്ദിയുടെയും രണ്ടാമത്തേത് നന്ദികേടിന്റെയുമാണ്. അല്ലാഹു പറയുന്നു: "നിന്റെ രക്ഷിതാവിന്റെ അനുഗ്രത്തെ സംബന്ധിച്ച് നീ സംസാരിക്കുക" (ക്വുർആൻ 93:11).

മഹാന്മാരായ മുഴുവൻ പ്രവാചകന്മാരും നന്ദികാണിക്കുന്നവരായിരുന്നു എന്ന് ക്വുർആൻ എടുത്തുപറയുന്നത് കാണാം. ഇബ്‌റാഹീം നബി(അ)യെക്കുറിച്ച് അല്ലാഹു പരിചയപ്പെടുത്തിയപ്പോൾ 'അദ്ദേഹം വളരെയേറെ നന്ദികാണിക്കുന്ന ഒരടിമയായിരുന്നു'വെന്ന് പറഞ്ഞത് കാണാം.

നബി(സ്വ) രാത്രിയിൽ വളരെ ദീർഘിച്ചു നമസ്‌കരിക്കുന്നത് സംബന്ധിച്ച് മഹതി ആഇശ(റ) ചോദിച്ചപ്പോൾ 'ഞാനൊരു നന്ദിയുള്ള അടിമയാകേണ്ടേ' എന്ന് അവിടുന്ന് പ്രതിവചിച്ചത് ശ്രദ്ധേയമാണ്.

യൂനുസ്ബ്‌നു ഉബൈദി(റഹി)ന്റെ അടുക്കൽ ഒരിക്കൽ ഒരാൾ വന്ന് ഇല്ലായ്മയെ കുറിച്ച് പരാതിപ്പെട്ടപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇവിടെ പ്രസക്തമാണ്:



**എത്രയെത്ര അനുഗ്രഹങ്ങളാണ് റബ്ബ് നമുക്ക് കനിഞ്ഞരുളിയത്! നമ്മുടെ ശരീരം. അതിന്റെ ഏതെങ്കിലുമൊരു ഭാഗത്തിന് വല്ല അസുഖവും ബാധിച്ചാൽ ബോധ്യമാകും ആ അവയവത്തിന്റെ വില. സർവശക്തൻ നമുക്ക് ഓരോരോ സെക്കൻഡിലും നൽകികൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കാകട്ടെ കൈയും കണക്കുമില്ല. മനുഷ്യർ പരസ്പരം ചെയ്യുന്ന ഉപകാരങ്ങൾക്കും അന്യോന്യം നന്ദികാണിക്കേണ്ടതുണ്ട്. അതിന്റെ വാചികമായ രൂപമാണ് 'അല്ലാഹു നിനക്ക് നന്മചെയ്യുമാറാകട്ടെ' എന്ന പ്രവാചകൻ(സ്വ) പഠിപ്പിച്ച പ്രാർഥന.**

'നിങ്ങളുടെ രണ്ട് കണ്ണ് എനിക്ക് തരുമോ? ഞാൻ നിങ്ങൾക്ക് ഒരു ലക്ഷം ദിർഹം തരാം. നിങ്ങളുടെ ഒരു കൈ എനിക്കു തരുമോ? ഒരു ലക്ഷം ദിർഹം തരാം. നിങ്ങളുടെ ഒരു കാലെനിക്ക് തരുമോ? ഒരു ലക്ഷം ദിർഹം തരാം.' ഇങ്ങനെ അദ്ദേഹത്തിന്റെ അവയവങ്ങളോരോന്ന് എണ്ണിയെണ്ണി അതിനു വില യിട്ടുകൊണ്ട് അദ്ദേഹം ചോദിച്ചു. ആഗതൻ പറഞ്ഞു: 'ഒരിക്കലുമില്ല.' അപ്പോൾ യൂനുസ്ബ്‌നു ഉബൈദ് (റഹി) പറഞ്ഞു: 'ഞാൻ നിന്റെയടുക്കൽ കോടികൾ കാണുന്നു. എന്നിട്ടും ഇല്ലായ്മയെക്കുറിച്ച് ആവലാതിപ്പെടുകയോ?'

അതെ, എത്രയെത്ര അനുഗ്രഹങ്ങളാണ് റബ്ബ് നമുക്ക് കനിഞ്ഞരുളിയത്! നമ്മുടെ ശരീരം. അതിന്റെ ഏതെങ്കിലുമൊരു ഭാഗത്തിന് വല്ല അസുഖവും ബാധിച്ചാൽ ബോധ്യമാകും ആ അവയവത്തിന്റെ വില. സർവശക്തൻ നമുക്ക് ഓരോരോ സെക്കൻഡിലും നൽകികൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കാകട്ടെ കൈയും കണക്കുമില്ല.

മനുഷ്യർ പരസ്പരം ചെയ്യുന്ന ഉപകാരങ്ങൾക്കും അന്യോന്യം നന്ദികാണിക്കേണ്ടതുണ്ട്. അതിന്റെ വാചികമായ രൂപമാണ് 'അല്ലാഹു നിനക്ക് നന്മചെയ്യുമാറാകട്ടെ' എന്ന പ്രവാചകൻ(സ്വ) പഠിപ്പിച്ച പ്രാർഥന.

നന്മ ചെയ്തുതന്നവർക്ക് പ്രത്യുപകാരം ചെയ്യുവാനും അതിനു സാധിക്കാത്ത പക്ഷം അവർക്കുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുവാനും നബി(സ്വ) നിർദേശിച്ചിട്ടുണ്ട്.

നാം ജീവിക്കുന്ന രാജ്യത്തോടും സമൂഹത്തോടും നന്ദി കാണിക്കൽ നമ്മുടെ ബാധ്യതയാണെന്ന്

ഇതിൽ നിന്നെല്ലാം വ്യക്തമാണ്. അവനവന്റെ വിശ്വാസമനുസരിച്ച് ജീവിക്കുവാനും ആരാധനകളും അനുഷ്ഠാന കർമങ്ങളും നിർവഹിക്കുവാനും അതിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുവാനുമെല്ലാമുള്ള സ്വാതന്ത്ര്യവും നിർഭയത്വവും നമുക്ക് നമ്മുടെ നാട്ടിലുണ്ട്. സർവശക്തനോട് അതിന് നന്ദികാണിക്കണം. രാജ്യത്തിന്റെ പൊതുനന്മക്കായി പ്രവർത്തിക്കലും മതവിരുദ്ധമല്ലാത്ത നിയമങ്ങൾ പാലിക്കലും അതിന്റെ വളർച്ചക്കാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യലുമെല്ലാം രാജ്യത്തോടു കാണിക്കുന്ന നന്ദിയാണ്. നിർഭയമായി പുറത്തിറങ്ങാൻ പോലും സാധിക്കാത്ത എത്രയെത്ര രാജ്യങ്ങൾ! സദാസമയവും കാതടിപ്പിക്കുന്ന ബോംബുവർഷവും രക്തച്ചൊരിച്ചിലുകളും മാത്രം കാണാനും കേൾക്കാനും വിധിക്കപ്പെട്ട ജനങ്ങൾ! എന്നാൽ നമുക്ക് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ അങ്ങനെയൊരവസ്ഥയില്ല. അതിനാൽ ഈ അനുകൂലാവസ്ഥയെ ഹനിക്കുന്ന വിധത്തിലുള്ള രചനയോ പ്രസംഗമോ തീവ്രവാദ ഭീകരവാദ പ്രവർത്തനങ്ങൾക്കനുകൂലമാകുന്ന ഏതെങ്കിലും രൂപത്തിലുള്ള ഇടപെടലുകളോ വിശ്വാസികളിൽ നിന്ന് ഉണ്ടാകാൻ പാടില്ല.

കിട്ടിയ അനുഗ്രഹങ്ങളെ മറന്നുകളഞ്ഞ സബഅ് ദേശക്കാരായ രണ്ടുപേരെ വിശുദ്ധ ക്വുർആൻ പരിചയപ്പെടുത്തുന്നത് കാണുക:

“തീർച്ചയായും സബഅ് ദേശക്കാർക്ക് തങ്ങളുടെ അധിവാസ കേന്ദ്രത്തിൽ തന്നെ ദൃഷ്ടാന്തമുണ്ടായിരുന്നു. അതായത് വലതുഭാഗത്തും ഇടതുഭാഗത്തുമായി രണ്ടു തോട്ടങ്ങൾ. (അവരോട് പറയപ്പെട്ടു:) നിങ്ങളുടെ രക്ഷിതാവ് തന്ന ഉപജീവനത്തിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും അവനോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക. നല്ലൊരു രാജ്യവും ഏറെ പൊറുക്കുന്ന രക്ഷിതാവും! എന്നാൽ അവർ പിന്തിരിഞ്ഞു കളഞ്ഞു. അപ്പോൾ അണക്കെട്ടിൽ നിന്നുള്ള ജലപ്രവാഹത്തെ അവരുടെ നേരെ നാം അയച്ചു. അവരുടെ ആ രണ്ട് തോട്ടങ്ങൾക്ക് പകരം കയ്പുള്ള കായ്കനികളും കാറ്റാടി മരവും അൽപം ചില വാകമരങ്ങളും ഉള്ള രണ്ട് തോട്ടങ്ങൾ നാം അവർക്ക് നൽകുകയും ചെയ്തു. അവർ നന്ദികേട് കാണിച്ചതിന് നാം അവർക്ക് പ്രതിഫലമായി നൽകിയതാണത്. കടുത്ത നന്ദികേട് കാണിക്കുന്നവന്റെ നേരെയല്ലാതെ നാം ശിക്ഷാനടപടിയെടുക്കുമോ?” (ക്വുർആൻ 34:15-17).

നന്ദികേടു കാണിച്ച മറ്റൊരു നാട്ടുകാരെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

“അല്ലാഹു ഒരു രാജ്യത്തെ ഉപമയായി എടുത്തു കാണിക്കുകയാകുന്നു. അത് സുരക്ഷിതവും ശാന്തവുമായിരുന്നു. അതിലെ ആവശ്യത്തിനുള്ള ഭക്ഷണം എല്ലായിടത്ത് നിന്നും സമൃദ്ധമായി അവിടെ എത്തിക്കൊണ്ടിരിക്കും. എന്നിട്ട് ആ രാജ്യം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിച്ചു. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് നിമിത്തം വിശപ്പിന്റെയും ഭയത്തിന്റെയും ഉടുപ്പ് അല്ലാഹു ആ രാജ്യത്തിന് അനുഭവിപ്പിക്കുമാറാക്കി” (ക്വുർആൻ 16: 112).

**നാം ജീവിക്കുന്ന രാജ്യത്തോടും സമൂഹത്തോടും നന്ദി കാണിക്കൽ നമ്മുടെ ബാധ്യതയാണെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാണ്. അവനവന്റെ വിശ്വാസമനുസരിച്ച് ജീവിക്കുവാനും ആരാധനകളും അനുഷ്ഠാന കർമങ്ങളും നിർവഹിക്കുവാനും അതിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുവാനുമെല്ലാമുള്ള സ്വാതന്ത്ര്യവും നിർഭയത്വവും നമുക്ക് നമ്മുടെ നാട്ടിലുണ്ട്. സർവശക്തനോട് അതിന് നന്ദികാണിക്കണം. രാജ്യത്തിന്റെ പൊതുനന്മക്കായി പ്രവർത്തിക്കലും മതവിരുദ്ധമല്ലാത്ത നിയമങ്ങൾ പാലിക്കലും അതിന്റെ വളർച്ചക്കാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യലുമെല്ലാം രാജ്യത്തോടു കാണിക്കുന്ന നന്ദിയാണ്.**



സ്രഷ്ടാവിനോട് നന്ദികേട് കാണിച്ച ഒരു വ്യക്തിയുടെ കഥ അല്ലാഹു പറഞ്ഞുതരുന്നത് കാണുക: "നീ അവർക്ക് ഒരു ഉപമ വിവരിച്ചുകൊടുക്കുക. രണ്ട് പുരുഷന്മാർ. അവരിൽ ഒരാൾക്ക് നാം രണ്ട് മുന്തിരിത്തോട്ടങ്ങൾ നൽകി. അവയെ (തോട്ടങ്ങളെ) നാം ഈന്തപ്പനകൊണ്ട് വലയം ചെയ്തു. അവയ്ക്കിടയിൽ (തോട്ടങ്ങൾക്കിടയിൽ) ധാന്യകൃഷിയിടവും നാം നൽകി. ഇരു തോട്ടങ്ങളും അവയുടെ ഫലങ്ങൾ നൽകിവന്നു. അതിൽ യാതൊരു ക്രമക്കേടും വരുത്തിയില്ല. അവയ്ക്കിടയിലൂടെ നാം ഒരു നദി ഒഴുക്കുകയും ചെയ്തു. അവന്നു പല വരുമാനവുമുണ്ടായിരുന്നു. അങ്ങനെ അവൻ തന്റെ ചങ്ങാതിയോട് സംവാദം നടത്തിക്കൊണ്ടിരിക്കെ പറയുകയുണ്ടായി: ഞാനാണ് നിന്നെക്കാൾ കൂടുതൽ ധനമുള്ളവനും കൂടുതൽ സംഘബലമുള്ളവനും. സ്വന്തത്തോട് തന്നെ അന്യായം പ്രവർത്തിച്ചുകൊണ്ട് അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: ഒരിക്കലും ഇതൊന്നും നശിച്ച് പോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്ത്യസമയം നിലവിൽവരും എന്നും ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുകയാണെങ്കിലോ, തീർച്ചയായും, മടങ്ങിച്ചെല്ലുന്നതിന് ഇതിനെക്കാൾ ഉത്തമമായ ഒരു സ്ഥലം എനിക്ക് ലഭിക്കുക തന്നെ ചെയ്യും. അവന്റെ ചങ്ങാതി അവനുമായി സംവാദം നടത്തിക്കൊണ്ടിരിക്കെ പറഞ്ഞു: മണ്ണിൽ നിന്നും അനന്തരം ബീജത്തിൽ നിന്നും നിന്നെ സൃഷ്ടിക്കുകയും, പിന്നീട് നിന്നെ ഒരു പുരുഷനായി സംവിധാനിക്കുകയും ചെയ്തവനിൽ നീ അവിശ്വസിച്ചിരിക്കുകയാണോ? എന്നാൽ (എന്റെ വിശ്വാസമിതാണ്:) അവൻ അഥവാ അല്ലാഹുവാകുന്നു എന്റെ രക്ഷിതാവ്. എന്റെ രക്ഷിതാവിനോട് യാതൊന്നിനെയും ഞാൻ പങ്കുചേർക്കുകയില്ല. നീ നിന്റെ തോട്ടത്തിൽ കടന്ന



**അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുക എന്നത് തന്നെയാണ് ആ അനുഗ്രഹങ്ങൾ നിലനിർത്തിക്കിട്ടുന്നതിനുള്ള മാർഗം. നമുക്ക് ലഭിച്ച അറിവ്, സമ്പത്ത്, ആരോഗ്യം, ഒഴിവ് സമയം തുടങ്ങിയവയെല്ലാം വിലയേറിയ അനുഗ്രഹങ്ങളാണ്. ഏത് അനുഗ്രഹവും - ചെറുതായാലും വലുതായാലും - അതെന്റെ റബ്ബെനിക്ക് തന്നതാണെന്ന ബോധമാണ് അതിപ്രധാനം. "നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചുതരുന്നതാണ്. എന്നാൽ നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രസ്താവിച്ച സന്ദർഭം ശ്രദ്ധേയമത്രെ'' (ക്വുർആൻ 14:7).**

സമയത്ത്, ഇത് അല്ലാഹു ഉദ്ദേശിച്ചതത്രെ, അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും ഇല്ല എന്ന് നിനക്ക് പറഞ്ഞുകൂടായിരുന്നോ? നിന്നെക്കാൾ ധനവും സന്താനവും കുറഞ്ഞവനായി നീ എന്നെ കാണുന്നുവെങ്കിൽ, എന്റെ രക്ഷിതാവ് എനിക്ക് നിന്റെ തോട്ടത്തെക്കാൾ നല്ലത് നൽകി എന്ന് വരാം. നിന്റെ തോട്ടത്തിന്റെ നേരെ അവൻ ആകാശത്തുനിന്ന് ശിക്ഷ അയക്കുകയും അങ്ങനെ അത് ചതുപ്പുനിലമായിത്തീരുകയും ചെയ്തു എന്ന് വരാം. അല്ലെങ്കിൽ അതിലെ വെള്ളം നിനക്ക് ഒരിക്കലും തേടിപ്പിടിച്ച് കൊണ്ടുവരുവാൻ കഴിയാത്തവിധം വറ്റിപ്പോയെന്നും വരാം. അവന്റെ ഫലസമൃദ്ധി (നാശത്താൽ) വലയം ചെയ്യപ്പെട്ടു. അവ (തോട്ടങ്ങൾ) അവയുടെ പന്തലുകളോടെ വീണടിഞ്ഞ് കിടക്കവെ താൻ അതിൽ ചെലവഴിച്ചതിന്റെ പേരിൽ അവൻ (നഷ്ടബോധത്താൽ) കൈ മലർത്തുന്നവനായി ത്തീർന്നു. എന്റെ രക്ഷിതാവിനോട് ആരെയും ഞാൻ പങ്കുചേർക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് അവൻ പറയുകയും ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവിന് പുറമെ യാതൊരു കക്ഷിയും അവന്ന് സഹായം നൽകുവാനുണ്ടായില്ല. അവന്ന് (സ്വയം) അതിജയിക്കുവാൻ കഴിഞ്ഞതുമില്ല" (അൽകഹ്ഫ് 32-43).

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുക എന്നത് തന്നെയാണ് ആ അനുഗ്രഹങ്ങൾ നിലനിർത്തിക്കിട്ടുന്നതിനുള്ള മാർഗം. നമുക്ക് ലഭിച്ച അറിവ്, സമ്പത്ത്, ആരോഗ്യം, ഒഴിവ് സമയം തുടങ്ങിയവയെല്ലാം വിലയേറിയ അനുഗ്രഹങ്ങളാണ്. ഏത് അനുഗ്രഹവും - ചെറുതായാലും വലുതായാലും - അതെന്റെ റബ്ബെനിക്ക് തന്നതാണെന്ന ബോധമാണ് അതിപ്രധാനം.

"നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചുതരുന്നതാണ്. എന്നാൽ നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രസ്താവിച്ച സന്ദർഭം ശ്രദ്ധേയമത്രെ" (ക്വുർആൻ 14:7).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
40

# സൂറ: ഗാഫിർ

## (പാപം പൊറുക്കുന്നവൻ)

(മക്കയിൽ അവതരിച്ചത്)

مِثۡلَ دَأۡبِ قَوۡمِ نُوحٖ وَعَادٖ وَثَمُودَ وَٱلَّذِينَ مِنۢ
بَعۡدِهِمۡۚ وَمَا ٱللَّهُ يُرِيدُ ظُلۡمٗا لِّلۡعِبَادِ ٣١

وَيَٰقَوۡمِ إِنِّيٓ أَخَافُ عَلَيۡكُمۡ يَوۡمَ ٱلتَّنَادِ ٣٢

يَوۡمَ تُوَلُّونَ مُدۡبِرِينَ مَا لَكُم مِّنَ ٱللَّهِ مِنۡ عَاصِمٖۗ
وَمَن يُضۡلِلِ ٱللَّهُ فَمَا لَهُۥ مِنۡ هَادٖ ٣٣

وَلَقَدۡ جَآءَكُمۡ يُوسُفُ مِن قَبۡلُ بِٱلۡبَيِّنَٰتِ
فَمَا زِلۡتُمۡ فِي شَكّٖ مِّمَّا جَآءَكُم بِهِۦۖ حَتَّىٰٓ إِذَا
هَلَكَ قُلۡتُمۡ لَن يَبۡعَثَ ٱللَّهُ مِنۢ بَعۡدِهِۦ
رَسُولٗاۚ كَذَٰلِكَ يُضِلُّ ٱللَّهُ مَنۡ هُوَ
مُسۡرِفٞ مُّرۡتَابٌ ٣٤

ٱلَّذِينَ يُجَٰدِلُونَ فِيٓ ءَايَٰتِ ٱللَّهِ بِغَيۡرِ سُلۡطَٰنٍ
أَتَىٰهُمۡۖ كَبُرَ مَقۡتًا عِندَ ٱللَّهِ وَعِندَ ٱلَّذِينَ
ءَامَنُواْۚ كَذَٰلِكَ يَطۡبَعُ ٱللَّهُ عَلَىٰ كُلِّ قَلۡبِ
مُتَكَبِّرٖ جَبَّارٖ ٣٥

31. അതായത് നൂഹിന്റെ ജനതയുടെയും ആദിന്റെയും സമൂദിന്റെയും അവർക്ക് ശേഷമുള്ളവരുടെയും അനുഭവത്തിന് തുല്യമായത്. ദാസൻമാരോട് യാതൊരു അക്രമവും ചെയ്യാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല.

32. എന്റെ ജനങ്ങളേ, (നിങ്ങൾ) പരസ്പരം വിളിച്ചു കേഴുന്ന ദിവസത്തെ നിങ്ങളുടെ കാര്യത്തിൽ തീർച്ചയായും ഞാൻ ഭയപ്പെടുന്നു.

33. അതായത് നിങ്ങൾ പിന്നാക്കം തിരിഞ്ഞോടുന്ന ദിവസം. അല്ലാഹുവിന്റെ ശിക്ഷയിൽനിന്നും രക്ഷനൽകുന്ന ഒരാളും നിങ്ങൾക്കില്ല. ഏതൊരാളെ അല്ലാഹു വഴിതെറ്റിക്കുന്നുവോ, അവന് നേർവഴി കാണിക്കാൻ ആരുമില്ല.

34. വ്യക്തമായ തെളിവുകളുംകൊണ്ട് മുമ്പ് യൂസുഫ് നിങ്ങളുടെ അടുത്ത് വരികയുണ്ടായിട്ടുണ്ട്. അപ്പോൾ അദ്ദേഹം നിങ്ങൾക്ക് കൊണ്ടുവന്നതിനെ പറ്റി നിങ്ങൾ സംശയത്തിലായിക്കൊണ്ടേയിരുന്നു. എന്നിട്ട് അദ്ദേഹം മരണപ്പെട്ടപ്പോൾ ഇദ്ദേഹത്തിനു ശേഷം അല്ലാഹു ഇനി ഒരു ദൂതനെയും നിയോഗിക്കുകയേ ഇല്ല എന്ന് നിങ്ങൾ പറഞ്ഞു. അപ്രകാരം അതിക്രമകാരിയും സംശയാലുവുമായിട്ടുള്ള താരോ അവരെ അല്ലാഹു വഴിതെറ്റിക്കുന്നു.

35. അതായത് തങ്ങൾക്ക് യാതൊരു ആധികാരിക പ്രമാണവും വന്നുകിട്ടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തർക്കം നടത്തുന്നവരെ. അത് അല്ലാഹുവിന്റെ അടുക്കലും സത്യവിശ്വാസികളുടെ അടുക്കലും വലിയ കോപഹേതുവായിരിക്കുന്നു. അപ്രകാരം അഹങ്കാരികളും ഗർവിഷ്ഠരും ആയിട്ടുള്ളവരുടെ ഹൃദയങ്ങളിലെല്ലാം അല്ലാഹു മുദ്രവെക്കുന്നു.

31). തുടർന്ന് അവരെക്കുറിച്ച് വ്യക്തമാക്കിക്കൊണ്ട് പറഞ്ഞു: (അതായത് നൂഹിന്റെ ജനതയുടെയും ആദിന്റെയും സമൂദിന്റെയും അവർക്കുശേഷമുള്ളവരുടെയും അനുഭവത്തിന് തുല്യമായത്) കളവാക്കുക, നിഷേധിക്കുക എന്നതാണ് അവരുടെ പതിവ്. പരലോക ശിക്ഷയ്ക്ക് മുമ്പ് ഇഹലോകത്തുവെച്ചുതന്നെ വേഗത്തിൽ ശിക്ഷ നൽകുക എന്നതാണ് അല്ലാഹുവിന്റെ പതിവ്. (ദാസന്മാരോട് യാതൊരു അക്രമവും ചെയ്യാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല) അവരിൽ സംഭവിക്കാത്ത കുറ്റത്തിനോ അവർ പ്രവർത്തിക്കാത്ത തെറ്റിനോ അവരെ ശിക്ഷിക്കുന്നതിലൂടെ.

32). ഇഹലോകത്തെ ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യുന്നതിനോടൊപ്പം പരലോകത്തെ ശിക്ഷയെക്കുറിച്ചും താക്കീത് ചെയ്യുന്നു: (എന്റെ ജനങ്ങളേ-നിങ്ങൾ-പരസ്പരം വിളിച്ചുകേഴുന്ന ദിവസത്തെ നിങ്ങളുടെ കാര്യത്തിൽ തീർച്ചയായും ഞാൻ ഭയപ്പെടുന്നു) സ്വർഗക്കാരും നരകക്കാരും പരസ്പരം വിളിച്ചുകേഴുന്ന ഉയിർത്തെഴുന്നേൽപ് ദിനം. ഞങ്ങളോട് ഞങ്ങളുടെ രക്ഷിതാവ് വാഗ്ദാനം ചെയ്തത് ഞങ്ങൾ യാഥാർഥ്യമായി കണ്ടെത്തിക്കഴിഞ്ഞു.

وَنَادَىٰٓ أَصۡحَٰبُ ٱلنَّارِ أَصۡحَٰبَ ٱلۡجَنَّةِ أَنۡ أَفِيضُواْ عَلَيۡنَا مِنَ ٱلۡمَآءِ أَوۡ مِمَّا رَزَقَكُمُ ٱللَّهُۚ قَالُوٓاْ إِنَّ ٱللَّهَ حَرَّمَهُمَا عَلَى ٱلۡكَٰفِرِينَ ﴿٥٠﴾

''നരകാവകാശികൾ സ്വർഗാവകാശികളെ വിളിച്ച് പറയും. ഞങ്ങൾക്ക് അൽപം വെള്ളമോ അല്ലാഹു നിങ്ങൾക്ക് നൽകിയ ഉപജീവനത്തിൽ നിന്ന് അൽപമോ നിങ്ങൾ ചൊരിഞ്ഞുതരണേ. അവർ പറയും: സത്യനിഷേധികൾക്ക് അല്ലാഹു അത് രണ്ടും തീർത്തും വിലക്കിയിരിക്കുകയാണ്'' (അഅ്റാഫ് 50). നരകക്കാർ നരകത്തിന്റെ കാവൽക്കാരനായ മാലികിനെ വിളിച്ച് കേഴുന്നൊരു രംഗമുണ്ട്. അവർ പറയും:

لِيَقۡضِ عَلَيۡنَا رَبُّكَ

"താങ്കളുടെ രക്ഷിതാവ് ഞങ്ങളുടെ മേൽ മരണം വിധിക്കട്ടെ.'' അപ്പോൾ മലക്ക് പറയും:

إِنَّكُم مَّٰكِثُونَ

"നിങ്ങൾ ഇവിടെ താമസിക്കേണ്ടവർ തന്നെയാകുന്നു'' (സുഖ്റുഫ് 77).

അപ്പോൾ അവർ തങ്ങളുടെ രക്ഷിതാവിനെ വിളിച്ചുപറയും:

رَبَّنَآ أَخۡرِجۡنَا مِنۡهَا فَإِنۡ عُدۡنَا فَإِنَّا ظَٰلِمُونَ ﴿١٠٧﴾

"ഇനി ഞങ്ങൾ ദുർമാർഗത്തിലേക്ക് മടങ്ങുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും.'' അപ്പോൾ അവൻ അവർക്ക് മറുപടി നൽകും.

ٱخۡسَـُٔواْ فِيهَا وَلَا تُكَلِّمُونِ ﴿١٠٨﴾

"അവൻ (അല്ലാഹു) പറയും: നിങ്ങൾ അവി ടെത്തന്നെ നിന്ദ്യരായിക്കഴിയുക. നിങ്ങൾ എന്നോട് മിണ്ടിപ്പോകരുത്''(മുഅ്മിനൂൻ 108).

ബഹുദൈവ വിശ്വാസികളോട് പറയപ്പെടുന്ന മറ്റൊരു രംഗമുണ്ട്:

ٱدۡعُواْ شُرَكَآءَكُمۡ فَدَعَوۡهُمۡ فَلَمۡ يَسۡتَجِيبُواْ لَهُمۡ

"നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കൂ എന്ന് (ബഹുദൈവവാദികളോട്) പറയപ്പെടും. അപ്പോൾ അവർ അവരെ വിളിക്കും. എന്നാൽ അവർ (പങ്കാളികൾ) ഇവർക്ക് ഉത്തരം നൽകുന്നതല്ല'' (28:68).

33) ആ വിശ്വാസിയായ മനുഷ്യൻ ഈ ഭയാനക ദിവസത്തെപ്പറ്റി അവരെ താക്കീത് ചെയ്യുന്നു. അവർ അവരുടെ ബഹുദൈവ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നതിൽ അദ്ദേഹം വേദന പ്രകടിപ്പിക്കുകയും ചെയ്യുന്നു. അതാണദ്ദേഹം പറഞ്ഞത്: (അതായത് നിങ്ങൾ പിന്നാക്കം തിരിഞ്ഞോടുന്ന ദിവസം) അതായത് നരകത്തിലേക്ക് കൊണ്ടുപോകുന്ന. (അല്ലാഹുവിന്റെ ശിക്ഷയിൽനിന്നും രക്ഷ നൽകുന്ന ഒരാളും നിങ്ങൾക്കില്ല) അല്ലാഹുവിന്റെ ശിക്ഷയെ പ്രതിരോധിക്കുവാൻ നിങ്ങൾക്ക് സ്വന്തമായ ശക്തിയില്ല. ഒരാളും അല്ലാഹുവിന് പുറമെ നിങ്ങളെ സഹായിക്കുന്നവരായും ഇല്ല.

يَوۡمَ تُبۡلَى ٱلسَّرَآئِرُ ﴿٩﴾ فَمَا لَهُۥ مِن قُوَّةٖ وَلَا نَاصِرٖ ﴿١٠﴾

"രഹസ്യങ്ങൾ പരിശോധിക്കപ്പെടുന്ന ദിവസം. അപ്പോൾ അവന് യാതൊരു ശക്തിയോ സഹായിയോ ഉണ്ടായിരിക്കുകയില്ല'' (86:9,10).

(ഏതൊരാളെ അല്ലാഹു വഴിതെറ്റിക്കുന്നുവോ അവന് നേർവഴി കാണിക്കാൻ ആരുമില്ല) കാരണം, സന്മാർഗം അല്ലാഹുവിന്റെ അടുക്കലാണ്. സന്മാർഗത്തെ അവൻ തന്റെ ദാസന് തടഞ്ഞാൽ അവന്റെ മോശം പ്രവർത്തനങ്ങൾകൊണ്ട് അവനതിന് അർഹനല്ലെന്ന് മനസ്സിലാക്കാം. പിന്നീട് അവന്റെ സന്മാർഗത്തിന് വഴികളില്ല.

34). (യൂസുഫ് നിങ്ങളുടെ അടുത്ത് വരികയു

ണ്ടായിട്ടുണ്ട്) യഅ്ക്വൂബ് നബി(അ)യുടെ മകൻ. (മുമ്പ്) മൂസാ നബി(അ) വരുന്നതിനുമുമ്പ്. (വ്യക്തമായ തെളിവുകളുംകൊണ്ട്) തന്റെ സത്യതയെ സ്ഥാപിക്കുന്ന തെളിവുകൾ, പങ്കുകാരില്ലാത്ത ഏകനായ നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കണമെന്ന് കൽപിച്ചുകൊണ്ടും. (അപ്പോൾ അദ്ദേഹം നിങ്ങൾക്ക് കൊണ്ടുവന്നതിനെപ്പറ്റി നിങ്ങൾ സംശയത്തിലാകേണ്ടിയിരുന്നു) അദ്ദേഹം ജീവിച്ചിരിക്കുന്നകാലത്ത്. (എന്നിട്ട് അദ്ദേഹം മരണപ്പെട്ടപ്പോൾ) നിങ്ങളുടെ ശിർക്കും സംശയവുമെല്ലാം വർധിച്ചു. (ഇദ്ദേഹത്തിനുശേഷം അല്ലാഹു ഇനി ഒരു ദൂതനെ നിയോഗിക്കുകയേ ഇല്ല എന്ന് നിങ്ങൾ പറഞ്ഞു) ഇത് നിങ്ങളുടെ തെറ്റായ വിചാരവും അല്ലാഹുവിലുള്ള വിശ്വാസത്തിനോട് യോജിക്കാത്ത ചിന്തയുമാണ്. തന്റെ ദാസന്മാർക്ക് കൽപനാവിരോധങ്ങൾ നൽകാതെ അവരെ അലക്ഷ്യമായി അല്ലാഹു ഉപേക്ഷിക്കില്ല. മറിച്ച് അവൻ അവരിലേക്ക് പ്രവാചകന്മാരെ നിയോഗിക്കും. അല്ലാഹു പ്രവാചകന്മാരെ നിയോഗിക്കില്ലെന്ന ധാരണ തെറ്റായ ധാരണതന്നെയാണ്. അതാണ് അല്ലാഹു പറഞ്ഞത്: (അപ്രകാരം അതിക്രമകാരിയും സംശയാലുവുമായിട്ടുള്ളതാരോ അവരെ അല്ലാഹു വഴിതെറ്റിക്കുന്നു) അക്രമവും അഹങ്കാരവും മൂലം അവൻ നിഷേധിച്ചു എന്ന് മൂസാ നബി(അ) അവരെപ്പറ്റിപ്പറഞ്ഞ ആ യഥാർഥ വിശേഷണം തന്നെയാണ് ഈ പറഞ്ഞതിലുമുള്ളത്. സത്യമുപേക്ഷിക്കുകയും വഴികേടിലേക്ക് തെറ്റിപ്പോവുകയും ചെയ്തതിലൂടെ അവർ അതിരുവിട്ടവരായി. അല്ലാഹുവിനെക്കുറിച്ച് വ്യാജം പറഞ്ഞതിനാൽ അവർ കളവ് പറഞ്ഞവരും അവന്റെ ദൂതനെ വ്യാജമാക്കിയവരുമായി. അതിരുവിടുക, കളവാക്കുക എന്നീ വിശേഷണങ്ങൾക്ക് വിധേയരായവർ അല്ലാഹു നേർമാർഗത്തിലാക്കാതെ, നന്മക്ക് അവസരം നൽകാതെ തുടർന്നുകൊണ്ടിരിക്കും. കാരണം സത്യം തന്നിലേക്കെത്തുകയും മനസ്സിലാക്കുകയും ചെയ്തശേഷം അതിനെ തള്ളിക്കളയുന്നവന്റെ പ്രതിഫലം സന്മാർഗത്തിന് അവസരം കിട്ടാതെ അവനെ തടയുക എന്നതുതന്നെയാണ്. അല്ലാഹു പറയുന്നു:

فَلَمَّا زَاغُوٓا۟ أَزَاغَ ٱللَّهُ قُلُوبَهُمْ ۚ

"അങ്ങനെ അവർ തെറ്റിപ്പോയപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ തെറ്റിച്ചുകളഞ്ഞു" (61:5).

وَنُقَلِّبُ أَفْـِٔدَتَهُمْ وَأَبْصَـٰرَهُمْ كَمَا لَمْ يُؤْمِنُوا۟ بِهِۦٓ أَوَّلَ مَرَّةٍ وَنَذَرُهُمْ فِى طُغْيَـٰنِهِمْ يَعْمَهُونَ ﴿١١٠﴾

"ഇതിൽ ആദ്യതവണ അവർ വിശ്വസിക്കാതിരുന്നത് പോലെത്തന്നെ നാം അവരുടെ മനസ്സുകളെയും കണ്ണുകളെയും മറിച്ചുകൊണ്ടിരിക്കും. അവരുടെ ധിക്കാരവുമായി വിഹരിച്ചുകൊള്ളുവാൻ നാം അവരെ വിട്ടേക്കുകയും ചെയ്യും" (അൽഅൻആം 110)

وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ

"അക്രമികളായ ജനതയെ അല്ലാഹു സന്മാർഗത്തിൽ ആക്കുകയില്ല"(2:258).

35). തുടർന്ന് സംശയാലുവിനെയും അതിരുവിട്ടവനെയും കുറിച്ചാണ് പറയുന്നത്. (അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തർക്കം നടത്തുന്നവർ) കണ്ണുകൾക്ക് സൂര്യനെന്നപോലെ അസത്യത്തിൽനിന്ന് വ്യക്തമായി നിൽക്കുന്നവയിൽ, വ്യക്തതയുണ്ടായിട്ടും അവർ തർക്കം നടത്തിക്കൊണ്ടിരിക്കുന്നു. അതിനെ പ്രതിരോധിക്കാനും നിരർഥകമാക്കാനുമാണ് അവരുദ്ദേശിക്കുന്നത്. (യാതൊരാധികാരിക പ്രമാണവും വന്നുകിട്ടാതെ) അതായത് യാതൊരു ന്യായവും പ്രമാണവുമില്ലാതെ അല്ലാഹുവിന്റെ വചനങ്ങളിൽ തർക്കം നടത്തുന്ന എല്ലാവരെയും കുറിച്ചാണ് ഈ വിശദീകരണം. അതിനെതിരെ വ്യക്തമായ പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ എതിർക്കുവാൻ ആർക്കും സാധിക്കില്ല. കാരണം, സത്യത്തിന് എതിരെ ഒരു പ്രമാണമുണ്ടാകില്ല. മതപരമായതോ ബുദ്ധിപരമായതോ ആയ യാതൊരു തെളിവും അതിന്നെതിരായി ഉണ്ടാവുന്നതല്ല. (വലിയതായിരിക്കുന്നു) സത്യത്തെ അസത്യംകൊണ്ട് എതിർക്കുന്ന വാക്ക്. (അത് അല്ലാഹുവിന്റെ അടുക്കലും സത്യവിശ്വാസികളുടെ അടുക്കലും വലിയ കോപഹേതുവായിരിക്കുന്നു) ഇവർക്ക് അല്ലാഹുവിന്റെ കഠിനമായ കോപമുണ്ട്. കാരണം, സത്യത്തെ തള്ളിക്കളയുകയും അസത്യത്തെ സത്യപ്പെടുത്തുകയും ചെയ്യുന്നു. മാത്രവുമല്ല, ഈ അസത്യം അല്ലാഹുവിലേക്ക് ചേർത്ത് പറയുകകൂടി ചെയ്യുന്നു. ഇത്തരം കാര്യങ്ങളോടും അതുകൊണ്ട് നടക്കുന്നവരോടും അല്ലാഹുവിന്റെ കോപം കഠിനമാകുന്നു. തങ്ങളുടെ രക്ഷിതാവിനോട് യോജിപ്പ് പുലർത്തിക്കൊണ്ട് സത്യവിശ്വാസികളുടെ ഇത്തരം കാര്യങ്ങളെ വെറുക്കുന്നു. ഇവരാകട്ടെ അല്ലാഹുവിന്റെ പ്രത്യേക പടപ്പുകളാണ്. അവരോടുള്ള കോപം അവരുടെ പ്രവർത്തനങ്ങളുടെ മോശാവസ്ഥയെ സൂചിപ്പിക്കുന്നു. (അപ്രകാരം) ഫിർഔനിന്റെ ആളുകളുടെ ഹൃദയങ്ങളിൽ മുദ്ര വെക്കപ്പെട്ടതുപോലെ (അഹങ്കാരികളും ഗർവിഷ്ഠരും ആയിട്ടുള്ളവരുടെ ഹൃദയങ്ങളിലെല്ലാം അല്ലാഹു മുദ്രവെക്കുന്നു). അഹങ്കാരി എന്നത് സത്യത്തെ തള്ളിക്കളയുന്നവനും പടപ്പുകളെ നിസ്സാരമായി കാണുന്നവനുമാണ്. ജബ്ബാർ എന്നത് അവന്റെ ശത്രുതതയുടെയും അക്രമത്തിന്റെയും ആധിക്യത്തെ കുറിക്കുന്നു. ■



# കറാമത്ത് വിവാദം:

# സമസ്തയിൽ സംഭവിക്കുന്നത്...?

**അബ്ദുൽ മാലിക് സലഫി**

: 96565 30656

കോവിഡിന് ശേഷം ലോകം നന്നായി മാറിയിട്ടുണ്ട്. മത-സാംസ്കാരിക രംഗങ്ങളിൽ പ്രസ്തുത മാറ്റം പ്രകടമാണ്. സാമൂഹിക മാധ്യമങ്ങളുടെ സ്വതന്ത്രമായ ഉപയോഗം മനുഷ്യജീവിതത്തിലും സംസ്കാരത്തിലും സാരമായ പരിക്കുകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നത് ഇന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്. വരുമാനം നിലച്ച കോവിഡ് കാലത്ത് വരുമാനം കണ്ടെത്താനായി പലരും സോഷ്യൽ മീഡിയകളിലേക്ക് തിരിഞ്ഞു. നേരും നെറിയും നോക്കാതെ തന്റെ കാഴ്ചക്കാരുടെ വർധനവും അതിലൂടെ തനിക്ക് ലഭിക്കുന്ന വരുമാനവും മാത്രമായി ചിലരുടെ! ഫലമോ? കോവിഡിന് മുമ്പുള്ളതിനെക്കാൾ മനുഷ്യർ കൂടുതൽ ദുഷിച്ചു!

മതരംഗവും ഈ ജീർണതയിൽനിന്ന് മുക്തമായിരുന്നില്ല. എന്തും മതത്തിന്റെ പേരിൽ വിളിച്ച് പറയുന്ന അവസ്ഥ വന്നുകഴിഞ്ഞു. പടച്ചവന്റെ പരീക്ഷണങ്ങൾ നേരിട്ട് കണ്ടിട്ടും, ലക്ഷങ്ങൾ മരണപ്പെട്ട വാർത്തകൾ കേട്ടിട്ടും മനസ്സിനു യാതൊരു മാറ്റവും വന്നില്ല.

അല്ലാഹു പറയുന്നത് നോക്കൂ: "അങ്ങനെ അവർക്ക് നമ്മുടെ ശിക്ഷ വന്നെത്തിയപ്പോൾ അവരെന്താണ് താഴ്മയുള്ളവരാകാതിരുന്നത്? എന്നാൽ അവരുടെ ഹൃദയങ്ങൾ കടുത്തുപോകുകയാണുണ്ടായത്. അവർ ചെയ്തുകൊണ്ടിരുന്നത് പിശാച് അവർക്ക് ഭംഗിയായി തോന്നിക്കുകയും ചെയ്തു" (അൽഅൻആം: 43).

കോവിഡിന് ശേഷം കേരളത്തിൽ മതരംഗത്ത് സംഭവിച്ച ചില കാര്യങ്ങൾ പരിശോധിച്ചാൽ മതി ഈ ആയത്തിൽ പറഞ്ഞതിന്റെ

**സാമൂഹിക മാധ്യമങ്ങളുടെ സ്വതന്ത്രമായ ഉപയോഗം മനുഷ്യജീവിതത്തിലും സംസ്കാരത്തിലും സാരമായ പരിക്കുകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നത് ഇന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്. വരുമാനം നിലച്ച കോവിഡ് കാലത്ത് വരുമാനം കണ്ടെത്താനായി പലരും സോഷ്യൽ മീഡിയകളിലേക്ക് തിരിഞ്ഞു. നേരും നെറിയും നോക്കാതെ തന്റെ കാഴ്ചക്കാരുടെ വർധനവും അതിലൂടെ തനിക്ക് ലഭിക്കുന്ന വരുമാനവും മാത്രമായി ചിലരുടെ! ഫലമോ? കോവിഡിന് മുമ്പുള്ളതിനെക്കാൾ  മനുഷ്യർ കൂടുതൽ ദുഷിച്ചു! കേരള മുസ് ലിംകളിൽ ആദ്യമായി ഭിന്നിപ്പുണ്ടാക്കി മുസ് ലിം കൂട്ടായ്മയിൽനിന്ന് ഭിന്നിച്ചു പോയ സമസ്തക്കാർ നൂതനവും അതിവിചിത്രവുമായ നിരവധി വാദങ്ങളാണ് കേരളത്തിൽ കോവിഡാനന്തരം അവതരിപ്പിച്ചത്! സ്രഷ്ടാവിലക്ക് തിരിയുന്നതിന് പകരം സൃഷ്ടികളിലേക്ക് തിരിയാനുള്ള 'ന്യായങ്ങൾ' ആണ് പ്രചരിപ്പിക്കപ്പെട്ടത്!**

സത്യാവസ്ഥ ബോധ്യപ്പെടാൻ!

കേരള മുസ്‌ലിംകളിൽ ആദ്യമായി ഭിന്നിപ്പുണ്ടാക്കി മുസ്‌ലിം കൂട്ടായ്മയിൽനിന്ന് ഭിന്നിച്ചു പോയ സമസ്തക്കാർ നൂതനവും അതിവിചിത്രവുമായ നിരവധി വാദങ്ങളാണ് കേരളത്തിൽ കോവിഡാനന്തരം അവതരിപ്പിച്ചത്! സ്രഷ്ടാവിലക്ക് തിരിയുന്നതിന് പകരം സൃഷ്ടികളിലേക്ക് തിരിയാനുള്ള 'ന്യായങ്ങൾ' ആണ് പ്രചരിപ്പിക്കപ്പെട്ടത്!

കറാമത്ത് കഥകൾ എന്ന പേരിൽ ഒട്ടനവധി മായാവിക്കഥകൾ ഇവിടെ പ്രചരിപ്പിക്കപ്പെട്ടു! സഹികെട്ട ചിലർ സമസ്തക്കുള്ളിൽ നിന്നുതന്നെ പ്രതികരിച്ചു നോക്കി! പക്ഷേ, അവർ ഒറ്റപ്പെടുന്ന അവസ്ഥയാണുണ്ടായത്. കറാമത്ത് കഥകളുടെ പേരിൽ ശക്തമായ ചേരിതിരിവ് സമസ്തക്കുള്ളിൽ രൂപപ്പെട്ടു കഴിഞ്ഞു. നേതൃനിരമുതൽ താഴെ പള്ളിദർസുകളിൽവരെ ഇപ്പോൾ വിഭാഗീയത പ്രകടമാണ്.

നിരവധി പേർ മാറിച്ചിന്തിച്ചു തുടങ്ങിട്ടുണ്ട് എന്ന കാര്യവും കാണാതിരുന്നുകൂടാ. ഇസ്തിഗാസക്കെതിരിൽ സമസ്തക്കുള്ളിൽനിന്നുതന്നെ ഒറ്റപ്പെട്ടതാണെങ്കിലും ചില ശബ്ദങ്ങളുയർന്നു എന്നത് ചെറിയ കാര്യമല്ല. കറാമത്ത് കഥകൾ പിടുത്തം വിടുന്നുണ്ട് എന്ന് പലരും അടക്കം പറയാൻ തുടങ്ങി.

എന്തൊക്കെയാണ് കോവിഡിനു ശേഷം സമസ്തക്കാർ കേരളത്തിൽ പറഞ്ഞു കൂട്ടിയത് എന്ന് നമുക്ക് പരിശോധിക്കാം.

**മുദബ്ബിറുൽ ആലം**

ലോകം നിയന്ത്രിക്കുന്നത് അല്ലാഹുവാണ്, അവനാണ് മുദബ്ബിറുൽ ആലം. ഇസ്‌ലാമിന്റെ പ്രാഥമികവും പ്രധാനവുമായ ഒരു പാഠമാണത്. അല്ലാഹു പറയുന്നു.: "അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിക്കുന്നു" (അസ്സജദ: 5).

"അവൻ കാര്യം നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു. നിങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിനെപ്പറ്റി നിങ്ങൾ ദൃഢബോധ്യമുള്ളവരായിരിക്കുന്നതിന് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു" (അർറഅ്ദ്: 2).

മക്കയിലെ അവിശ്വാസികൾവരെ അംഗീകരിച്ച കാര്യമാണ് ഇത് എന്ന് ക്വുർആൻ പഠിപ്പിക്കുന്നുണ്ട്. (ഉദാ: യൂനുസ്:31, സജദ:5).

എന്നാൽ, സമസ്തക്കാർ ഇപ്പോൾ പറയുന്നത് വർഷങ്ങൾക്കു മുമ്പ് മരണപ്പെട്ട ചിറ്റടിമീത്തൽ മുഹമ്മദ് അബൂബക്കർ മുസ് ലിയാർ എന്ന സി.എം മടവൂർ എന്ന വ്യക്തിയാണ് ലോകം നിയന്ത്രിക്കുന്നത് എന്നാണ്. അദ്ദേഹം മുദബ്ബിറുൽ ആലം ആണ് പോലും! അഥവാ ഈ ലോകത്തിന്റെ നിയന്ത്രണം അദ്ദേഹത്തിനാണ് എന്ന്! കടലിലും കരയിലും കാട്ടിലും വാനലോകത്തും എല്ലാം ഇദ്ദേഹത്തിന്റെ നിയന്ത്രണമുണ്ടത്രെ! വാനിൽ പറക്കുന്ന വിമാനങ്ങളെ നിയന്ത്രിക്കുന്നതും കാട്ടിലെ ആനകളെ (അരിക്കൊമ്പനടക്കം) നിയന്ത്രിക്കുന്നതും സി.എം തന്നെ എന്നതാണ് വാദം!

പച്ചയായ ശിർക്കൻ വാദമല്ലേ ഇത്? മുദബ്ബിറുൽ ആലം അല്ലാഹു മാത്രം എന്നതല്ലേ മുസ്‌ലിംകൾ ഇക്കാലംവരേക്കും വിശ്വസിച്ച് പോന്നത്? മുസ്‌ലിംകൾക്ക് അതിൽ സംശയിക്കാനെന്തിരിക്കുന്നു!

അല്ലാഹുവിന്റെ തിരുനബി (സ്വ) പോലും മുദബ്ബിറുൽ ആലം ആണ് എന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നില്ല. പ്രമാണങ്ങൾ അങ്ങനെയൊരു കാര്യം പറയുന്നുമില്ല. എന്നിട്ടല്ലേ മടവൂരിലെ ഈ മുസ്‌ലിയാർ മുദബ്ബിറുൽ ആലം ആവുന്നത്!

എത്രമാത്രം വഴിപിഴച്ച വാദമാണിത് എന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. ഇത് ഒരിക്കലും മുസ്‌ലിംകളുടെ വിശ്വാസമല്ല.



**സി.എം ലോകം നിയന്ത്രിക്കുന്നു എന്ന് പറയുന്നവരുടെ തെളിവാണ് ബഹുകേമം! സി.എം തന്നെ പറഞ്ഞിട്ടുണ്ട് പോലും ഞാൻ മുദബ്ബിറുൽ ആലം ആണ് എന്ന്! എന്നാൽ, ഇത് പറയുമ്പോൾ സി.എം മുസ്‌ലിയാർ ജദ്ബിന്റെ അവസ്ഥയിൽ (മനോനില തെറ്റിയ അവസ്ഥയിൽ) ആയിരുന്നു എന്നാണ് പൊന്മള മുസ്‌ലിയാർ ഇതിനെക്കുറിച്ച് പറയുന്നത്. മനോനില തെറ്റിയ ഒരാളുടെ വാക്കാണ് ഒരു ജനതയുടെ വിശ്വാസം തെറ്റിക്കാൻ ഈ വിഭാഗം തെളിവാക്കുന്നത് എന്നത് എത്രമേൽ ഭീകരമാണ്**

നക്ഷത്ര പൂജകന്മാരും അവിശ്വാസി സമൂഹവുമാണ് ഈ ലോകത്തിന് വേറെയും മുദബ്ബിറുകൾ ഉണ്ട് എന്ന് വിശ്വസിച്ചിരുന്നത്.

നക്ഷത്രങ്ങളാണ് മുദബ്ബിറുൽ ആലം എന്ന് ചിലർ വിശ്വസിച്ചിരുന്നു എന്ന് ശൈഖുൽ ഇസ്‌ലാം (റഹ്) രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാഹുവല്ലാത്തവരെ മുദബ്ബിറുൽ ആലം ആക്കിയവർ യഥാർഥ മതവിശ്വാസികൾ അല്ലായിരുന്നു എന്ന് ഇബ്നു ഹജറും പറഞ്ഞിട്ടുണ്ട്.

ഇബ്നു സിബിബ്‌യാ എന്ന വ്യക്തി നക്ഷത്രങ്ങളാണ് മുദബ്ബിറുൽ ആലം എന്ന് വിശ്വസിച്ചിരുന്നു. അയാൾ യഥാർഥ മതവിശ്വാസിയായിരുന്നില്ല എന്നാണ് ഇബ്നു ഹജർ(റഹ്) പറഞ്ഞത്. (ലിസാനുൽ മീസാൻ: 7/380).

ലോകത്തിന് ഏഴ് മുദബ്ബിറുകൾ ഉണ്ട് എന്ന പുരാതന ഹൈന്ദവർ വിശ്വസിച്ചിരുന്നു എന്ന് ഇമാം അബൂ സഈദ് നിശ്‌വാൻ അൽഹിമീരി തന്റെ 'അൽ ഹൂറുൽ ഈൻ' എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. (1/144).

അല്ലാഹുവല്ലാതെയും മുദബ്ബിറുൽ ആലം ഉണ്ട് എന്നത് വളരെയധികം പിഴച്ചതും കുഫ്റിന്റെയും വിശ്വാസമാണ് എന്നതിൽ തർക്കമില്ല. എന്താണ് ഈ വിഷയത്തിൽ മുസ്‌ലിംകൾ വിശ്വസിക്കേണ്ടത്?

ഇമാമുമാർ പറയുന്നത് ശ്രദ്ധിക്കുക. ഇമാം ഇബ്നുൽ ഖയ്യിം(റഹ്) പറഞ്ഞു: "സർവലോകങ്ങളുടെയും മുദബ്ബിർ അല്ലാഹുവാണ്" (ഹിദായത്തുൽ ഹയാറാ: 1/219).

ഇമാം ഗസ്സാലി (റ) പറഞ്ഞു: "അല്ലാഹുവാണ് നിർമാതാവും മുദബ്ബിറും" (അൽമുൻഖിദ്: 1/130).

ഇമാം സുയൂതി, ഇമാം മഹല്ലി(റഹ്) എന്നിവർ പറഞ്ഞു: "ദൃശ്യ-അദൃശ്യ ലോകങ്ങളുടെ മുദബ്ബിർ അല്ലാഹുവാണ്"(ജലാലൈനി).

ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ(റഹ്) പറഞ്ഞു: "റബ്ബാണ് മുദബ്ബിറുൽ ആലം'' (ബയാനു തൽബീസിൽ ജഹ്മിയ്യ: 6/579).

ഇമാം മുനാവി(റഹ്) പറഞ്ഞു: "അല്ലാഹുവാണ് ഏത് അവസ്ഥയിലും മുദബ്ബിറുൽ ആലം" (ഫയ്ളുൽ ഖദീർ 5:111).

ഇത്രയും വ്യക്തമായ ഇസ്‌ലാമികാധ്യാപനത്തെയാണ് സമസ്തക്കാർ തള്ളുന്നത്. എന്തുമാത്രം ഗൗരവകരമാണ് വിഷയം! ഈ പിഴച്ചവാദം സമസ്തക്കാർ പറയാൻ തുടങ്ങിയപ്പോൾ സമസ്തക്കുള്ളിൽ തന്നെ അഭിപ്രായ ഭിന്നതകൾ ഉടലെടുത്തു! സി.എം മുദബ്ബിറുൽ ആലം തന്നെ എന്ന് ഒരു വിഭാഗം ശക്തിയായി വാദിക്കുന്നു! അങ്ങനെ പറയുന്നത് തെറ്റാണ് എന്ന് മറ്റൊരു വിഭാഗവും വാദിക്കുന്നു!

പേരോട്, പൊൻമള വിഭാഗക്കാർ, സി. എം മുദബ്ബിറുൽ ആലം അല്ല എന്ന വാദക്കാരാണ്. കാന്തപുരം മുസ്‌ലിയാർ, കുറുവട്ടൂർ ഗ്രൂപ്പ്, പകര മുസ്‌ലിയാർ തുടങ്ങിയവർ സി.എം മുദബ്ബിറുൽ ആലം തന്നെ എന്ന് ശക്തിയായി വാദിക്കുന്നവരാണ്. പരലോകത്ത് രക്ഷപ്പെടണമെങ്കിൽ ഈ തരത്തിലുള്ള വിശ്വാസങ്ങളിൽനിന്ന് രക്ഷപ്പെട്ടേ മതിയാവൂ.

സി.എം ലോകം നിയന്ത്രിക്കുന്നു എന്ന് പറയുന്നവരുടെ തെളിവാണ് ബഹുകേമം! സി.എം തന്നെ പറഞ്ഞിട്ടുണ്ട് പോലും ഞാൻ മുദബ്ബിറുൽ ആലം ആണ് എന്ന്! എന്നാൽ, ഇത് പറയുമ്പോൾ സി.എം മുസ്‌ലിയാർ ജദ്ബിന്റെ അവസ്ഥയിൽ (മനോനില തെറ്റിയ അവസ്ഥയിൽ) ആയിരുന്നു എന്നാണ് പൊന്മള മുസ്‌ലിയാർ ഇതിനെക്കുറിച്ച് പറയുന്നത്.

മനോനില തെറ്റിയ ഒരാളുടെ വാക്കാണ് ഒരു ജനതയുടെ വിശ്വാസം തെറ്റിക്കാൻ ഈ വിഭാഗം തെളിവാക്കുന്നത് എന്നത് എത്രമേൽ ഭീകരമാണ്

അല്ലാഹു മലക്കുകളെ എൽപിച്ച ജോലികൾ അവർ നിർവഹിക്കുന്നതിനെക്കുറിച്ച് പറഞ്ഞ 'ഫൽ മുദബ്ബിറാത്തി അംറൻ' എന്ന ആയത്തും ഈ പിഴച്ചവാദത്തിന് തെളിവായി ഉന്നയിക്കപ്പെട്ടുകഴിഞ്ഞു. അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കാൻ കൊട്ടപ്പുറത്ത് വെച്ച് ആയത്ത് 'തെളിവാക്കിയ' കാന്തപുരം മുസ്‌ലിയാർ തന്നെയാണ് ഇവിടെയും ആയത്തുമായി വന്നിട്ടുള്ളത്!

മലക്കുകളെ അല്ലാഹു പല ജോലികളും ഏൽപിച്ചിട്ടുണ്ട്. അക്കാര്യം ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്. മലക്കുകളെ മാത്രമല്ല പ്രവാചകന്മാരെയും എൽപിച്ചിരുന്നു. അതിനർഥം അവരാണ് ഈ ലോകം നിയന്ത്രിക്കുന്നത് എന്നാണോ? ആരാണ് അപ്രകാരം പഠിപ്പിച്ചത്?

മലക്കുകൾ അവരെ അല്ലാഹു ഏൽപിച്ച കാര്യങ്ങൾ ചെയ്യുന്നു എന്നതാണത്രേ മടവൂരിലെ മുസ്‌ലിയാർ ലോകം നിയന്ത്രിക്കുന്നു എന്നതിന് തെളിവ്! കഷ്ടം!

**ഔലിയാക്കളുടെ അറിവ്!**

എന്തൊക്കെ പിഴച്ച വാദങ്ങളാ

ണ് അടുത്തിടെയായി സമസ്തക്കാർ കേരളത്തിൽ പറഞ്ഞു പരത്തിയത്! അല്ലാഹു അറിയുന്നതെല്ലാം അല്ലാഹു അറിയുന്ന രൂപത്തിലല്ലാതെ ഔലിയാക്കളും അറിയും എന്നാണ് ഇ.കെ സമസ്തയുടെ നേതാവ് ജിഫ്രി തങ്ങൾ പറഞ്ഞത്!

ഇതിനാണ് ശുദ്ധമായ ശിർക്ക് എന്ന് മുസ്‌ലിംകൾ പറയുന്നത്! അല്ലാഹു സൃഷ്ടിക്കുന്നതെല്ലാം മറ്റൊരു വിധത്തിൽ സൃഷ്ടിക്കാൻ ഒരു സൃഷ്ടിയ്ക്ക് കഴിയും എന്ന് വിശ്വസിച്ചാൽ അതിനല്ലേ ശിർക്ക് അഥവാ അല്ലാഹുവിന് തുല്യനാക്കുക എന്ന് പറയുന്നത്? ഇത്തരം നേതാക്കൾക്ക് ഇസ്‌ലാമിന്റെ പ്രാഥമികമായ ഇത്തരം കാര്യങ്ങൾ പോലും അറിയില്ലേ?

ആയത്തുൽ കുർസിയ്യും സൂറതുൽ ഇഖ്‌ലാസും ഗ്രഹിച്ചാൽ തന്നെ ഈ വിശ്വാസം തെറ്റാണ് എന്ന് ബോധ്യമാവും. അല്ലാഹു പറയുന്നു: “...അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല...” (ആയത്തുൽ കുർസിയ്യ്).

“അവന്ന് തുല്യനായി ആരും ഇല്ലതാനും” (അൽഇഖ്‌ലാസ്: 5).

മദീനയിൽ നബി(സ്വ)യുടെ കൂടെ ജീവിച്ച അഅ്റാബികളിലെ കപടവിശ്വാസികളെ അല്ലാഹുവിനറിയാം, നബി(സ്വ)ക്കറിയില്ല എന്ന് അല്ലാഹു പറയുന്നത് കാണുക:

“നിങ്ങളുടെ ചുറ്റുമുള്ള അഅ്റാബികളുടെ കൂട്ടത്തിലും കപടവിശ്വാസികളുണ്ട്. മദീനക്കാരുടെ കൂട്ടത്തിലുമുണ്ട്. കാപട്യത്തിൽ അവർ കടുത്തുപോയിരിക്കുന്നു. നിനക്ക് അവരെ അറിയില്ല. നമുക്ക് അവരെ അറിയാം” (തൗബ: 101).

അല്ലാഹുവിനറിയുന്ന കാര്യങ്ങൾ തനിക്ക് അറിയില്ല എന്ന് ഈസാ നബി(അ) പറഞ്ഞതായി അല്ലാഹു ഉദ്ധരിക്കുന്നു: “എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്നിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ“ (മാഇദ: 116).

**അല്ലാഹു അറിയുന്നതെല്ലാം അല്ലാഹു അറിയുന്ന രൂപത്തിലല്ലാതെ ഔലിയാക്കളും അറിയും എന്നാണ് ഇ.കെ സമസ്തയുടെ നേതാവ് ജിഫ്രി തങ്ങൾ പറഞ്ഞത്! ഇതിനാണ് ശുദ്ധമായ ശിർക്ക് എന്ന് മുസ്‌ലിംകൾ പറയുന്നത്! അല്ലാഹു സൃഷ്ടിക്കുന്നതെല്ലാം മറ്റൊരു വിധത്തിൽ സൃഷ്ടിക്കാൻ ഒരു സൃഷ്ടിയ്ക്ക് കഴിയും എന്ന് വിശ്വസിച്ചാൽ അതിനല്ലേ ശിർക്ക് അഥവാ അല്ലാഹുവിന് തുല്യനാക്കുക എന്ന് പറയുന്നത്? ഇത്തരം നേതാക്കൾക്ക് ഇസ്‌ലാമിന്റെ പ്രാഥമികമായ ഇത്തരം കാര്യങ്ങൾ പോലും അറിയില്ലേ?**

നബി(സ്വ)യുടെ പള്ളി വൃത്തിയാക്കിയിരുന്ന സ്ത്രീയുടെ മരണം അവിടുന്ന് അറിഞ്ഞിരുന്നില്ല എന്ന് ഹദീസിൽ കാണാം. അല്ലാഹുനുള്ള അറിവ് അവന്റെ അമ്പിയാക്കൾക്കു വരെ ഇല്ല എന്നതാണ് മേൽപറഞ്ഞ തെളിവുകൾ സൂചിപ്പിക്കുന്നത്.

അല്ലാഹുവിന്റെ അറിവിന് തുല്യം അറിവ് ആർക്കുമില്ല. അവൻ അറിയുന്നതെല്ലാം ഒരാൾക്കും അറിയില്ല. ഇതാണ് അഹ്‌ലുസ്സുന്നയുടെ വിശ്വാസം. ഇതിൽ വിപരീതമായ വിശ്വാസങ്ങളെല്ലാം പിഴച്ചതും ശീഇകൾ പ്രചരിപ്പിക്കുന്നതുമാണ്. അതാണിവിടെ സമസ്തക്കാർ പ്രചരിപ്പിക്കുന്നത്. അല്ലാഹു അറിയുന്നതെല്ലാം അവരുടെ ഇമാമുകൾ അറിയും എന്ന് ശീഇകൾ പറയുമ്പോൾ, അല്ലാഹു അറിയുന്നതെല്ലാം ഔലിയാക്കൾ അറിയുന്നു എന്ന് സമസ്തയും പറയുന്നു. രണ്ടും പിഴച്ചവിശ്വാസം തന്നെ!

**കറാമത്ത് കഥകൾ**

സി.എം മടവൂരാണ് വിമാനങ്ങൾ നിയന്ത്രിക്കുന്നതത്രെ! അദ്ദേഹം കണ്ണടച്ചാൽ വിമാനങ്ങൾ കൂട്ടിയിടിക്കുമെന്നും സമസ്തക്കാർ പ്രസംഗിക്കുന്നു! വല്ലാത്ത അവസ്ഥ തന്നെ!

സമസ്തയിൽ നിന്നുതന്നെ ചിലർ ഈ അതിവാദത്തെ എതിർത്തപ്പോൾ അതിനെ ഖണ്ഡിച്ച് മൂത്തേടം മുസ്‌ലിയാർ പ്രസംഗിച്ചത് ‘ശൈത്വാൻമാർവരെ വിമാനം നിയന്ത്രിച്ചിട്ടുണ്ട് എന്നതിന് ശാസ്ത്രത്തിന്റെ കൈയിൽ തെളിവുണ്ട്’ എന്നാണ്! വല്ലാത്ത ശാസ്ത്രം തന്നെ! മതംകൊണ്ടാണിവർ കളിക്കുന്നത് എന്ന് സമൂഹം തിരിച്ചറിയണം.

കറാമത്തിന്റെ പേരിൽ എന്തു കളവുകളും പറയാം എന്ന നിലപാട് മതത്തിന്റേതല്ല. കറാമത്തിനെക്കുറിച്ച് ഇസ്‌ലാം വ്യക്തമായ കാഴ്ചപ്പാടുകൾ നൽകിയിട്ടുണ്ട്. സ്വയം ആർജിച്ചെടുക്കുന്ന കഴിവല്ല കറാമത്ത്. പ്രത്യുത, അല്ലാഹു അവന്റെ ഇഷ്ടദാസന്മാരായ വലിയ്യുകളിലൂടെ വെളിപ്പെടുത്തുന്ന അത്ഭുതമുണർത്തുന്ന കാര്യങ്ങളാണവ. കറാമത്ത് വലിയ്യിന്റെ കഴിവല്ല. അത് അല്ലാഹുവിന്റെ കഴിവാണ്. ഒരു വലിയ്യിന്റെ കറാമത്ത് യഥാർഥത്തിൽ അവരിലേക്കുള്ള പ്രവാചകന്റെ നുബുവ്വത്തിനു തെളിവാണ് എന്നാണ് പണ്ഡിതന്മാർ പറഞ്ഞത്.

ഔലിയാക്കൾ മറഞ്ഞ കാര്യങ്ങൾ അറിയും എന്ന വിശ്വാസവും പ്രമാണവിരുദ്ധമാണ്. അല്ലാഹുവിന്റെ ഔലിയാക്കളിൽ പ്രമുഖരായ ഗുഹാവാസികൾക്ക്, തങ്ങൾ എത്ര വർഷം ഉറങ്ങി, തങ്ങളുടെ കൈവശമുള്ള നാണയം ഇപ്പോൾ മാർക്കറ്റിൽ ചെലവാകുമോ എന്നൊന്നും അറിയാൻ കഴിഞ്ഞിട്ടില്ല. അക്കാര്യം അവർ അറിഞ്ഞില്ല എന്നത് അവർക്കൊരു ന്യൂനതയല്ല. മാത്ര

**നബി(സ്വ)യുടെ കൈയിൽനിന്ന് വെള്ളം വന്നത് ഹദീസിൽ അറിയപ്പെട്ട സംഭവമാണ്. അതുപോലെ സി.എമ്മിന്റെ കൈയിൽ നിന്നും വെള്ളം പൊടിഞ്ഞിട്ടുണ്ടത്രെ! ശുദ്ധനുണ എന്നല്ലാതെ എന്തു പറയാൻ! കാന്തപുരം മുസ്‌ലിയാർ അറിയാതെ അല്ലാഹു ഒന്നും ചെയ്യില്ല എന്നുവരെ ചില സമസ്തക്കാർ പറഞ്ഞു കഴിഞ്ഞു! സമസ്തയുടെ രൂപീകരണ യോഗത്തിൽ നബി(സ്വ) പങ്കെടുത്തിരുന്നു എന്നാണ് ഒരു മുസ്‌ല്യാർ കണ്ടെത്തിയിട്ടുള്ളത്. തിരുനബി(സ്വ)യുടെ പേരിൽ പോലും കല്ലുവച്ച നുണ പറയാൻ യാതൊരു ലജ്ജയും ഇല്ലാത്തവരായി സമസ്തയിലെ ചിലർ മാറിക്കഴിഞ്ഞു! നബി(സ്വ) ജർമനിയിൽ ഓപ്പറേഷൻ റൂമിൽ ജീവനോടെ വന്നിട്ടുണ്ട് എന്ന് പറഞ്ഞവർക്ക് ഇനി എന്താണ് പറഞ്ഞുകൂടാത്തത്?**

മല്ല, അവർ സ്വയം ഉറങ്ങിയതല്ല, അല്ലാഹു ഉറക്കിയതാണ് എന്ന ക്വുർആനികാധ്യാപനവും എന്താണ് കറാമത്ത് എന്ന് വ്യക്തമാക്കുന്നുണ്ട്.

നബി(സ്വ)യുടെ കൈയിൽനിന്ന് വെള്ളം വന്നത് ഹദീസിൽ അറിയപ്പെട്ട സംഭവമാണ്. അതുപോലെ സി.എമ്മിന്റെ കൈയിൽനിന്നും വെള്ളം പൊടിഞ്ഞിട്ടുണ്ടത്രെ! ശുദ്ധനുണ എന്നല്ലാതെ എന്തു പറയാൻ!

കാന്തപുരം മുസ്‌ലിയാർ അറിയാതെ അല്ലാഹു ഒന്നും ചെയ്യില്ല എന്നുവരെ ചില സമസ്തക്കാർ പറഞ്ഞു കഴിഞ്ഞു! സമസ്തയുടെ രൂപീകരണ യോഗത്തിൽ നബി(സ്വ) പങ്കെടുത്തിരുന്നു എന്നാണ് ഒരു മുസ്‌ല്യാർ കണ്ടെത്തിയിട്ടുള്ളത്. തിരുനബി(സ്വ)യുടെ പേരിൽ പോലും കല്ലുവച്ച നുണ പറയാൻ യാതൊരു ലജ്ജയും ഇല്ലാത്തവരായി സമസ്തയിലെ ചിലർ മാറിക്കഴിഞ്ഞു! നബി(സ്വ) ജർമനിയിൽ ഓപ്പറേഷൻ റൂമിൽ ജീവനോടെ വന്നിട്ടുണ്ട് എന്ന് പറഞ്ഞവർക്ക് ഇനി എന്താണ് പറഞ്ഞുകൂടാത്തത്?

മഹാന്മാരായ പണ്ഡിതന്മാർക്കെതിരിലും വെള്ളം കലരാത്ത കളവാണ് ഇപ്പോൾ സമസ്തക്കാർ പ്രചരിപ്പിക്കുന്നത്! അബ്ദുൽ ക്വാദിർ ദഹ്‌ലവി എന്ന മഹാൻ ഡൽഹിയിൽ കള്ള് കച്ചവടം ഉഷാറാവാൻ ചീട്ട് എഴുതിക്കൊടുത്തു എന്നാണ് ഒരു സമസ്ത മുസ്‌ലിയാർ പറഞ്ഞത്. ഈ കളവിനെ ചിലർ വിമർശിച്ചപ്പോൾ എം.ടി ദാരിമി എന്ന, സമസ്തയുടെ നേതാവ് ആ കള്ളുകഥയെ ന്യായീകരിക്കുകയാണ് ചെയ്തത്. അല്ലാഹുവിൽ അഭയം! ഇമാം ഗസ്സാലി(റഹ്)യെ ചിലർ കള്ളുഷാപ്പിൽ കണ്ടു എന്നും ചില മുസ്‌ലിയാക്കന്മാർ പറഞ്ഞു കഴിഞ്ഞു. തങ്ങളെ സാകൂതം കേൾക്കുന്ന സാധാരണക്കാരോട് എന്തും വിളിച്ച് പറയാം എന്ന നിലയിലാണ് സമസ്തയിലെ മുസ്‌ലിയാക്കന്മാർ! ഹറാമായ മദ്യം കച്ചവടം ചെയ്യാൻ പണ്ഡിതന്മാർ സഹായിച്ചു എന്നും ഇമാം ഗസ്സാലി(റഹ്) മദ്യശാലയിൽ പോയി എന്നും സമസ്തയിലെ സാധാരണക്കാർക്ക് പോലും ഉൾക്കൊള്ളാൻ കഴിയണം എന്നില്ല.

ഒരു ദിവസം മൂന്ന് ഡയാലിസിസ് ചെയ്യുന്ന(?) ഒരു കണ്ണൂർ സ്വദേശിയോട് ഇനി ഒന്നും ചെയ്യണ്ട എന്ന് കാന്തപുരം പറഞ്ഞപ്പോൾ അയാൾക്ക് അസുഖം മാറി എന്നതാണ് പുതിയ കഥ! (പ്രസ്തുത രോഗിയെ ഇതുവരെ കണ്ടെത്തിയിട്ടില്ല).

എടപ്പാൾ ഭാഗത്ത് വിശാലമായ വയൽ കത്തിയ ഒരു കഥ വേറെയുണ്ട്! അമ്പലക്കടവ് മുസ്‌ലിയാർ ഈ തള്ളിനെ ചോദ്യം ചെയ്തപ്പോൾ അതിനെതിരെ മൂത്തേടം മുസ്‌ലിയാർ രൂക്ഷമായാണ് പ്രതികരിച്ചത്!

എന്തൊക്കെയാണ് റബ്ബേ ഈ മുസ്‌ലിയാക്കന്മാർ പറഞ്ഞുകൂട്ടുന്നത്! സമസ്തയിലെ സാധാരണക്കാരോട് പറയട്ടെ; സഹോദരങ്ങളേ, ഇതൊന്നും ദീനല്ല. ഇതെല്ലാം ശുദ്ധ കളവുകൾ മാത്രമാണ്. മതത്തിൽ ഇത്തരം കള്ളത്തരങ്ങൾക്ക് യാതൊരു സ്ഥാനവുമില്ല. വിശ്വാസികൾക്ക് ഇത്തരം കള്ളക്കഥകളുടെ ആവശ്യവും ഇല്ല.

### തൃപ്പനച്ചിയിലെ കൊടിമരം

കൊണ്ടോട്ടിക്കടുത്ത് തൃപ്പനച്ചിയിലെ മുഹമ്മദ് മുസ്‌ലിയാരുടെ ജാറത്തിനടുത്തുള്ള കൊടിമരത്തിനടുത്ത് നടന്നാൽ ഹജ്ജിന്റെ പ്രതിഫലം കിട്ടും എന്നതാണ് സമസ്തക്കാരുടെ ഏറ്റവും പുതിയ കണ്ടെത്തൽ! അല്ലാഹുവിൽ അഭയം! ഇനി എന്താണിവർക്ക് പറഞ്ഞു കൂടാത്തത്? ഇക്കാര്യം സമസ്ത നേതാക്കൾ എഴുതിയ ഗ്രന്ഥത്തിൽ തന്നെയുണ്ട് എന്നാണ് കുരുവട്ടൂർ ഗ്രൂപ്പിന്റെ നേതാവ് നൗഷാദ് ഒതുക്കുങ്ങൽ പറയുന്നത്! ഇസ്‌ലാമിക ചിഹ്നങ്ങളായ സ്വഫ, മർവ, കഅ്ബ എന്നിവയെയെല്ലാം ഇവർ ജാറങ്ങളുമായിട്ടാണ് തുലനപ്പെടുത്തുന്നത്! ദിനിന്റെ പേരിൽ എന്തൊക്കെയാണിവർ പറഞ്ഞു കൂട്ടുന്നത് എന്ന് സാധാരണ സമസ്തക്കാർ ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു!

### രൂക്ഷമാവുന്ന വിഭാഗീയത

കറാമത്തിന്റെ പേരിലുള്ള കള്ളക്കഥകളുടെ പ്രചാരണത്തെ ചൊല്ലി സമസ്തക്കാർക്കിടയിൽ വിഭാഗീയത രൂക്ഷമാവുകയാണിപ്പോൾ. മൂത്തേടം മുസ്‌ല്യാർ, ഒതുക്കുങ്ങൽ നൗഷാദ്, കുരുവട്ടൂർ ഗ്രൂപ്പുകാർ, പൊന്മള മുസ്‌ലിയാർ, പേരോട് മുസ്‌ലിയാർ, പകര മുസ്‌ലിയാർ, അമ്പലക്കടവ് മുസ്‌ലിയാർ, കാന്തപുരം എന്നിവർ കറാമത്തിന്റെ വിഷയത്തിൽ പരസ്പരം പോരടിക്കുകയാണ്! പ്രസ്തുത പോര് സോഷ്യൽ മീഡിയയിൽ നിറഞ്ഞ് നിൽക്കുന്നുണ്ട്. സമസ്തയുടെ സ്ഥാപനങ്ങളിൽ അടിത്തട്ടുവരെ ഇന്ന് ചേരിതിരിവ് എത്തിക്കഴിഞ്ഞു.

എന്നാൽ, ഈ വിവാദങ്ങൾക്കിടയിൽ കുറെ മുസ്‌ലിയാക്കന്മാർ സത്യം തിരിച്ചറിയാൻ പരിശ്രമിക്കുന്നുണ്ട്. അവർ മാറിച്ചിന്തിക്കാൻ തുടങ്ങിയിട്ടുമുണ്ട്. റബ്ബിന് സ്തുതി.

**‘ശജറ’യും ചില ‘തശാജുറു’കളും**

ആദർശ വിഷയങ്ങൾക്കു പുറമെ മറ്റു ചില വിഷയങ്ങളിലും ഇപ്പോൾ സമസ്തക്കുള്ളിൽ ചേരിതിരിവ് രൂക്ഷമാണ്. ‘ശജറ’ ഗ്രൂപ്പ് എന്ന പേരിലറിയപ്പെടുന്ന ഒരു വിമതപക്ഷം ഇപ്പോൾ ഇ.കെ ഗ്രൂപ്പ് സമസ്തക്കുള്ളിൽ സജീവമാണ്. സമസ്തയുടെ പരമ്പരാഗത രാഷ്ട്രീയ നിലപാടിനോട് അസ്പൃശ്യതയുള്ള വിഭാഗമാണിവർ.

വാഫി, വഫിയ്യ സംവിധാനങ്ങളുടെ പേരിൽ സമസ്തക്കാർക്കിടയിൽ ഇന്നെത്തി നിൽക്കുന്ന രൂക്ഷമായ ഭിന്നിപ്പ് സൃഷ്ടിച്ചതിൽ ഈ ഗ്രൂപ്പിന് വലിയ പങ്കുണ്ട് എന്നാണ് ഒരു വിഭാഗത്തിന്റെ ആരോപണം. പലസ്ഥലങ്ങളിലും ഈ വിഷയത്തിൽ കയ്യാങ്കളിവരെ നടന്നു. വാഫി, വഫിയ്യ വിഷയം സമസ്തക്കുള്ളിൽ എത്ര വഷളായിട്ടുണ്ട് എന്നതിന് സമസ്തക്കാരുടെ സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകൾ സാക്ഷിയാണ്.

സമസ്തയിലെ ‘ശജറ’ ഗ്രൂപ്പിനെതിരെയുള്ള വികാരം ഒരു ഭാഗത്ത് ശക്തമാണ്. വഹാബിസം കമ്യൂണിസത്തെക്കാൾ അപകടം എന്ന ആശയം പ്രചരിപ്പിക്കാൻ പരിശ്രമിച്ചവർ ഇക്കൂട്ടരായിരുന്നു. മൂത്തേടം മുസ്‌ലിയാരെയാണ് ഇക്കാര്യത്തിനിവർ ഉപയോഗിച്ചത്.

സലഫികൾക്കെതിരെ എന്ത് നെറികേടും വിളിച്ചു പറയാൻ ഒട്ടും ലജ്ജയില്ലാത്ത ഇയാളുടെ സലഫി വിമർശനം പക്ഷേ, പിന്നീട് സമസ്തക്കുതന്നെ തലവേദന സൃഷ്ടിച്ചു. വെളുക്കാൻ തേച്ചത് പാണ്ടായതുപോലെ. അരിയും തിന്ന് ആശാരിയെയും കടിച്ച് അവസാനം സമുദായ നേതാക്കളെയും രാഷ്ട്രീയ നേതൃത്വത്തെയും ആക്രമിക്കാൻ തുടങ്ങിയപ്പോഴാണ് ‘ശജറ’ക്കാർക്ക് നിലാവുദിച്ചത്!

ഇപ്പോൾ മൂത്തേടം മുസ്‌ലിയാർ തന്റെ വഴിക്കായി! സമസ്തക്കാരിൽ പലരെയും ‘ഇവൻ സുന്നിയല്ല; ചുന്നിയാണ്’ എന്നാണ് ഇപ്പോൾ അദ്ദേഹം പറയുന്നത്! സമസ്തക്ക് ഇത്രയുംകാലം സിമന്റും കമ്പിയും കച്ചവടം ചെയ്യലായിരുന്നു ജോലി എന്നും നേതാക്കളെ ഉന്നമിട്ട് അദ്ദേഹം പറയുന്നുണ്ട്.

അതിന് പുറമെ, ജിഫ്രി തങ്ങളുടെ പല നിലപാടുകളോടും കടുത്ത വിയോജിപ്പുള്ളവർ സമസ്തയുടെ മുശാവറയിൽതന്നെ ഉണ്ട്. മുശാവറ ചർച്ച ചെയ്യാത്ത പല കാര്യങ്ങളും സമസ്തയുടെ തീരുമാനങ്ങളായി ചിലർ പ്രഖ്യാപിക്കുന്നതിൽ ശക്തമായ എതിർപ്പുമായി ബഹാഉദ്ദീൻ നദ്‌വി കൂരിയാട് രംഗത്ത് വന്നത് ഇതിന്റെ ഭാഗമാണ്.

മറുഭാഗത്താവട്ടെ, നോളജ് സിറ്റിയുടെ പ്രവർത്തന രീതിയിൽ കടുത്ത അസംതൃപ്തി കാന്തപുരം വിഭാഗത്തിനിടയിൽ വ്യാപിക്കുകയാണ്. സമസ്ത സംസ്കാരത്തിന് യോജിച്ച കാര്യങ്ങളല്ല അവിടെ സംഭവിക്കുന്നത് എന്ന വികാരം പല മുസ്‌ലിയാക്കളും പരസ്യമായിത്തന്നെ പറയാൻ തുടങ്ങി!

ഏതായാലും സമസ്തക്കുള്ളിൽ ആദർശപരമായും സംഘടനാപരമായും രാഷ്ട്രീയമായും ‘തശാജുർ’ (ഭിന്നിപ്പ്) രൂക്ഷമാവുകയാണ്. സാധാരണക്കാർക്ക് ചിന്തിക്കാൻ പറ്റിയ സമയമാണിത്. അല്ലാഹു വല്ലാത്തവരും ലോകം നിയന്ത്രിക്കുന്നു എന്ന് പരസ്യമായി പ്രഖ്യാപിച്ച സ്ഥിതിക്ക്, ഇത് പരിശുദ്ധമായ ദീനിന്റെ സരണിയല്ലെന്നും ഈ വാദങ്ങൾ അഹ്‌ലുസ്സുന്നയുടേതല്ലെന്നും തിരിച്ചറിഞ്ഞ് ശുദ്ധമായ ദീനിലേക്ക് മടങ്ങാൻ നമുക്ക് സാധ്യമാവണം.

അല്ലാഹുവിന്റെ ഈ വചനം ഓർമിക്കുക: “അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം. അവർ പറയും: ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാക്കൻമാരെയും പ്രമുഖൻമാരെയും അനുസരിക്കുകയും, അങ്ങനെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയുമാണുണ്ടായത്. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ രണ്ടിരട്ടി ശിക്ഷ നൽകുകയും അവർക്ക് നീ വൻശാപം ഏൽപിക്കുകയും ചെയ്യണമേ (എന്നും അവർ പറയും)” (അൽഅഹ്സാബ്: 26-28). ■


> **ജിഫ്രി തങ്ങളുടെ പല നിലപാടുകളോടും കടുത്ത വിയോജിപ്പുള്ളവർ സമസ്തയുടെ മുശാവറയിൽ തന്നെ ഉണ്ട്. മുശാവറ ചർച്ച ചെയ്യാത്ത പല കാര്യങ്ങളും സമസ്തയുടെ തീരുമാനങ്ങളായി ചിലർ പ്രഖ്യാപിക്കുന്നതിൽ ശക്തമായ എതിർപ്പുമായി ബഹാഉദ്ദീൻ നദ്‌വി കൂരിയാട് രംഗത്ത് വന്നത് ഇതിന്റെ ഭാഗമാണ്. ഏതായാലും സമസ്തക്കുള്ളിൽ ആദർശപരമായും സംഘടനാപരമായും രാഷ്ട്രീയമായും ‘തശാജുർ’ (ഭിന്നിപ്പ്) രൂക്ഷമാവുകയാണ്. സാധാരണക്കാർക്ക് ചിന്തിക്കാൻ പറ്റിയ സമയമാണിത്. അല്ലാഹു വല്ലാത്തവരും ലോകം നിയന്ത്രിക്കുന്നു എന്ന് പരസ്യമായി പ്രഖ്യാപിച്ച സ്ഥിതിക്ക്, ഇത് പരിശുദ്ധമായ ദീനിന്റെ സരണിയല്ലെന്നും ഈ വാദങ്ങൾ അഹ്‌ലുസ്സുന്നയുടേതല്ലെന്നും തിരിച്ചറിഞ്ഞ് ശുദ്ധമായ ദീനിലേക്ക് മടങ്ങാൻ നമുക്ക് സാധ്യമാവണം.**




നമ്മുടെ രാജ്യത്തെ കോടതികൾ 31

# അന്വേഷണ ഏജൻസികൾ

**അബൂ ആദം അയ്മൻ**

**സിബിഐ**

ഡൽഹി ആസ്ഥാനമായാണ് കേന്ദ്ര കുറ്റാന്വേഷണവകുപ്പ് (Central Bureau of Investigation - CBI) പ്രവർത്തിക്കുന്നത്. സുപ്രീം കോടതിയോ ഹൈക്കോടതിയോ ഉത്തരവാകുന്നതായ ക്രിമിനൽ കേസുകളുടെയും രാജ്യതാൽപര്യം പരിഗണിച്ചും കേസിന്റെ ഗൗരവം കണക്കിലെടുത്തും പൊതുജനങ്ങളുടെ വികാരങ്ങൾ മുൻനിർത്തിയും മറ്റും, സംസ്ഥാന ഗവണ്മെന്റുകൾ നടത്തുന്ന അഭ്യർഥനയെ അടിസ്ഥാനമാക്കി കേന്ദ്രഗവണ്മെന്റ് ഉത്തരവാകുന്നതായ ക്രിമിനൽ കേസുകളുടെയും അന്വേഷണ ച്ചുമതല സിബിഐക്കായിരിക്കും. ക്രിമിനൽ കുറ്റാന്വേഷണകാര്യങ്ങൾ സംബന്ധിച്ച് ഇന്റർപോളുമായും വിദേശരാജ്യങ്ങളിലെ പൊലീസുമായും സമ്പർക്കം പുലർത്തുന്നതിനും സഹകരിച്ചു പ്രവർത്തിക്കുന്നതിനുമുള്ള ചുമതലയും സിബിഐക്കുണ്ട്. ഡയറക്ടർ മേധാവിയായുള്ള സിബിഐക്ക് സംസ്ഥാനം തോറും യൂണിറ്റുകളുമുണ്ട്.

**എൻഐഎ**

ഭീകരപ്രവർത്തന വിരുദ്ധനിയമം നടപ്പിലാക്കുന്നതിനും ഭീകരപ്രവർത്തനങ്ങളോടു ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുതിനും അധികാരപ്പെട്ടതാണ് ദേശീയ കുറ്റാന്വേഷണവകുപ്പ് (National Investigation Agency-NIA). രാജ്യത്തെമ്പാടുമുള്ള തീവ്രവാദ ബന്ധ കേസുകളെപ്പറ്റി അതത് സംസ്ഥാനങ്ങളുടെ പ്രത്യേകാനുമതിയൊന്നും കൂടാതെ തന്നെയോ, അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാനം ആവശ്യപ്പെടുന്നതായാലോ അന്വേഷിക്കുന്നതിന് എൻഐഎക്ക് അധികാരമുണ്ട്.

രാജ്യത്തിന്റെ പരമാധികാരത്തെയോ അഖണ്ഡതയെയോ ചോദ്യം ചെയ്യുക, ഭീകരപ്രവർത്തനങ്ങൾക്ക് പണം നൽകുക, ഭീകരപ്രവർത്തനങ്ങൾക്ക് ആളുകളെ റിക്രൂട്ട് ചെയ്ത് അതിലേക്കുള്ള പരിശീലനം നൽകുക, ബോംബുകൾ, ഡൈനാമൈറ്റുകൾ തുടങ്ങിയവ പ്രയോഗിക്കുക, തീവയ്പ്പു നടത്തുക, വിമാനങ്ങൾ റാഞ്ചുക മുതലായവ ഉൾപ്പെടെ രാജ്യത്തിന്റെ ഏതു ഭാഗത്തും ഉണ്ടാകുന്ന ഇത്തരം ഭീകരപ്രവർത്തനങ്ങളെക്കുറിച്ച് എൻഐഎയെക്കൊണ്ട് അന്വേഷിപ്പിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര ഗവണ്മെന്റിന് അധികാരമുണ്ട്. ഇവയ്ക്കു പുറമെ കള്ളനോട്ടു കേസുകൾ, ആണവോർജ നിയമലംഘനക്കേസുകൾ മുതലായവയെക്കുറിച്ച് അന്വേഷിക്കുന്നതിനും എൻഐഎക്ക് അധികമുണ്ട്. എൻഐഎയുടെ അന്വേഷണങ്ങൾക്ക് സംസ്ഥാനങ്ങൾ എല്ലാവിധ സഹായങ്ങളും നൽകിയിരിക്കണം. തീവ്രവാദ ക്കേസുകളോ ഇതര കേസുകളോ അന്വേഷിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനുള്ള സംസ്ഥാന ഗവണ്മെന്റുകളു

ടെ അധികാരങ്ങളെ എൻഐഎ നിയമത്തിലെ അന്വേഷണവ്യവസ്ഥകൾ ഒരുവിധത്തിലും ബാധിക്കുന്നതല്ല.

വിപുലമായ അധികാരങ്ങളോടുകൂടിയ ഈ ദേശീയ കുറ്റാന്വേഷണ വകുപ്പ് 2008 ഡിസംബറിലാണ് നിലവിൽ വന്നത്. മുംബൈയിൽ 2008 നവംബർ 26ന് അരങ്ങേറിയ ഭീകരാക്രമണപരമ്പരയാണ് ഇത്തരം ദേശീയ കുറ്റാന്വേഷണവകുപ്പ് രൂപവൽക്കരിക്കാൻ കേന്ദ്ര സർക്കാരിനെ പ്രേരിപ്പിച്ചത്. എൻഐഎയുടെ മേധാവി ഡയറക്ടർ ജനറലാണ്. ഡൽഹിയാണ് ആസ്ഥാനം.

**ഇന്റർ പോൾ**

അംഗരാജ്യങ്ങളിലെ പൊലീസിനെ, രാജ്യാന്തരതലത്തിൽ നടത്തുന്ന കുറ്റാന്വേഷണങ്ങളിൽ സഹായിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള രാജ്യാന്തര ക്രിമിനൽ പൊലീസ് സംഘടനയാണ് ഇന്റർ പോൾ (Inter Pol). വിയന്ന ആസ്ഥാനമായി 1923ൽ രൂപവൽക്കരിക്കപ്പെട്ട ഇന്റർ പോൾ, പാരീസ് നഗരത്തിലുള്ള സെന്റ് കൗഡിലേക്ക് 1946ൽ ആസ്ഥാനം മാറ്റി. എന്നാൽ 1986 മെയ് മാസത്തിൽ നടന്ന ബോംബ് സ്ഫോടനത്തെത്തുടർന്ന് ഇന്റർ പോൾ ആസ്ഥാനം ഫ്രാൻസിലെ തന്നെ ലിയോൺ നഗരത്തിലേക്ക് മാറ്റുകയുണ്ടായി.

ക്രിമിനൽ കേസുകൾ തെളിയിക്കുന്നതിലുള്ള തന്ത്രങ്ങളിലൂടെയും വൈദഗ്ധ്യത്തിലൂടെയും നൈപുണ്യത്തിലൂടെയും ലോക പ്രസിദ്ധിയാർജിക്കാൻ കഴിഞ്ഞിട്ടുള്ള ബ്രിട്ടനിലെ സ്കോട്ട്ലൻഡ് യാഡി (ScotlandYard) നെക്കുറിച്ചും നാം മനസ്സിലാക്കേണ്ടതുണ്ട്. ലണ്ടൻ സിറ്റി പൊലീസിന്റെ ഈ സിഐഡി വിഭാഗം, സിറ്റി പൊലീസ് ആസ്ഥാനമായ ലണ്ടനിലെ സ്കോട്ട്ലൻഡ് യാഡിന്റെ പേരിലാണ് അറിയപ്പെടുന്നത്. ബ്രിട്ടനിലെമ്പാടുമുള്ള പൊലീസ്, ലണ്ടൻ നഗരത്തിലെ കുറ്റാന്വേഷണത്തിന്റെ എല്ലാവശങ്ങളും കൈകാര്യം ചെയ്യുന്ന ഈ സിഐഡി വിഭാഗത്തിന്റെ സഹായം വിഷമകരമായ കേസുകളിൽ തേടാറുണ്ട്.

**സിവിസി**

കേന്ദ്ര ഗവണ്മെന്റ്, കേന്ദ്ര ഗവണ്മെന്റ് സ്ഥാപനങ്ങൾ മുതലായവയിലെ ഉദ്യോഗസ്ഥന്മാർക്കെതിരായ അഴിമതിയാരോപണങ്ങളെപ്പറ്റിയും അവർക്കെതിരായ പരാതികളെക്കുറിച്ചും അഴിമതി നിരോധന നിയമവും ഇന്ത്യൻ ശിക്ഷാനിയമവും പ്രകാരമുള്ള അന്വേഷണം നടത്തി, ഗവണ്മെന്റിന് ശുപാർശകൾ സമർപ്പിക്കാൻ നിയുക്തമായിട്ടുള്ള സമിതിയാണ് കേന്ദ്ര വിജിലൻസ് കമ്മീഷൻ (Central Vigilance Commission-CVC). കേന്ദ്ര വിജിലൻസ് കമ്മീഷണർ അധ്യക്ഷനായുള്ള ഈ സമിതിയിൽ, രണ്ടു വിജിലൻസ് കമ്മീഷണർമാർ അംഗങ്ങളായുമുണ്ടായിരിക്കും. ഡൽഹിയാണ് കമ്മീഷന്റെ ആസ്ഥാനം.

**വിഎസിബി**

സംസ്ഥാന ഗവണ്മെന്റിന്റെ അഴിമതിനിരോധന-അഴിമതി വിരുദ്ധ പ്രവർത്തന വകുപ്പ് (Vigilance and Anti-Corruption Bureau- VACB). വിജിലൻസ് വകുപ്പ് എന്നാണ് പൊതുവെ ഇത് അറിയപ്പെടുന്നത്. സംസ്ഥാന ഗവണ്മെന്റ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ മുതലായവരുടെ അഴിമതി, പെരുമാറ്റദൂഷ്യം, അവർക്കെതിരായ പരാതികൾ മുതലായവയെക്കുറിച്ച് അന്വേഷണം നടത്തുകയാണ് ഈ വകുപ്പിന്റെ മുഖ്യചുമതല. വിജിലൻസ് വകുപ്പിന്റെയും ആന്റി കറപ്ഷൻ ബ്യൂറോയുടെയും മേധാവിയായ വിജിലൻസ് ഡയറക്ടറാണ് വകുപ്പധ്യക്ഷൻ. സംസ്ഥാന ആഭ്യന്തരവകുപ്പിന്റെ കീഴിലാണ് ഈ വകുപ്പിന്റെ പ്രവർത്തനം.

**സിഇഐബി**

രാജ്യത്തെ സാമ്പത്തിക കുറ്റകൃത്യങ്ങളെപ്പറ്റി രഹസ്യാന്വേഷണം നടത്തുന്ന മൂന്നു മുഖ്യവകുപ്പുകളിൽ ഒന്നാണ് കേന്ദ്ര സാമ്പത്തിക രഹസ്യാന്വേഷണ വകുപ്പ് (Central Economic Intelligence Bureau E IB). കള്ളക്കടത്ത്, നികുതിവെട്ടിപ്പ്, കുഴൽപ്പണം ഇടപാട്, കള്ളപ്പണം വെളുപ്പിക്കൽ, സാമ്പത്തിക വഞ്ചന മുതലായ, രാജ്യത്ത് നടമാടുന്ന വിവിധങ്ങളായ സാമ്പത്തിക കുറ്റകൃത്യങ്ങൾ സംബന്ധിച്ച രഹസ്യ വിവരങ്ങൾ ശേഖരിച്ച്, സാമ്പത്തിക ധനകാര്യവകുപ്പിലെ, ഇത്തരം കുറ്റങ്ങൾ കൈകാര്യം ചെയ്യുന്ന വിഭാഗങ്ങൾക്ക് ഇവയെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകുക, സാമ്പത്തിക കുറ്റങ്ങളോടും അതിൽ ഏർപ്പെടുന്നവരോടും പൊരുതുക, ഇത്തരം കുറ്റങ്ങളെക്കുറിച്ചുള്ള അന്വേഷണം ഏറ്റെടുത്തു നടത്തുക, സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വിദേശനാണ്യസംരക്ഷണവും കള്ളക്കടത്തു നിരോധനവും സംബന്ധിച്ച നിയമം (കോഫെപോസ) പൂർണമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുക മുതലായവ സിഇഐബിയുടെ ചുമതലകളിൽപ്പെടുന്നു. ഡയറക്ടർ ജനറൽ ആണ് മേധാവി. ഡൽഹിയാണ് ആസ്ഥാനം.

*(അവലംബം)*



# ഏകീകൃത സിവിൽ കോഡ്;
# നേതാക്കൾ പക്വതയോടെ പ്രതികരിക്കണം

ടി.കെ അശ്റഫ്
81118 07199

കോൺഗ്രസ് നേതാവ് ശശി തരൂർ ഏകീകൃത സിവിൽ കോഡിനെ സംബന്ധിച്ച് ചാനലിനോട് പ്രതികരിച്ചത് കാണുകയുണ്ടായി. ഡ്രാഫ്റ്റ് വരട്ടെ; കാത്തിരിക്കാം എന്നാണ് അദ്ദേഹത്തിന്റെ നിലപാട് എന്ന് വ്യക്തമാക്കുന്നതായിരുന്നു പ്രതികരണം. അതിനുമുമ്പ് ബിജെപിയുടെ കെണിയിൽ തല വെച്ച് കൊടുക്കരുത് എന്നും അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഇത്രയും പറഞ്ഞത് മനസ്സിലാക്കാം. കോൺഗ്രസ് ദേശീയതലത്തിൽ എടുത്ത നയത്തോട് ചേർന്ന് നിൽക്കുന്ന നിലപാടുമാണിത്.

എന്നാൽ അതിനുശേഷം അദ്ദേഹം പറയുന്ന വാക്കുകളിൽ അപകടം പതിയിരിക്കുന്നുണ്ട്. ഡ്രാഫ്റ്റ് കൊണ്ടുവന്നാൽതന്നെ സമുദായ നേതാക്കളെയെല്ലാം കണ്ട് സംസാരിച്ചശേഷം സ്റ്റേക്ക് ഹോൾഡേഴ്സിനെ ഒരുമിച്ചിരുത്തിയാൽ മാത്രമെ ഇത് നടപ്പാക്കാൻ സാധ്യതയുള്ളൂ എന്നാണ് അദ്ദേഹത്തിന്റെ കൂട്ടിച്ചേർക്കൽ. ഇതെല്ലാം ഈ പറയും പോലെ സുതാര്യമായി ബി.ജെ.പി ചെയ്യുമെന്ന അദ്ദേഹത്തിന്റെ ആത്മവിശ്വാസം കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്. മാത്രവുമല്ല; മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം വ്യക്തിനിയമം ചർച്ചയിലൂടെ പരിഷ്കരിക്കാൻ കഴിയുന്ന കാര്യങ്ങളല്ലെന്ന് ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും ഗ്രന്ഥം രചിക്കുകയും ഒട്ടേറെ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്ത ശശി തരൂരിന് അറിയാതിരിക്കില്ലല്ലോ.

രണ്ട് നിരീക്ഷണങ്ങൾ ഇവിടെയുണ്ട്; ഇത് ഇലക്ഷൻവരെയുള്ള ഒരു തുറുപ്പുചീട്ട് മാത്രമാണെന്നും കരട് വരികയോ നടപ്പാക്കുകയോ ചെയ്യില്ല എന്നുമാണ് ഒന്ന്.

ബാബരി മസ്ജിദ് തകർത്ത് രാമക്ഷേത്രം നിർമിക്കും, കാശ്മീരിന് പ്രത്യേക പദവി നൽകുന്ന 370ാം വകുപ്പ് എടുത്തു കളയും, ഏക സിവിൽ കോഡ് നടപ്പിലാക്കും എന്നീ ബി.ജെ.പിയുടെ അജണ്ടകളിൽ ആദ്യത്ത രണ്ടെണ്ണം അവർ നടപ്പാക്കിക്കഴിഞ്ഞു. സ്വാഭാവികമായും അടുത്തതും പെട്ടെന്ന് ഒരു ബില്ലുമായി വന്നു നടപ്പാക്കിയതായി പ്രഖ്യാപിക്കും എന്നതാണ് രണ്ടാമത്തെ നിരീക്ഷണം.

ഇത് രണ്ടും പരിഗണിച്ചുകൊണ്ടുള്ള ഒരു സ്ട്രാറ്റജിയാണ് മതനിരപേക്ഷ പക്ഷത്തുനിന്ന് ഉണ്ടാകേണ്ടത്. അമിതാവേശവും അമിതആത്മവിശ്വാസവും ദോഷം ചെയ്യും. വലിയ ബഹുജന പ്രക്ഷോഭമായി തെരുവിൽ ഏക സിവിൽ കോഡ് വിഷയം ഉയർത്തിക്കൊണ്ടുവന്ന് മോദിയുടെ ഭരണപരാജയം മറച്ചുപിടിച്ച് രക്ഷപ്പെടാനും പ്രതിപക്ഷനിരയിൽ വിള്ളൽ വീഴാനും ഇപ്പോൾ അവസരം നൽകരുത്.

അതോടൊപ്പം, വളരെ ശ്രദ്ധയോടെ കേന്ദ്ര സർക്കാറിന്റെ നീക്കങ്ങൾ നിരീക്ഷിച്ച് രാഷ്ട്രീയ കരുക്കൾ നീക്കാൻ പാർട്ടികൾ ജാഗ്രത പുലർത്തുകയും വേണം. കരട് വരട്ടെയെന്ന ഒറ്റവാക്കിൽ ഏകസിവിൽ കോഡിന്റെ വാതിൽ അടച്ചുവെക്കുന്നത് അപകടം വിളിച്ച് വരുത്തലാണ്. പൊതുജനങ്ങളെ ബിജെപിയുടെ കെണിയെക്കുറിച്ച് ബോധവൽക്കരിക്കുന്ന ചർച്ചകളും ബൗദ്ധിക സംവാദങ്ങളും നടക്കുകയും വേണം.

ഏത് സമയത്തും എന്ത് നീക്കവും നടത്താൻ പാകത്തിൽ എണ്ണയിട്ട യന്ത്രംപോലെ മതേതര പാർട്ടികൾ സജ്ജമായിരിക്കണം. അതിനാവശ്യമായ കൂടിയാലോചനകളും ചർച്ചകളും നടക്കണം. കേരളത്തിൽ കോൺഗ്രസ് ഈ ജാഗ്രത കൈക്കൊണ്ടിട്ടുണ്ട് എന്നാണ് മനസ്സിലാകുന്നത്. ഈ സാഹചര്യം ഒട്ടും പരിഗണിക്കാതെയുള്ള സംസാരമാണ് ശശി തരൂർ നടത്തിയത്. പ്രതിപക്ഷ നേതാവ് ശശി തരൂരിന്റെ നിലപാടിനെ ഉടനെ തള്ളിപ്പറഞ്ഞത് കേരളത്തിന്റെ മനസ്സറിഞ്ഞുകൊണ്ടുള്ള നിലപാടായി.

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**


WISDOM BOOKS

PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
29 JULY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




To the right goal...
Through the right path...

27th

WISDOM

# PROFCON

2023 **SEPTEMBER** 8 9 10

# KOZHIKODE



WISDOM **students** wisdomstudents 81568 12292 www.profcon.in